"നിനക്കു തുടർച്ചയായി മനസ്സിനെ ഏകാഗ്രമായി വച്ചുകൊണ്ടിരിക്കുവാൻ സാധിച്ചില്ലെങ്കിൽ ചിലപ്പോഴെങ്കിലും, ദിവസത്തിൽ ഒരിക്കലെങ്കിലും, കാലത്തോ വൈകിട്ടോ അപ്രകാരം ചെയ്യുക. കാലത്തെ നിൻെറ കാര്യപരിപാടി നിശ്ചയിക്കുക; വൈകുന്നേരം നിൻെറ നടത്തയിൽ—വിചാരം, വാക്ക്, പ്രവൃത്തി ഇവയിൽ—നീ അതു എങ്ങനെ നിർവഹിച്ചുവെന്നു പരിശോധിക്കുക."

—ക്രിസ്ത്വനുകരണം

# സത്യദീപം

"ആകയാൽ അസത്യം നിങ്ങളിൽനിന്നു നീക്കിക്കളയുകയും ഓരോരുത്തനും തൻെറ അയൽക്കാരനോട് സത്യം സംസാരിക്കുകയും ചെയ്യുവിൻ, നാം പരസ്പരം അവയവങ്ങളാകുന്നുവല്ലോ. നിങ്ങൾ കോപിക്കുവിൻ, എന്നാൽ പാപം ചെയ്യരുത്. നിങ്ങളുടെ കോപത്തിന്മേൽ സൂര്യൻ അസ്തമിക്കരുത്. നിങ്ങൾ പിശാചിനു ഇടംകൊടുക്കുകയുമരുത്."

—അപ്പൊ: IV: 25—27

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ഒക്ടോബർ 16—ബുധനാഴ്ച | Vol. 31, No. 10

# വിശ്വവ്യാപകമായ അപ്പസ്തോലവേലയിൽ കത്തോലിക്കർ ഉൽസുകരാകണം

## (ആർച്ചുബിഷപ്പ് സിഗിസ്മോണ്ടി തിരുമനസ്സിലെ ആഹ്വാനം)

അത്യാസന്നമായിരിക്കുന്ന "മിഷൻ സൺഡേ" സംബന്ധിച്ചു "പൊന്തിഫിക്കൽ മിഷൻ സംഘടനക"ളുടെ പ്രസിഡണ്ടും, "ദെ പ്രൊപ്പഗാന്താ ഫിദെ" തിരുസംഘം സിക്രട്ടറിയുമായ ആർച്ചുബിഷപ്പ് മോസ്റ്റ് റവ. പീററർ സിഗിസ്മോണ്ടി തിരുമനസ്സുകൊണ്ട് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ആഹ്വാനമാണ് താഴെ ചേർക്കുന്നത്.

പ്രതിവർഷം നിങ്ങളുടെയെല്ലാം സഹായം അഭ്യർത്ഥിക്കുവാൻ എനിക്കു കൈവരുന്ന ഒരു പ്രത്യേകാവസരമാണ് മിഷൻ സൺഡേ. എന്നാൽ ഇക്കൊല്ലം, ഇക്കാര്യത്തിൽ ഗുരുതരമായ നിങ്ങളുടെ ഉത്തരവാദിത്വത്തെ തട്ടിയുണർത്തുന്നതിനു പര്യാപ്തമായ ഒരു രേഖയോടുകൂടി നിങ്ങളെ സമീപിക്കുന്നതിനാണ് ഞാൻ ഉദ്യുക്തനാകുന്നത്. കത്തോലിക്കാ മിഷൻ രംഗങ്ങളിലെ ആധുനിക സ്ഥിതിഗതികളെ സംബന്ധിച്ച് ഏതാനും മാസങ്ങൾക്കു മുമ്പ് "ഫിദെയി ദോണും" എന്ന അഭിധാനത്തിൽ പ്രസിദ്ധീകൃതമായ ചാക്രികലേഖനമാണ് പ്രസ്തുത നവീന രേഖ. ഈ ചരിത്രപ്രസിദ്ധമായ രേഖയുടെ വെളിച്ചത്തിൽ, നമ്മുടെ മിഷ്യൻരംഗം നിങ്ങൾക്കെന്തുതരുന്നു എന്നും അതു നിങ്ങളിൽനിന്ന് എന്തു പ്രതീക്ഷിക്കുന്നു എന്നും ഉള്ള വസ്തുതകളെ നിങ്ങളുടെ പരിചിന്തനത്തിനു വിഷയീഭവിപ്പിക്കുന്നതിനാണ് ഞാനഭിലഷിക്കുന്നത്.

നിങ്ങളുടെ ക്രിസ്തീയമായ ദൈവവിളിയെ പരിപുഷ്ടമാക്കുന്നതിനുള്ള സാദ്ധ്യതകളാണ് മിഷ്യനുകൾ നിങ്ങൾക്കു പ്രദാനം ചെയ്യുന്നത്. ലോകത്തിൻെറ അതിർത്തികൾവരെയും സുവിശേഷത്തിനു സാക്ഷ്യം വഹിക്കുകയും, വ്യക്തിപരിഗണന കൂടാതെ സകല മനുഷ്യരുടെയും നേർക്കു ദൈവത്തിനുള്ള സീമാതീതമായ സ്നേഹത്തിൻെറ സന്തോഷകരമായ സന്ദേശം സകല ജനതകളെയും അറിയിക്കുകയും ചെയ്യുക എന്നുള്ളതാണ് ക്രിസ്ത്യാനികൾക്കു നിർവ്വഹിക്കാനുള്ള കർത്തവ്യം......

നിങ്ങളുടെ ആദ്ധ്യാത്മികജീവിതത്തിൻെറ പ്രാധാന്യത്തെ വർദ്ധിപ്പിക്കുന്നതിനും അതിനുവേണ്ട പ്രോത്സാഹനങ്ങൾ പ്രദാനം ചെയ്യുന്നതിനുമുള്ള ഒരുപാധിയാണ് മിഷൻ പ്രവർത്തനം. സകല മനുഷ്യരേയും രക്ഷിക്കുന്നതിനുവേണ്ടിയുള്ള സംരംഭത്തിൽ ക്രിസ്തുനാഥനോടു സഹകരിക്കുവാൻ അവിടുന്നു നമുക്കു നൽകുന്ന ആഹ്വാനത്തെ വ്യക്തമായി മനസ്സിലാക്കുക എന്നതിനേക്കാൾ, ധാർമ്മികജീവിതത്തിൽ നാം നേരിടേണ്ടിവരുന്ന സമരത്തിൽ നമ്മുടെ കഴിവുകളെ സംഭരിക്കുന്നതിനും നമ്മുടെ ആദ്ധ്യാത്മികചൈതന്യത്തെ ഉത്തേജിപ്പിക്കുന്നതിനും കൂടുതൽ പ്രേരകമായ വേറൊരു മാർഗ്ഗവുമില്ല. കൂടാതെയും, മിഷ്യനറിമാരുടെ അപ്പസ്തോലികവേലകളേയും, ക്ലേശങ്ങളേയും, ത്യാഗങ്ങളേയും പററി ആത്മാർത്ഥമായി ചിന്തിക്കുന്ന മനസ്സാക്ഷിയുള്ള ഒരു ക്രിസ്ത്യാനിയും സുഖപ്രദമായ ഒരു ജീവിതസ

രണിയെ അവലംബിക്കാമെന്നു വിചാരിക്കുക അസാദ്ധ്യമാണ്; തീർച്ചയായും അവൻ നിരർത്ഥകമോ അലസമോ ആയ ഒന്നു തിരിഞ്ഞെടുക്കുകയില്ല......

അവസാനമായി മിഷ്യൻപ്രവർത്തനങ്ങൾ പ്രദാനം ചെയ്യുന്ന ഏററവും വിലതീരാത്ത ഒരനുഗ്രഹം അവ മനുഷ്യർ തമ്മിലുള്ള ധാരണയെ പരിപുഷ്ടമാക്കുന്നതി

ക്രിസ്ത്യാനികളിൽതന്നെ ഭൂരിഭാഗത്തിനും മിഷനുകളെപ്പററിയുള്ള അറിവ് വളരെ ഉപരിപ്ലവമാണ്. ഒന്നിനോട് സ്നേഹമുണ്ടാകണമെങ്കിൽ അതേപ്പററിയുള്ള അറിവുണ്ടാകണം. അതുകൊണ്ട് മിഷൻ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനും, മിക്കവാറും എല്ലാ രാജ്യങ്ങളിലും കാലാകാലങ്ങളിൽ നടത്തപ്പെടുന്ന മിഷൻപ്രദ

ഫുല്ലമാകുന്ന മിഷണറിദൈവവിളികളെ നിങ്ങൾ സർവ്വോപരി പ്രോത്സാഹിപ്പിക്കുക

പരിശുദ്ധ പിതാവ് പ്രസ്താവിച്ചിട്ടുള്ളതുപോലെ, നിരീശ്വരപരമായ മററീരിയലിസം മിഷൻ രാജ്യങ്ങളിലും അതിൻെറ ചരിദ്രശക്തികളെ പ്രചരിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. ജനഹൃദയങ്ങളിൽ വികാരങ്ങളെ തട്ടിയുണർത്തിക്കൊ




**അലസമായ ജനത നിദ്രവിട്ടുണരണം**

**(വേദപ്രചാരഞായർ—ഒക്ടോബർ 20)**

ന്നു സഹായിക്കുന്നു എന്നുള്ളതാണ്. തിരുസഭയുടെ സജീവമായ ഐക്യത്തിൻെറ സിദ്ധാന്തം പ്രത്യേകതാല്പര്യങ്ങൾക്കും, ആദർശങ്ങൾക്കും; വർഗ്ഗങ്ങൾക്കും അതീതമായി നിന്നുകൊണ്ട് സത്യത്തിൽ മനസ്സിൻെറ ഐക്യത്തെയും സ്നേഹത്തിൽ ഹൃദയത്തിൻെറ ഐക്യത്തേയും സാർത്ഥകമാക്കുന്നു. ആധുനിക വ്യവസ്ഥിതിയെ ഉത്തേജിപ്പിക്കുകയും ശുദ്ധീകരിക്കുകയും പവിത്രീകരിക്കുകയും ചെയ്യുന്നതിന്, നീതിയിലും സ്നേഹത്തിലും ബന്ധിതമായ ഒരു ക്രിസ്തീയ ചൈതന്യമുണ്ടായിരുന്നില്ലെങ്കിൽ ഭൂഖണ്ഡങ്ങളും വർഗ്ഗങ്ങളും തമ്മിൽ ഭയാനകമായ സംഘട്ടനങ്ങൾ അനിവാര്യങ്ങളായി തീരുമായിരുന്നു.

ശ്നത്തിൽ കാണുന്നതിനും, ഇന്നത്തെ ക്രിസ്ത്യാനികൾക്കു ഇന്നത്തെ മിഷൻ പ്രശ്നങ്ങളെപ്പററി അറിവുനൽകുക എന്ന മുഖ്യ ഉദ്ദേശത്തോടുകൂടി സ്ഥാപിതമായിട്ടുള്ള പോണ്ടിഫിക്കൽ മിഷൻ സഹായസംഘങ്ങളിൽ ചേരുന്നതിനും നിങ്ങളെ ഞാൻ ഉൽബോധിപ്പിച്ചുകൊള്ളട്ടെ. മിഷൻ പ്രവർത്തനത്തിലുള്ള നിങ്ങളുടെ താല്പര്യത്തെ പ്രകടമാക്കുന്നതിനു കഴിവുള്ള എല്ലാം മാർഗ്ഗങ്ങളെയും നിങ്ങൾ ആലംബമാക്കുവിൻ. നിങ്ങളുടെ സ്നേഹിതന്മാരുമായുള്ള സംഭാഷണങ്ങളിൽ മിഷൻപ്രവർത്തനം സർവ്വസാധാരണമായ ഒരു വിഷയമാകട്ടെ. നിങ്ങളുടെ സന്താനങ്ങളിൽ പ്രത്യേകിച്ചും, യുവജനങ്ങളിൽ പൊതുവേയും പ്ര

ണ്ടും, ജനങ്ങളെയും ജാതികളെയും തമ്മിൽ തമ്മിൽ എതിരായി അണിനിരത്തിക്കൊണ്ടും, യഥാർത്ഥത്തിലുള്ള വിഷമപ്രശ്നങ്ങൾക്കു സാങ്കല്പികമായ നിറംകൊടുത്തു മനുഷ്യാത്മാവുകളെ വഞ്ചിച്ചുകൊണ്ടും, വിപ്ലവാസക്തി ജനങ്ങളിൽ കത്തിവച്ചുകൊണ്ടും അവരതു സാധിക്കുന്നു. മിഷൻ രാജ്യങ്ങളിൽ ക്രിസ്തുമതത്തിൻെറ പ്രചാരണത്തിനു പ്രതിബന്ധമായി നില്ക്കുന്ന നിരവധി കാരണങ്ങളോടൊത്തുചേർന്നിരിക്കുന്ന ഈ പ്രതിബന്ധത്തെ സംബന്ധിച്ചും, വിശുദ്ധ സുവിശേഷത്തിലെ വാക്യമനുസ്മരിച്ചുകൊണ്ടു പറയാവുന്നതു, ഇതു പ്രാർത്ഥനയും തപസ്സും മൂലം മാത്രമേ ജയിക്കുവാൻ സാധിക്കൂ എന്നാണ്.

മിഷ്യൻ രംഗത്തു ഇപ്പോൾ നിർവ്വഹിക്കുവാൻ സാധിക്കുന്ന പ്രവർത്തനത്തിൻെറ അളവ് അവിടെ നിർവ്വഹിക്കപ്പെടേണ്ട ജോലിയോടു തുലനം ചെയ്താൽ വളരെ തുച്ഛമാണെന്നു പരിശുദ്ധ പിതാവ് വിശദമാക്കുകയുണ്ടായിട്ടുണ്ട്. മിഷൻ രാജ്യങ്ങളിലുള്ള പല ക്രിസ്തീയ സമൂഹങ്ങളുടെയും ഭാവി എന്തായിരിക്കുമെന്നു അടുത്ത ഏതാനും ചുരുങ്ങിയ കൊല്ലങ്ങൾക്കുള്ളിൽ നിർണ്ണയിക്കപ്പെടുന്ന ഒരു സാഹചര്യമാണ് ഇന്നു വന്നുചേർന്നിരിക്കുന്നത്. അതുകൊണ്ട് ലോകത്താകെയുള്ള മിഷ്യൻ പ്രശ്നത്തിൻെറ ഗൗരവത്തെപ്പററി അവബോധമുള്ള കത്തോലിക്കർ ഒരിക്കൽമാത്രം എന്നെങ്കിലും തുച്ഛമായ ഒരു സഹായം ചെയ്തു സംതൃപ്തരായി അലസമായി അടങ്ങിയിരിക്കുവാൻ സാദ്ധ്യമല്ല. ഈ വിധത്തിൽ മിഷൻ സൺഡേയെ വീക്ഷിക്കുകയും, ക്ഷണേന അതിനെ മറന്നുകളയാതെ അവഗാഢമായ അനുദിന ശ്രദ്ധയുടെ കേന്ദ്രമാക്കി അതിനെ പരിവർത്തനം ചെയ്യുകയും ചെയ്യണം. "ദെ പ്രൊപ്പഗാന്ത ഫിദെ" തിരുസംഘത്തെ ആശ്രയിച്ചു നില്ക്കുന്ന 700 മിഷൻ രംഗങ്ങളിൽ ക്രിസ്തുവിൻെറ രാജ്യം സമാഗതമാകുന്നതിനു നിങ്ങളുടെ സഹായസഹകരണങ്ങൾകൂടി ആവശ്യമായിരിക്കുന്നു എന്നതത്രെ ദൈവതിരുവുള്ളം.

—o—

## വൈദികവിദ്യാർത്ഥികളോട് മാർപ്പാപ്പാ

ഫ്രാൻസിലെ മൈനർ സെമ്മിനാരികളിൽ പഠിച്ചുകൊണ്ടിരിക്കുന്ന 3500 വൈദികവിദ്യാർത്ഥികൾ കാസ്റ്റൽ ഗണ്ടോൾഫോയിൽ ചെന്നു പരിശുദ്ധപിതാവിനെ സന്ദർശിച്ചപ്പോൾ തിരുമേനി അവരോടു പറഞ്ഞു:- "കത്തോലിക്കാ പൗരോഹിത്യം തിരുസഭയിലെ പരിശുദ്ധതമമായ ഒരു മഹിമയാണെന്നു യഥാർത്ഥത്തിൽ പറയാം. സഭയുടെ വിശുദ്ധിയുടെ ഏററവും ശ്രദ്ധാർഹമായ അടയാളവും അതാണ്. ദൈവത്തെ മനുഷ്യർക്കും, മനുഷ്യരെ ദൈവത്തിനും പ്രദാനംചെയ്യുക എന്നതാണ് മഹനീയമായ അതിൻെറ കർത്തവ്യം. ദൈവത്തിൻെറ പ്രത്യേകമായ അനുഗ്രഹമില്ലാതെ അതു നിർവ്വഹിക്കപ്പെടാവുന്നതല്ല. എക്കാലത്തും എന്നപോലെ ഇന്നും മനുഷ്യനു ഏററവുമധികം ആവശ്യമായിരിക്കുന്നത്, ചരിത്രത്തിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന സത്യദൈവത്തെ അറിയുകയും സ്നേഹിക്കുകയുമാണ്."

## രക്തസാക്ഷിത്വരംഗം കണ്ടുപിടിച്ചു

ഫ്രാൻസിൽ ലിയോൺസ് എന്ന സ്ഥലത്തു നടത്തിയ ഗവേഷണങ്ങളുടെ ഫലമായി രണ്ടാം നൂററാണ്ടിൽ വിശുദ്ധ പോത്തിനൂസും കൂട്ടരും വേദസാക്ഷിമകുടം സ്വീകരിച്ച വധരംഗം കണ്ടുപിടിച്ചിരിക്കുന്നു. മാർക്കൂസ് അവുറേലിയൂസ് ചക്രവർത്തിയുടെ കാലത്ത് 177-ലാണ് 90 വയസ്സുള്ള വൃദ്ധമെത്രാനായിരുന്ന വി. പോത്തിനൂസും അനേകം ക്രിസ്ത്യാനികളും ഒന്നിച്ചുവധിക്കപ്പെട്ടതു്.

# യേശുവിന്റെ ലോകസേവനവും മറിയവും

(പ്രൊഫ. പി. വട്ടക്കുഴി, ബി. ഏ.)

കാനായിലെ അത്ഭുതത്തെ തുടർന്നു് യേശു അനവധി അത്ഭുതങ്ങൾ പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ സർവ്വശക്തമായ വാക്കിന്റെ ഫലമായി കൊടുങ്കാററുകൾ ശമിക്കുകയും, സകലവിധ വ്യാധികളും ഉന്മൂലനം ചെയ്യപ്പെടുകയും, പിശാചുബാധയിൽനിന്നു് മനുഷ്യർ മോചിക്കപ്പെടുകയും, മൃതശരീരങ്ങൾ കല്ലറകളിൽനിന്നു് സജീവങ്ങളായി പുനരുത്ഥാനംചെയ്യുകയുംചെയ്തു. ജനങ്ങൾ അദ്ദേഹത്തെ ഒരു നോക്കുകാണുന്നതിനും അദ്ദേഹത്തിന്റെ വചനാമൃതം ആസ്വദിക്കുന്നതിനും നാനാഭാഗങ്ങളിൽനിന്നും അദ്ദേഹത്തിന്റെ അടുക്കലേക്കു് കൂട്ടംകൂട്ടമായി വന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഉടുപ്പിന്റെ അററത്തു് ഒന്നു തൊടുന്നതിനും അദ്ദേഹത്തിന്റെ കടാക്ഷവീക്ഷണത്തിനു് വിഷയമാകുന്നതിനും ഉൽകണ്ഠിതരും ആയുരാരോഗ്യപ്രാർത്ഥികളുമായ നിരവധിജനങ്ങളാൽ അദ്ദേഹത്തിന്റെ സഞ്ചാരസരണികൾ പ്രതിരുദ്ധമായിരുന്നു.

കാനായിൽനിന്നു് കഫർനാമിലേക്കുള്ള യാത്രയിൽ മേരി യേശുവിനെ അനുഗമിച്ചിരുന്നുവെങ്കിലും, അദ്ദേഹത്തിന്റെ അനന്തരപര്യടനങ്ങളിൽ മാതാവു് അനുയായിനിയായിരുന്നില്ല. പക്ഷെ മകന്റെ അപദാനങ്ങളെപ്പററി അവർക്കു് അപ്പോഴപ്പോൾ അറിവുകിട്ടിക്കൊണ്ടിരുന്നു. അതു് അവർക്കു് ആനന്ദപ്രദമായിരുന്നുവെങ്കിലും അവരുടെ മനസ്സിൽ അല്പം അസ്വാസ്ഥ്യം ഉളവാക്കാതിരുന്നില്ല. ആ അസ്വാസ്ഥ്യത്തിനു് മതിയായ കാരണവുമുണ്ടായിരുന്നു. ജനതതി ആഹ്ളാദഭരിതമായി മിശിഹായെ സർവ്വത്ര അനുഗമിച്ചു. എന്നാൽ ഫരിസ്യപ്രഭൃതികൾ അദ്ദേഹത്തിന്റെ ജീവിതരീതിയേയും ഉപദേശങ്ങളേയും വിദ്വേഷപൂർവ്വം അപലപിക്കുകയായിരുന്നു. അവരുടെ ദൃഷ്ടിയിൽ അദ്ദേഹം പാപവിമോചനംചെയ്തതു് നിന്ദ്യമായ ദൈവദൂഷണവും, പാപികളോടു് സഹവസിച്ചതും അവരെ സംസ്കരിച്ചതും അചിന്ത്യമായ നികൃഷ്ടതയും, ശാബതദിവസത്തിൽ രോഗശാന്തി നൽകിയതു് അക്ഷന്തവ്യമായ നിയമലംഘനവുമായി കാണപ്പെട്ടു. അദ്ദേഹത്തിന്റെ ധർമ്മോപദേശങ്ങൾ പ്രശാന്തസുന്ദരമായ ഹിമവർഷംപോലെ അദ്ദേഹത്തിന്റെ അധരങ്ങളിൽനിന്നു് സുമധുരമായി പൊഴിഞ്ഞു; വിനയം, ക്ഷമ, ത്യാഗം, ദാരിദ്ര്യം, ഔദാര്യം, സാർവ്വലൗകികമായ സ്നേഹം മുതലായ ഗുണങ്ങളുടെ ഔൽകൃഷ്ട്യത്തെപ്പററി അദ്ദേഹം പ്രസംഗിച്ചു. ഏതാദൃശങ്ങളായ ധർമ്മസിദ്ധാന്തങ്ങളെ അദ്ദേഹം എത്രമാത്രം വിജയകരമായി പ്രചരിപ്പിച്ചുവോ, അത്രമാത്രം പ്രബലന്മാരായ ശത്രുക്കളേയും അദ്ദേഹം സമ്പാദിച്ചു. ഫരിസ്യർ, സദ്ദുചൃർ, പുരോഹിതപ്രമാണികൾ മുതലായ ജനനേതാക്കന്മാർ പരസ്പരം വിരോധികളായിരുന്നുവെങ്കിലും, അവരുടെ എല്ലാവരുടേയും ദൂഷ്യങ്ങളെ നിർഭയം ചൂണ്ടിക്കാണിച്ചു പ്രസംഗിച്ച ആ യുവധർമ്മവീരനെ പ്രതിഷേധിക്കുന്നതിൽ അവർ ഏകോപിച്ചു. അവർ അവരുടെ സർവ്വശക്തികളും ഉപയോഗിച്ചു് അദ്ദേഹത്തെ ഉപദ്രവിക്കുന്നതിനും ഹനിക്കുന്നതിനുപോലും ബദ്ധപരികരായി. ചിലർ അദ്ദേഹംഒരു ദാംഭികനായ മ്ലേച്ഛനാണെന്നും മററു ചിലർ അദ്ദേഹം വെറുമൊരു ഭ്രാന്തനാണെന്നും പറഞ്ഞു് അദ്ദേഹത്തെ ഹസിക്കുകയും അധിക്ഷേപിക്കുകയുംചെയ്തു. ജനസാമാന്യം അദ്ദേഹത്തിനു് നൽകിയ ബഹുമതിയും പ്രശംസയും കണ്ടിട്ടു് അസൂയാകലുഷിതരായ പുരോഹിതപ്രമുഖന്മാർ അദ്ദേഹത്തിന്റെ അത്ഭുതങ്ങളുടെ യാഥാർത്ഥ്യത്തെ നിഷേധിക്കാൻ സാധിക്കാതെ അമ്പരന്നു് അവ പൈശാചികശക്തിയാൽ പ്രവർത്തിക്കപ്പെടുന്നവയാണെന്നു് അപവദിച്ചു.

സ്വപുത്രനെപ്പററിയുള്ള വിദ്വേഷപരമായ ഈ അപവാദങ്ങൾ മേരിയെ അസ്വസ്ഥചിത്തയാക്കി. ഏററവും സമീപവർത്തികളായ സ്വജനങ്ങളുടെ പെരുമാററം പോലും ആ സാധ്വിക്കു് ആശ്വാസജനകമായിരുന്നില്ല. ഗലീലേയായിലെ ജനപദങ്ങളിൽ നസറത്തിനെപ്പോലെ യേശുവിനോടു വിദ്വേഷം പ്രദർശിപ്പിച്ചതായി മററു യാതൊരു ജനപദവുമുണ്ടായിരുന്നില്ല. നസറെത്തിലെ കുടുംബങ്ങളിൽ യേശുവിന്റെ കുടുംബത്തെപ്പോലെ അദ്ദേഹത്തെ പ്രത്യക്ഷത്തിൽ തെററിദ്ധരിക്കുകയും വിശ്വസിക്കാൻ കഴിവില്ലാതിരിക്കുകയും ചെയ്ത മററു യാതൊരു കുടുംബവും ഉണ്ടായിരുന്നില്ല. യേശുവിന്റെ ദിവ്യോത്ഭവത്തേയും മേരിയുടെ കന്യാമാതൃത്വത്തേയും പററി അവരുടെ ഏററവും അടുത്ത സംബന്ധികൾക്കുപോലും അറിയാൻ പാടില്ലാതിരുന്നതിനാലും, അദ്ദേഹത്തിന്റെ ശൈശവത്തിൽ ദിവ്യത്വപ്രകാശകങ്ങളായി നടന്ന അത്ഭുതങ്ങളുടെ രംഗം ദേശാന്തരങ്ങളായിരുന്നതിനാലും, കേവലം ഒരു കമ്മാളന്റെ മകനെന്നു് അവർ ധരിച്ചിരുന്ന ആ സാക്ഷാൽ ദൈവപുത്രനിൽ അനന്യസാധാരണമായി എന്തെങ്കിലും ഉണ്ടായിരുന്നതായി അവർ കണ്ടില്ല. അവരുടെ ഇടയിൽ അവരെപ്പോലെ ഉടുത്തും തിന്നും, അവരെക്കാളും ദരിദ്രരീതിയിലും കഷ്ടപ്പെട്ടു കൂലിവേലചെയ്തും വളന്ന വിദ്യാവിഹീനനായ ഒരു യഹൂദയുവാവായിട്ടു മാത്രമേ യേശുവിനെ അവർ പരിഗണിച്ചുള്ളു. ദാരിദ്ര്യത്തിന്റെ നികൃഷ്ടതയെ പരിഹരിച്ചു് അതിനു് ഔൽകൃഷ്ട്യത്തെ പ്രദാനംചെയ്യുന്നതിനായി അദ്ദേഹം അതിനെ സ്വയം വരിച്ചതിന്റെ വൈഷമ്യം അദ്ദേഹം അവശ്യം അനുഭവിച്ചു. "അദ്ദേഹത്തിന്റെ സോദരന്മാർ അദ്ദേഹത്തിൽ വിശ്വസിച്ചില്ല" എന്നു സുവിശേഷകാരൻ പറയുന്നു. യേശുവിനെ ഗലീലേയാ ഒട്ടുക്കു് ജനതതി "ദാവിദിന്റെ പുത്രൻ" എന്ന അഭിധാനത്താൽ സംബോധനം ചെയ്യുന്നുവെന്നും അനേകസഹസ്രം ജനങ്ങൾ അദ്ദേഹത്തെ എപ്പോഴും അനുയാനം ചെയ്യുന്നുവെന്നുമുള്ള വസ്തുത ആ നസ്രായരായ മിശിഹായുടെ സംബന്ധികളെ ഭയവിഹ്വലരാക്കി. അദ്ദേഹത്തെ ഈവിധം രാജോചിതമായവിധത്തിൽ ജനങ്ങൾ കൊണ്ടാടുന്നതു് ഹേറോദേസ് അന്തിപ്പാസിന്റെ അസൂയാവഹ്നിയെ ഉത്തേജനം ചെയ്യുവാൻ പര്യാപ്തമാകയാൽ അതു് ആ യുവഗുരുവിനും അദ്ദേഹത്തിന്റെ അടുത്ത ചാർച്ചക്കാരായ അവർക്കും ആപല്ക്കരമാണെന്നു്, അവർ സംഭ്രമിച്ചു.

യേശു കഫർനാം മുതലായ സ്ഥലങ്ങളിൽ ധർമ്മപ്രചരണാർത്ഥം പര്യടനം ചെയ്തശേഷം നസറത്തിലേക്കു് മടങ്ങിവന്നു. ഏതാനം ദിവസത്തേക്കെങ്കിലും മകന്റെ സഹവാസം സിദ്ധിക്കുകയാൽ മേരിക്കുണ്ടായ സന്തോഷം അപരിമിതമായിരുന്നു. അടുത്ത ശാബദ്ദിവസം മാതാവും പുത്രനും ജപാലയത്തിലേക്കു പോയി. അവിടെ അന്നു യേശുവിന്റെ പ്രസംഗമുണ്ടാകുമെന്നു് പ്രതീക്ഷിച്ചു ഒരു വലിയ പുരുഷാരം സന്നിഹിതമായിരുന്നു. അദ്ദേഹം പ്രസംഗപീഠത്തിൽ കയറി. അപ്പോൾ ഐസയാസ് ദീർഘദർശിയുടെ ദീർഘദർശനഗ്രന്ഥം ഒരു ജപാലയപരിചാരകൻ അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു. അദ്ദേഹം അതു് നിവർത്തി പ്രശാന്തഗംഭീരമായ സ്വരത്തിൽ ഇപ്രകാരം വായിച്ചു: "ജഗത്കർത്താവിന്റെ ആത്മീയചൈതന്യം എന്നിലുണ്ടു്. സുവിശേഷം സാധുക്കൾക്കായി പ്രസംഗിക്കുന്നതിനു് അദ്ദേഹം എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. പശ്ചാത്താപപരവശമായ ഹൃദയത്തെ ആശ്വസിപ്പിക്കുന്നതിനും അടിമകൾക്കു് സ്വാതന്ത്ര്യവും കുരുടർക്കു് കാഴ്ചയും കൊടുക്കുന്നതിനും......അദ്ദേഹം എന്നെ അയച്ചിരിക്കുന്നു." ഗ്രന്ഥം ചുരുട്ടി മടക്കിക്കൊടുത്തിട്ടു് അദ്ദേഹം ആ ദീർഘദർശനവാക്യത്തെ സ്വതസിദ്ധവും ഉജ്ജ്വലവുമായ വാഗ്മിതയോടുകൂടി വ്യാഖ്യാനിക്കുകയും അതു തന്നെയും തന്റെ ഉദ്യോഗത്തേയും എങ്ങനെ സംബന്ധിക്കുന്നുവെന്നു് വിശദീകരിക്കുകയും ചെയ്തു. അദ്ദേഹം കഫർനാമിലും മററും പ്രവർത്തിച്ചതുപോലുള്ള അത്ഭുതകൃത്യങ്ങൾ അവരുടെ ഇടയിലും ചെയ്യണമെന്നു് അവർ ആഗ്രഹിക്കുന്നതായി പ്രത്യക്ഷമാകയാൽ, അവരുടെ അവിശ്വാസത്താൽ അവർ അതിനു് അർഹരല്ലെന്നും അത്ഭുതങ്ങൾ സുദൃഢമായ വിശ്വാസത്തിന്റെ ഫലമായി നൽകപ്പെടുന്ന അനുഗ്രഹങ്ങളാണെന്നും അദ്ദേഹം പ്രസ്താവിച്ചു.

ആ പുരുഷാരം കൊടുങ്കാററിനാൽ ഇളക്കപ്പെട്ട തിരമാലകളെപ്പോലെ കതിച്ചു മുന്നോട്ടുപാഞ്ഞു. ക്രിസ്തുവിനെ പിടികൂടി, അവരുടെ പട്ടണം സ്ഥിതിചെയ്യുന്ന കുന്നിന്റെ അഗ്രത്തിലേക്കു് തൂക്കിയെടുത്തുകൊണ്ടുപോയി. അവിടെനിന്നു് താഴ്വരയിലുള്ള ശിലാമയമായ തടത്തിൽ വീഴത്തക്കവണ്ണം അദ്ദേഹത്തെ നെട്ടനെ താഴോട്ടു് തള്ളിയിടണമെന്നായിരുന്നു അവർ വിചാരിച്ചതു്. എന്നാൽ അതിനു് സമയം വന്നിട്ടില്ലായിരുന്നു. അദ്ദേഹത്തെ തങ്ങളുടെ മുമ്പിലിട്ടു് ഉന്തുന്നതിനും തള്ളുന്നതിനും നിർദ്ദയമായി അടിക്കുന്നതിനും ആക്ഷേപിക്കുന്നതിനും ഈ നസ്രായക്കു് കഴിഞ്ഞുവെങ്കിലും, ആ കിഴുക്കാംതൂക്കായ കുന്നിന്റെ മുകളിൽ ചെന്നപ്പോൾ ഏതോ അമാനുഷികമായ ഒരു ശക്തി അവരുടെ കരങ്ങളെ ബലമായി ബന്ധിച്ചു.

മകനോടൊത്തു ജപാലയത്തിൽ പോയ മേരി അദ്ദേഹത്തിന്റെ പ്രസംഗവും, പുരുഷാരത്തിന്റെ വിദ്വേഷപൂരിതമായ സംരംഭവും, ബഹളങ്ങളും, അദ്ദേഹത്തിന്റെ ആപൽക്കരമായ ദുരവസ്ഥയും, അത്ഭുതകരമായ വിമോചനവും ആദ്യവസാനം കാണുന്നുണ്ടായിരുന്നു. അസുരപ്രകൃതികളായ ശത്രുക്കളുടെ കരങ്ങളിൽ അകപ്പെട്ടു് നിസ്സഹായനായി ഉഴന്ന തന്റെ ദിവ്യകുമാരന്റെ ആപത്സ്ഥിതി ആ കന്യകാമാതാവിനു് എത്ര ഹൃദയോന്മൂലമായിരുന്നിരിക്കണം! ഒടുവിൽ അദ്ദേഹം തന്റെ അമാനുഷികശക്തി പ്രയോഗിച്ചു ആപത്തിൽനിന്നു് നിർബാധം ഒഴിഞ്ഞുപോകുന്നതു കണ്ടപ്പോൾ അവർക്കുണ്ടായ ആനന്ദം സീമാതീതമായിരുന്നുവെന്നു് പറയേണ്ടതില്ലല്ലോ.

യേശുവിനേയും മറിയത്തേയും ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന ഒരു കുടുംബമാണു് ബെത്താനിയായിലെ ലാസറസ്സിന്റേയും, മർത്തായുടേയും മറിയത്തിന്റേതും. തന്റെ പാപമോക്ഷദാതാവായ ആ കരുണാകരന്റെ മാതാവിനോടു് മഗ്ദലനമറിയയ്ക്കു് ഗാഢമായ സ്നേഹവും ഭക്തിയുമുണ്ടായിരുന്നു. ജീവിതപരിവർത്തനം ഉണ്ടായതുമുതൽ അവൾ കന്യാകാമാതാവിനോടൊന്നിച്ചു് ദിവ്യരക്ഷനാഥനെ മരണപര്യന്തം വിട്ടുപിരിയാതെ അനുഗമിച്ചു.



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

എം. സി. എ.

# ചോദിച്ചാൽ പറയാം

159. ചോ: രാഷ്ട്രീയവിജ്ഞാനം ലഭിക്കുന്നതിനും അനുദിനവാർത്തകൾ അറിയുന്നതിനുംവേണ്ടി കമ്മ്യൂണിസത്തോടു് അനുഭാവമുള്ള ഒരു ദിനപത്രം വായിക്കുന്നതിൽ തെററുണ്ടോ?

(ബി. വി. എം. കരുമാലൂർ)

ഉ: നമ്മുടെ നാട്ടിൽ അനേകം ദിനപത്രങ്ങളുണ്ടു്; കമ്മ്യൂണിസത്തോടു് അനുഭാവമുള്ളവയും, അനുഭാവമില്ലാത്തവയും. കമ്മ്യൂണിസത്തോടു് അനുഭാവമുള്ളവയെക്കാൾ മെച്ചമായ തോതിൽ പ്രസാധനം ചെയ്യപ്പെടുന്ന ദിനപത്രങ്ങൾ അനുഭാവമില്ലാത്തവയുടെ ഗണത്തിലുണ്ടു്. രാഷ്ട്രീയവിജ്ഞാനം ലഭിക്കുന്നതിനും അനുദിനവാർത്തകൾ അറിയുന്നതിനും അത്തരം ദിനപത്രങ്ങൾ വായിച്ചാൽ മതിയല്ലോ. പിന്നെ എന്തിനു കമ്മ്യൂണിസത്തോടു അനുഭാവമുള്ള ദിനപത്രങ്ങൾ വായിക്കണം? അപ്പോൾ ഒരാൾ കമ്മ്യൂണിസത്തോടു് അനുഭാവമുള്ള ദിനപത്രം വായിക്കുന്നെങ്കിൽ അതു "രാഷ്ട്രീയവിജ്ഞാനം ലഭിക്കുന്നതിനും അനുദിനവാർത്തകൾ അറിയുന്നതിനും"വേണ്ടി മാത്രമായിരിക്കുകയില്ല. ആണെന്നു പറയുന്നതു കേവലം ആത്മവഞ്ചനയായിരിക്കും.

രാഷ്ട്രീയവിജ്ഞാനം ലഭിക്കുന്നതിനും അനുദിനവാർത്തകൾ അറിയുന്നതിനും പററിയ നല്ല പത്രങ്ങൾ വേറെ ധാരാളമുള്ള ഈ നാട്ടിൽ ഈ ഒരു പ്രശ്നംതന്നെ ഉദിക്കുന്നില്ല. നാം പാപത്തെ ഉപേക്ഷിച്ചാൽമാത്രം പോരാ, പാപത്തിന്റെ ഹേതുക്കളേയും ഉപേക്ഷിക്കണം. പാപത്തിന്റെ ഹേതുക്കൾ നമ്മെ പാപത്തിലേക്കു വഴിനടത്തുന്ന ചാലുകളാണു്. കമ്മ്യൂണിസ്റ്റനുഭാവമുള്ള പത്രം വായിക്കുന്നതു്, നമ്മെ കമ്മ്യൂണിസ്റ്റനുഭാവികളും കമ്മ്യൂണിസ്റ്റുകാരുമാക്കിത്തീർക്കുന്നതിനു മാത്രമേ പ്രയോജനപ്പെടുകയുള്ളു. ലക്ഷ്യം മാർഗ്ഗത്തെ നീതീകരിക്കുന്നുവെന്ന സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവരാണു കമ്മ്യൂണിസ്റ്റുകാർ. അവർ നടത്തുന്ന പത്രങ്ങൾ യഥാർത്ഥ രാഷ്ട്രീയവിജ്ഞാനം ലഭിക്കുന്നതിനും ശരിയായ വാർത്തകൾ അറിയുന്നതിനും പലപ്പോഴും ഉപകരിച്ചെന്നു വരികയില്ല. കമ്മ്യൂണിസമാകുന്ന കണ്ണാടിയിൽക്കൂടെ കാണുന്ന ദൃശ്യംമാത്രമേ അവരുടെ പത്രങ്ങളിൽ പ്രത്യക്ഷപ്പെടുകയുള്ളു.

ഇപ്പറഞ്ഞവയെക്കാൾ ഗുരുതരമായ മറെറാരു കാരണവുമുണ്ടു്. 1949 ജൂലൈ 1-ാം തിയതിയിലെ "ഹോളി ഓഫീസ്" തിരുസംഘത്തിന്റെ ഉത്തരവിനു് എതിരായിരിക്കും ആ പ്രവൃത്തി. "കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളേയോ പ്രവർത്തനങ്ങളേയോ പ്രോത്സാഹിപ്പിക്കുന്ന പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും വർത്തമാനപ്പത്രങ്ങളും നോട്ടീസുകളും പ്രസിദ്ധപ്പെടുത്തുകയോ പ്രചരിപ്പിക്കുകയോ വായിക്കുകയോ അവയിൽ ലേഖനങ്ങൾ എഴുതുകയോ ചെയ്യുന്നതു നിയമാനുസൃതമല്ലാ" യെന്നാണു പ്രസ്തുതോത്തരവിൽ പറഞ്ഞിരിക്കുന്നതു്. ഈദൃശപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കു കൂദാശകൾ നൽകുവാൻ പാടില്ലെന്നും, അവർ അതിനാൽതന്നെ മഹറോൻശിക്ഷയിൽ ഉൾപ്പെടുന്നതാണെന്നും ഉത്തരവിൽ തുടർന്നു പറഞ്ഞിരിക്കുന്നു.

160. ചോ: ദൈവത്തിൽ വിശ്വസിക്കുന്ന കത്തോലിക്കനായ ഒരു തൊഴിലാളിക്കു്, കമ്മ്യൂണിസ്റ്റധീനതയിലുള്ള ഒരു തൊഴിലാളിയൂണിയനിൽ അംഗമാകാമോ? അതു സഭയ്ക്കെതിരാണോ?

(എം. ജെ. ഡി.)

ഉ: ദൈവത്തിൽ വിശ്വസിക്കുന്ന കത്തോലിക്കനായ ഒരു തൊഴിലാളിക്കു്, ദൈവത്തിൽ വിശ്വാസമില്ലാത്തതും ദൈവവിശ്വാസത്തെ ലോകത്തിൽനിന്നു ഉന്മൂലനം ചെയ്യുവാൻ ബദ്ധകങ്കണമായിരിക്കുന്നതും മതത്തേയും മതത്തിന്റെ സന്മാർഗ്ഗികപഠനങ്ങളേയും നിഷേധിക്കുന്നതുമായ കമ്മ്യൂണിസത്തെ സ്വീകരിക്കുന്നതിനോ അതിനോടു് അനുഭാവം പ്രകടിപ്പിക്കുന്നതിനോ സാദ്ധ്യമല്ലെന്നു വ്യക്തമാണല്ലോ. "ഹോളിഓഫീസ്" തിരുസംഘത്തിന്റെ ഉത്തരവിൽ ഇങ്ങനെയാണു പറയുന്നതു്: "കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ ചേരുന്നതോ അവയെ അനുകൂലിക്കുന്നതോ നിയമാനുസൃതമായിട്ടുള്ളതല്ല. എന്തുകൊണ്ടെന്നാൽ കമ്മ്യൂണിസം ഭൗതികവും ക്രൈസ്തവവിരുദ്ധവുമാണു്. കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ തങ്ങൾ മതത്തിനെതിരല്ലെന്നു വാക്കാൽ ചിലപ്പോഴെല്ലാം പറയുന്നുണ്ടെങ്കിലും അവരുടെ തത്വങ്ങളാലും പ്രവൃത്തികളാലും വാസ്തവത്തിൽ അവർ ദൈവത്തിനും സത്യമതത്തിനും ക്രിസ്തുവിന്റെ സഭയ്ക്കും വിരോധികളാണെന്നു പ്രത്യക്ഷമാക്കുകയാണു ചെയ്യുന്നതു്."

ആകയാൽ ഇക്കാര്യത്തിൽ സംശയത്തിനു ഇടയില്ല. കമ്മ്യൂണിസ്റ്റധീനതയിലുള്ള ഒരു തൊഴിലാളിയൂണിയനിൽ അംഗമാകുന്നതു് ഏതെങ്കിലും തരത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയോടു അനുഭാവം പ്രകടിപ്പിക്കുകയാകുമെങ്കിൽ ഹോളി ഓഫീസിന്റെ തീരുമാനമനുസരിച്ചു് ഒരു കത്തോലിക്കാതൊഴിലാളിക്കു് ആ യൂണിയനിൽ അംഗമാകുക സാദ്ധ്യമല്ല.

ലോകത്തിന്റെ ഇതരഭാഗങ്ങളിലെന്നപോലെ കേരളത്തിലും കമ്മ്യൂണിസ്റ്റ് പാർട്ടി തൊഴിലാളിയൂണിയനുകൾ സംഘടിപ്പിക്കുന്നതു കേവലം പരസ്നേഹപരമായ ഒരു ആദർശത്തിനുവേണ്ടിയല്ലായെന്നു വ്യക്തമാണല്ലോ. തൊഴിലാളികളെ സംഘടിപ്പിച്ചു് ഭരണാധികാരം കൈക്കലാക്കുകയും, ഈ രാജ്യത്തിൽ കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യഭരണം നടപ്പാക്കുകയും ചെയ്യുകയെന്നതാണു് അവരുടെ ലക്ഷ്യം. അതു്

(ശേഷം 11-ാംപേജിൽ)

# ചെറുകഥ

## അങ്ങിനെ ഞാനൊരു തെണ്ടിയായി

(ഡി. എസ്. ബി., പൂഞ്ഞാർ)

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. സമയം നാലുമണി കഴിഞ്ഞുകാണും. ഞാൻ എന്റെ മുറിയിൽ അലസനായി ഇരിക്കുകയാണു്. ചുററുപാടും പരിപൂർണ്ണ നിശ്ശബ്ദത. യാതൊന്നും കേൾക്കാനില്ല. അടുത്ത പറമ്പിൽ നില്ക്കുന്ന ആട്ടിൻകുട്ടിയുടെ "മേ...." എന്നുള്ള കരച്ചിൽമാത്രം ആ നിശ്ശബ്ദതയെ ഇടയ്ക്കിടയ്ക്കു ഭഞ്ജിച്ചുകൊണ്ടിരുന്നു

കുറേനേരം അങ്ങനെ ഇരുന്നപ്പോൾ ചുമ്മാതുള്ള ആ ഇരുപ്പിൽ എനിക്കുതന്നെ വെറുപ്പുതോന്നി. വല്ലതും എഴുതിക്കളയാമെന്നു കരുതി കടലാസും പേനയും എടുത്തു മുൻപിൽവച്ചു. പക്ഷെ ഒന്നും ഒന്നും തോന്നിയില്ല

"പട്ടീ കടിക്കല്ലേ..." പുറത്തുനിന്നും ഒരു ക്ഷീണിച്ച സ്വരം; ഒപ്പം പട്ടിയുടെ ഉച്ചത്തിലുള്ള കുരയും

ഞാൻ വരാന്തയിലേക്കു ഇറങ്ങിച്ചെന്നു. "കൈസർ, ഇവിടെ വാടാ" പട്ടിയെ വിലക്കി

എല്ലുന്തി, വയറൊട്ടി, കണ്ണുകുഴിഞ്ഞ ഒരു മനുഷ്യൻ. വളരെ മുഷിഞ്ഞു് കീറിത്തുന്നിയ വസ്ത്രങ്ങളാണു് അയാൾ ധരിച്ചിരിക്കുന്നതു്. കഴുത്തിൽ വലിയ തട്ടുകളുള്ള ഒരു വെന്തിങ്ങ ധരിച്ചിരിക്കുന്നു. ഒരു കൈയിൽ ഒരു ഊന്നാംവടി. തോളിൽ ഒരു സഞ്ചി തൂങ്ങിക്കിടപ്പുണ്ടു്. മുഖത്തെങ്ങും കുററിമീശകൾ തലയുയർത്തിനില്ക്കുന്നു. അയാളുടെ എണ്ണപുരളാത്ത തലമുടി പടിഞ്ഞാറൻകാററിൽ പാറിപ്പറന്നു. അയാൾ ഒരു ഭിക്ഷക്കാരനാണെന്നു ഒററനോട്ടത്തിൽ എനിക്കു മനസ്സിലായി

അയാൾ നടന്നടുത്തുവന്നു വരാന്തയിൽ ഇരുന്നു. "കുഞ്ഞേ, വിശക്കുന്നു...വല്ലതും അല്പം ... ?"

എന്റെ നിർദ്ദേശാനുസരണം അടുക്കളയിൽനിന്നും കുറെ കഞ്ഞി അയാൾക്കു ലഭിച്ചു

"ചേട്ടന്റെ വീടെവിടം?" അയാൾ കഞ്ഞികുടിക്കാനാരംഭിച്ചപ്പോൾ ഞാൻ ചോദിച്ചു

"കുറെ വടക്കാ കുഞ്ഞേ"

"വീട്ടിൽ ആരെല്ലാമുണ്ടു്?"

"ആരുമില്ല... ഉണ്ടായിരുന്നു — ഭാര്യയും ഒരു കുഞ്ഞും. ജോസ്, ഹാ! അതോർക്കുമ്പോൾ എന്റെ ഹൃദയം തകരുന്നു." അയാളുടെ കണ്ണുകളിൽനിന്നും ഒന്നുരണ്ടു കണ്ണീർക്കണങ്ങൾ അടർന്നു താഴെ വീണു ചിന്നിപ്പൊലിഞ്ഞു

"എന്താ ചേട്ടാ, കരയുകയാണോ? ഇതെന്തു കിറുക്കു്?" ഞാൻ അനുകമ്പാപൂർവ്വം ചോദിച്ചു

"അതെ കുഞ്ഞേ! ഞാനൊരു കിറുക്കനായിരുന്നു; മുഴുക്കിറുക്കൻ!" നെടുവീർപ്പോടെ അയാൾ തുടർന്നു: "അതൊരു നീണ്ട കഥയാണു്"

ആ പിച്ചക്കാരന്റെ കഥ കേൾക്കാൻ ഞാൻ കൗതുകം പ്രകടിപ്പിച്ചു. അയാൾ പറഞ്ഞുതുടങ്ങി:

"ഞാൻ ഇങ്ങനെയൊന്നും നടക്കേണ്ടവനല്ലായിരുന്നു, എല്ലാം എന്റെ കുററം. ആ നാട്ടിലെ സാമാന്യം ഭേദപ്പെട്ട ഒരു കുടുംബമായിരുന്നു ഞങ്ങളുടേതു്. ഞാനവിടത്തെ ഏകസന്താനം. എന്റെ പിതാവു ധാരാളം ധനം സമ്പാദിച്ചിരുന്നു. അദ്ദേഹം എന്നെ ഏഴാംക്ലാസുവരെ വിദ്യാഭ്യാസം ചെയ്യിച്ചു. അന്നതു വലിയ കാര്യമായിരുന്നു. ആ നല്ല പിതാവു മരിക്കുമ്പോൾ പത്തുമുപ്പതേക്കർ പുരയിടവും നല്ലൊരു വീടും ഞങ്ങൾക്കു സ്വന്തമായുണ്ടായിരുന്നു. സുഖമായി ജീവിക്കുന്നതിനുള്ള ചുററുപാടുകൾ. പക്ഷെ അതെല്ലാം ഈ മഹാപാപി നശിപ്പിച്ചു

മദ്യപാനം—അതെന്റെ നിത്യവിനോദമായിരുന്നു. അതുമാത്രമായിരുന്നു എന്റെ തൊഴിൽ. ദിവസവും കൂട്ടുകാർകൂടി കുടിച്ചു് ആടിക്കുഴഞ്ഞുനടക്കും. ഞാൻ പൂർണ്ണമായും മദ്യത്തിനു കീഴ്പ്പെട്ടു

അന്നമ്മ—അതായിരുന്നു എന്റെ ഭാര്യയുടെ പേരു്. ഞങ്ങളുടെ മകനായിരുന്നു ജോസ്. പക്ഷെ അവരുടെ കാര്യങ്ങൾ ഒന്നും അന്വേഷിക്കുവാൻ എനിക്കു നേരമില്ലായിരുന്നു. മദ്യവും, മദ്യഷാപ്പും, കൂട്ടുകാരും, അതായിരുന്നു എന്റെ ചിന്താവിഷയം. ഗുണവതിയായിരുന്ന എന്റെ ഭാര്യ പലപ്പോഴും എന്നോടപേക്ഷിച്ചു—ഇങ്ങനെ കുടിക്കരുതേ എന്നു്

"ഛേ! നിന്റെ തന്തയുടെ വകയാണോടീ ഞാൻ കുടിക്കുന്നതു്?" ഞാൻ അലറി; തുടർന്നു മർദ്ദനവും. അഞ്ചുവയസ്സുമാത്രമുണ്ടായിരുന്ന ജോസിനേയും ഞാൻ പലപ്പോഴും നിർദ്ദയം ശിക്ഷിച്ചിരുന്നു

ഒരു രാത്രിയിൽ ജോസ് ഉണർന്നു കരയുകയും മററുംചെയ്തു. പക്ഷെ ഞാൻ പോത്തുപോലെ എന്റെ കട്ടിലിൽ കിടന്നേയുള്ളു. പിറേറദിവസം രാവിലെ ഞാൻ പോകാനിറങ്ങിയപ്പോൾ ഭാര്യ പറഞ്ഞു, "കുഞ്ഞിനു തീപോലെ പനിക്കുന്നുണ്ടു്; ശകലം മരുന്നു്?" ഞാൻ കോപത്തോടെ തിരിഞ്ഞുനോക്കിയിട്ടു പെട്ടെന്നു നടന്നു. കുഞ്ഞിന്റെ ദേഹത്തു ഒന്നു കൈവച്ചുനോക്കുവാൻപോലും ഞാൻ കൂട്ടാക്കിയില്ല

അന്നു കണക്കിലേറെ മദ്യപിച്ചിട്ടാണു് ഞാൻ തിരിച്ചുവന്നതു്. അതും വളരെ രാത്രിയായതിനുശേഷം. കൂടെ രണ്ടുമൂന്നു കൂട്ടുകാരുമുണ്ടായിരുന്നു

"കൊഴ്വാഴി ചോഴ്" ഞാൻ ഗർജ്ജിച്ചു. അവൾ അനങ്ങിയില്ല. ഞാനകത്തേക്കു ചെന്നു. ജോസ് കട്ടിലിൽ മൂടിപ്പുതച്ചുകിടക്കുന്നു. അന്നമ്മ കരഞ്ഞുകൊണ്ടു് കട്ടിലിൽ ഇരിക്കുകയാണു്

"എവിടെഴീ ചോഴ്...." ഞാനലറുകയായിരുന്നു

"കഞ്ഞി വച്ചില്ല" പതിഞ്ഞ സ്വരത്തിൽ അവൾ പറഞ്ഞു

"ഹും?"

"കുഞ്ഞിനു തീപോലെ പനിക്കുന്നു. അടുത്തുനിന്നും മാറാൻ നിവൃത്തിയില്ല. എപ്പോഴും പിച്ചും പേയും പറച്ചിലും കരച്ചിലുമാണു്. നിങ്ങളിതൊന്നും അറിയുണ്ടോ?"

"അഴിഞ്ഞെഴി അഴിഞ്ഞു"

"എന്നും കൂട്ടംകൂടി കുടിച്ചുകൊണ്ടു് നടന്നേച്ചാൽ മതിയല്ലോ" അവൾ സങ്കടം സഹിക്കവയ്യാതെ കരഞ്ഞുകൊണ്ടു പറഞ്ഞു

"നിന്റെ ഒരു പ്റസംഗം, ഞാൻ നിഴ്ത്തും" ഞാൻ ശക്തിയായി ഒരു തൊഴികൊടുത്തു. അവൾ തെറിച്ചു് മുറിയുടെ മൂലയിൽ പോയി വീണു. വായിൽനിന്നും രക്തം ഒലിച്ചു. പക്ഷെ ഞാനതൊന്നും വകവച്ചില്ല. യാതൊരുവക മാനുഷികവികാരങ്ങളും അന്നെന്നെ തീണ്ടിയിരുന്നില്ല. ഞാനൊരു മനുഷ്യനല്ല, മൃഗമായിരുന്നു. അല്ല മൃഗത്തിലും നീചനായിരുന്നു—പിശാചു്. ഞാൻ വീണ്ടും അവളെ കുറെക്കൂടെ അടിക്കുകയും ഇടിക്കുകയുംചെയ്തു. പനിച്ചുകിടന്ന ജോസിനേയും വലിച്ചെഴുന്നേല്പിച്ചു ചപ്രംചിപ്രം തല്ലി

ഞാൻ പിറേറദിവസവും പതിവുപോലെ മദ്യപിക്കാൻപോയി.

രണ്ടുമൂന്നു ദിവസത്തിനകം പനി വർദ്ധിച്ചു് ഹാ! എന്റെ കുഞ്ഞു് മരിച്ചു. പക്ഷെ അന്നു് അതു എന്നെ തെല്ലും സ്പർശിച്ചില്ല

എന്റെ ഭാര്യ ശക്തിയായി ചുമച്ചുകൊണ്ടിരുന്നു. ദിവസം ചെല്ലുംതോറും ചുമ ഏറിയേറിവന്നു. രക്തമായിരുന്നു ചുമച്ചു തുപ്പുന്നതു്. പക്ഷെ ശകലം മരുന്നു വാങ്ങിക്കൊടുക്കാൻപോലും ഞാൻ കൂട്ടാക്കിയില്ല അയൽക്കാർ എന്നെ നിർബന്ധിച്ചു; ഇത്തിരി മരുന്നുകൊണ്ടുകൊടുക്കുവാൻ. പക്ഷെ ആരു കേൾക്കാൻ? മാത്രമല്ല ആ പാവത്തിനെ ഞാൻ ഓരോ കാരണംപറഞ്ഞു് പലപ്പോഴും മർദ്ദിക്കുകയും ചെയ്തിരുന്നു

രണ്ടുമൂന്നു മാസങ്ങൾ നിരങ്ങിനീങ്ങി. ഒരു ദിവസം അവളുടെ ചുമ വളരെ ശക്തിയായി. ശ്വാസംവിടാതെ ചുമച്ചുകൊണ്ടിരുന്നു. അന്നും ഞാൻ രാവിലെ ഷാപ്പിലേക്കു നടന്നു അന്നു സന്ധ്യയോടുകൂടി അവൾ ലോകത്തോടു യാത്രപറഞ്ഞു. മരണസമയത്തു കണ്ണീരോടെ അവൾ എന്നെ തിരക്കി. പക്ഷെ ഈ ദുഷ്ടൻ അപ്പോഴും കള്ളുഷാപ്പിലായിരുന്നു. "എന്റെ ഈശോയേ! അങ്ങേക്കു നല്ല ബുദ്ധി കൊടുക്കണേ!" ഇതായിരുന്നു അവളുടെ അവസാനവാക്കുകൾ

പിന്നീടുള്ള നാലഞ്ചുകൊല്ലക്കാലം! ഞാൻ മനുഷ്യനായല്ല, മൃഗമായിട്ടാണു് ജീവിച്ചതു്. മിക്കവാറും ദിവസം മുഴുവൻ, രാവും പകലും വഴിയിലും ഷാപ്പിന്റെ പരിസരങ്ങളിലും അലഞ്ഞുതിരിഞ്ഞു കഴിച്ചുകൂട്ടി. പലപ്പോഴും മത്തുപിടിച്ചു് വെളുക്കുവോളം വഴിയിൽ ഞാൻ കിടന്നിട്ടുണ്ടു്

വരുമാനംകൊണ്ടു തികയാതെ വന്നപ്പോൾ പുരയിടങ്ങൾ ഒന്നൊന്നായി വില്ക്കാൻതുടങ്ങി. എല്ലാം കൂട്ടുകാർകൂടി കുടിച്ചുനശിപ്പിച്ചു. പുരയിരിക്കുന്ന പറമ്പു മാത്രമായിരുന്നു ശേഷിച്ചതു്

ആയിടെ ഒരുദിവസം എന്റെ വയററിൽ ശക്തിയായ ഒരു വേദന അനുഭവപ്പെട്ടു. ഞാൻ ചൂളിപ്പോയി ക്രമേണ അതു കഠിനമായി. ഞാൻ പല വൈദ്യന്മാരേയും സമീപിച്ചു. പക്ഷെ ഫലമൊന്നുമുണ്ടായില്ല. മദ്യപാനമാണു് രോഗത്തിനു കാരണമെന്നും ഓപ്പറേഷൻ കഴിക്കണമെന്നും അവർ പറഞ്ഞു. അങ്ങനെ ഭയത്തോടെയെങ്കിലും ഞാൻ ഓപ്പറേഷനു വിധേയനായി. വയറുവേദന ശമിച്ചു മേലാൽ മദ്യം തൊട്ടുപോകരുതെന്നു ഡോക്ടർ കർശനമായി വിലക്കി .

അങ്ങനെ അഞ്ചാറുമാസങ്ങൾ മദ്യം തൊടാതെ ഞാൻ കഴിച്ചുകൂട്ടി. എന്റെ സ്നേഹിതന്മാർ പലരും എന്നെ മദ്യഷാപ്പിലേക്കു ക്ഷണിച്ചു. എന്നാൽ വയറുവേദന—ആ പേടിപ്പിക്കുന്ന ഓർമ്മ എന്നെ ആ ഉദ്യമത്തിൽനിന്നും പിന്മാററി

പിന്നെയും കൂട്ടുകാരുടെ പ്രേരണയും മദ്യത്തിന്റെ വശീകരണശക്തിയും എന്നെ മദ്യഷാപ്പിലേക്കു വലിച്ചിഴപ്പിച്ചു. വയറുവേദനയെപ്പററിയുള്ള ഓർമ്മ കാലം എന്നിൽനിന്നും തുടച്ചുമാററി. ഞാൻ കുറേശ്ശെ കുടിച്ചുതുടങ്ങി. അന്നൊരു ക്രിസ്തുമസ് ദിവസമായിരുന്നു. ഞങ്ങൾ പതിവിലേറെ സ്നേഹിതന്മാരുണ്ടായിരുന്നു. എല്ലാവരുംകൂടെ ആയപ്പോൾ എന്റെ നിയന്ത്രണങ്ങൾ പമ്പകടന്നു. ഞാൻ വളരെയധികം അകത്താക്കി. ഷാപ്പിൽനിന്നും പുറപ്പെടുന്നതിനുമുമ്പുതന്നെ തുടങ്ങി വയററുവേദന വകവയ്ക്കാതെ ഞങ്ങളിറങ്ങി പൂരപ്പാട്ടുമായി മുന്നോട്ടുനടന്നു. എനിക്കു വയറുവേദന കൂടിവന്നു. ഭയങ്കരവേദന—അള്ളിപ്പിടിക്കുന്ന വേദന—ഞാൻ വഴിയിൽ ചുരുണ്ടു് ഇരുന്നുപോയി. കൂട്ടുകാർ എന്നെ താങ്ങിപ്പിടിച്ചു് വീട്ടിലാക്കി. ഞാൻ ആസ്പത്രിയിലേക്കു മാററപ്പെട്ടു. വീണ്ടും ഞാനൊരു ഓപ്പറേഷനു വിധേയനായി. പക്ഷേ ആദ്യത്തേതുപോലെ വിജയകരമായിരുന്നില്ല അതു്. എന്റെ ആരോഗ്യം നശിച്ചു; വയറുവേദന മാറിയുമില്ല. ചികിത്സയ്ക്കും മററാവശ്യങ്ങൾക്കുമായി പലരോടും പണം കടംവാങ്ങി. കുറേ കഴിഞ്ഞപ്പോൾ കടവും കിട്ടാതായി. എന്റെ സ്നേഹിതന്മാരെ കാണ്മാനേ ഇല്ലായിരുന്നു. അവരാരും എന്നെ സഹായിക്കാൻ ഒരുങ്ങിയില്ല. അവന്മാർക്കുവേണ്ടി ഞാൻ എത്ര പണം ചിലവാക്കി. ദുഷ്ടന്മാർ!

അങ്ങനെ കുറേക്കാലം യാതനയിലും വേദനയിലുംകൂടി ഞാൻ മുന്നോട്ടു ഇഴഞ്ഞുനീങ്ങി. പൊയ്പോയ നല്ല കാലങ്ങളെ ഓർത്തു ഞാൻ പലപ്പോഴും കണ്ണീർവാർത്തു. കടം തന്നിരുന്നവർ പണം ആവശ്യപ്പെട്ടുതുടങ്ങി. ഞാൻ ഒഴിവുകഴിവുകൾ പറഞ്ഞു അവരെ സമാധാനിപ്പിച്ചു. പക്ഷെ എത്രനാൾ ഇങ്ങനെ കേൾക്കാൻ?

"ചാക്കോച്ചാ, കാര്യം ഒക്കെ ശരിയാ; ചാക്കോച്ചനെ വിഷമിപ്പിക്കരുതെന്നു കരുതിയാ ഇത്രയും നാൾ ക്ഷമിച്ചതു്. ഇനി പണം തന്നില്ലെങ്കിൽ ഞാൻ അന്യായം കൊടുക്കും." കടക്കാരിൽ ഒരാൾ എന്റെ മുഖത്തുനോക്കി പറഞ്ഞു. അപ്പോഴാണു് ഞാൻ എന്റെ യഥാർത്ഥസ്ഥിതി മനസ്സിലാക്കുന്നതു്. ഞാൻ എന്തുമാത്രം അധഃപതിച്ചെന്നു ഞാനറിഞ്ഞു. പക്ഷെ വളരെ താമസിച്ചുപോയി. എന്റെ ഹൃദയം നീറിനീറി ദഹിച്ചുകൊണ്ടിരുന്നു. പക്ഷെ ഇനി ചിന്തിച്ചിട്ടെന്തുഫലം?

കടം വീട്ടാൻ യാതൊരു മാർഗ്ഗവുമില്ലായിരുന്നു. ഗത്യന്തരമില്ലാതെ ഞാൻ പറമ്പും പുരയും വിററു. കടമെല്ലാം ഏതാണ്ടു് വീട്ടിക്കഴിഞ്ഞപ്പോൾ പിന്നെ മിച്ചം ഒന്നും ഇല്ലായിരുന്നു. ഇനി എങ്ങനെ ജീവിക്കും? അതെന്റെ മുമ്പിൽ പ്രശ്നമായി. കൂലിവേലചെയ്യാൻപോലും എനിക്കു നിവൃത്തിയില്ലായിരുന്നു. ഒരിക്കലും വിട്ടുമാറാത്ത വയറുവേദന എന്നെ ഒന്നിനും കൊള്ളാത്തവനാക്കി. നാട്ടിൽ നടന്നു പിച്ചതെണ്ടാൻ അഭിമാനം എന്നെ അനുവദിച്ചില്ല. ജീവിക്കാൻ അതല്ലാതെ വേറെ മാർഗ്ഗവുമില്ലായിരുന്നു. ഞാൻ നാടുവിട്ടിറങ്ങി. "അങ്ങിനെ ഞാനൊരു തെണ്ടിയായി." ഇപ്പോൾ പന്ത്രണ്ടു കൊല്ലമായി ഞാനീ രീതിയിൽ ആയിട്ടു്. ഞാനൊരു പിശാചായി ജീവിച്ചു—അതിന്റെ ഫലമിന്നനുഭവിക്കുകയാണു്."

അയാൾ പറഞ്ഞവസാനിപ്പിച്ചു. ഇടയ്ക്കു പല പ്രാവശ്യം നിർത്തിനിർത്തിയാണു് ഇത്രയും പറഞ്ഞതു്. അയാളുടെ മുഖം വികൃതമാകുന്നതു ഞാൻ കണ്ടു. രണ്ടു കൈകൊണ്ടും വയററിൽ ശക്തിയായി അമർത്തിപ്പിടിച്ചു. ശുഷ്കിച്ച ചുണ്ടുകൾ കടിച്ചമർത്തി. കുറേനേരം അങ്ങനെ ഇരുന്നു. തുടർച്ചയായി വർത്തമാനം പറഞ്ഞതുകൊണ്ടു് വയറുവേദന ഇളകിയതാണെന്നു് അയാൾ പറഞ്ഞു.

വേദന തെല്ലൊന്നു ശമിച്ചപ്പോൾ അയാൾ എണീററു "ഞാൻ ഇറങ്ങട്ടെ കുഞ്ഞേ."

"നില്ക്കൂ ...വരട്ടെ" ഞാനകത്തുചെന്നു് ഒരു വെള്ളിരൂപാ എടുത്തുകൊണ്ടുവന്നു് ആ ശുഷ്കിച്ച കൈപ്പത്തിക്കുള്ളിൽ വച്ചുകൊടുത്തു. കൃതജ്ഞതാസൂചകമായി അയാളൊന്നു ചിരിച്ചു.

"കുഞ്ഞു് ചെറുപ്പമാണു്, എന്റെ കഥ ഓർമ്മയിൽ വയ്ക്കുന്നതു


## ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്

(ജീവചരിത്രം)

32 അദ്ധ്യായങ്ങൾ, 464 പുറങ്ങൾ, 60-ൽപ്പരം ബ്ലോക്കുകൾ

ഗ്രന്ഥകർത്താ:—

റവ. ഫാദർ തോമസ് ഇഞ്ചക്കലോടി

വില ഒററപ്രതി രൂപ 3

താഴെ പറയുന്ന സ്ഥലങ്ങളിൽനിന്നും ലഭിക്കുന്നതാണു്.

1) മൂക്കന്നൂർ എസ്. എച്ച്. ഓർഫനേജ് ഡിപ്പോ, എറണാകുളം 1
2) കാത്തലിക്ക് ബുക്കുഡിപ്പോ, കോട്ടയം
3) എസ്. എച്ച്. ബുക്കുഡിപ്പോ ആൻറ് സെൻറ് മേരീസ് ബുക്കുഡിപ്പോ, ചങ്ങനാശ്ശേരി
4) കാത്തലിക്ക് പ്രസ്സ് ആൻറ് ബുക്കുഡിപ്പോ, മാന്നാനം
5) സെൻറ് തോമസ് പ്രസ് ആൻറ് ബുക്കുഡിപ്പോ, പാലാ




ചൈനയിലെ അത്യുന്നത കർദ്ദിനാൾ ടിയെൻ തിരുമേനി അമേരിക്ക സന്ദർശിച്ചപ്പോൾ തിരുമനസ്സിലെ ബഹുമാനാർത്ഥം മി ഫ്രാങ്കു് വില്യംസ് അദ്ദേഹത്തിന്റെ ഭവനത്തിൽ വച്ചു ഒരു വിരുന്നുസല്ക്കാരം നടത്തുകയുണ്ടായി. തദനന്തരം തിരുമേനിയും ആതിഥേയനും റവ. ഫാ. എമ്മാനുവേൽ പള്ളിക്കുന്നേൽ എം ഏ യും ഒരുമിച്ചു സംസാരിച്ചുകൊണ്ടിരിക്കുന്നതാണു് ചിത്രം.

കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# റഷ്യയിൽ മതസ്വാതന്ത്ര്യമെന്നതു് അടിമത്തമാണു്

(നിരീക്ഷകൻ)

സോവ്യററു റഷ്യയിൽ മതത്തിൻെറ നേക്കുള്ള യഥാൎത്ഥമനോഭാവം എന്താണെന്നറിയാൻ ഉത്തമമായ മാൎഗ്ഗം അവിടത്തെ നിയമങ്ങളെ പരിശോധിക്കുകയാണു്. 1942-നു ശേഷം പ്രത്യേകിച്ചും, കമ്മ്യൂണിസ്റ്റ് റഷ്യയുടെ മതത്തിൻെറ നേക്കുള്ള മനോഭാവത്തിൽ വലിയ പരിവൎത്തനം സംഭവിച്ചിട്ടുണ്ടു് എന്നു് ഇപ്പോൾ പ്രചണ്ഡമായ ഒരു പ്രചാരണം നടക്കുന്നുണ്ടു്. എന്നാൽ വസ്തുതകളെ അടുത്തുപരിശോധിക്കുമ്പോൾ കാണാം, പഴയ മതവിരുദ്ധമായ സോവ്യററു നിയമം വള്ളിപുള്ളി വ്യത്യാസം കൂടാതെ ഇന്നും പ്രയോഗത്തിലിരിക്കുകയാണെന്നു്. 1942-ൽ സംഭവിച്ചതിതാണു്. റഷ്യയിലെ ഓത്തഡോക്സ് സഭ ഒരു പുതിയ നിയമാവലി അംഗീകരിച്ചു. അതു സോവ്യററു നിയമാവലിയുമായി ഒത്തുപോകുന്ന ഒന്നായതുകൊണ്ടു റഷ്യൻ ഗവമ്മെണ്ടു ഇന്നതിനെ ഏറെക്കുറെ ആദരിക്കുന്നുണ്ടു്. പക്ഷെ അതിൽ മതത്തിനു വല്ല സ്വാതന്ത്ര്യവുമുണ്ടോ?

1918 മുതൽ റഷ്യയിൽ നിരവധി ഡിക്രികളും, നിയമങ്ങളും, തീരുമാനങ്ങളും സർക്കുലറുകളും മതത്തെ സംബന്ധിച്ചു നിൎമ്മിച്ചിട്ടുണ്ടു്—മതത്തെ സംബന്ധിച്ചെന്നു പറയുന്നതിൽ ശരിയായിട്ടുള്ളതു് മതത്തിനെതിരായി എന്നു പറയുന്നതായിരിക്കും. ഇവയിൽ പ്രധാനപ്പെട്ടവയെല്ലാം ശേഖരിച്ചു 1926-ൽ ഒരു പ്രത്യേകഗ്രന്ഥമായി മോസ്കോയിൽ പ്രസിദ്ധീകരിച്ചു. (യു എസ് എസ് ആറിലെ സഭയും രാഷ്ട്രവുമായുള്ള വിഭജനം—പി വി ഗ്രഡുലിയാനോവു്). ഇതിനു ശേഷവും പല നിയമങ്ങളും നടപ്പിലാക്കിയിട്ടുണ്ടു്. ഇപ്രകാരം മതസംഘടനകളുടെ എല്ലാ പ്രവൎത്തനങ്ങളേയും മരവിപ്പിക്കുന്നതിനു് കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടു് നിൎമ്മിച്ചുകൂട്ടിയിട്ടുള്ള നിരവധി നിയമങ്ങളിൽ ഒരെണ്ണമെങ്കിലും റദ്ദാക്കിയിരുന്നെങ്കിൽ അവരുടെ പ്രചാരണത്തിനു വല്ലതും അൎത്ഥമുണ്ടെന്നു വിചാരിക്കാമായിരുന്നു. അവയിൽ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. ഇന്നും അവയെല്ലാം ഊൎജ്ജിതത്തിൽതന്നെയിരിക്കുകയുമാണു്. 1918-ൽ സഭാരാഷ്ട്ര വിഭജനത്തിനു അടിസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട നിയമങ്ങളും തുടൎന്നു 1929-ലും 1931-ലും കൂട്ടിച്ചേൎക്കപ്പെട്ടവയും ഇന്നും നിയമസാധുതയുള്ളവയും കൃത്യമായി പാലിക്കപ്പെടുന്നവയുമത്രെ. ഉദാഹരണമായി," മതസംഘടനകൾ നിയമസാധുതയുള്ളവയല്ല; തന്മൂലം അവയ്ക്കു വസ്തുക്കൾ സ്വന്തമായി വച്ചുകൊണ്ടിരിക്കുവാൻ അവകാശമില്ല" എന്നുള്ള സോവ്യററു നിയമത്തിനു ഇന്നു റഷ്യയിൽ എന്തെങ്കിലും വ്യത്യാസം വരുത്തിയിട്ടുണ്ടോ? മതസംഘടനകൾ സാമൂഹിക ക്ഷേമകരമായ പ്രസ്ഥാനങ്ങളിൽ ഏൎപ്പെടുന്നതിനെ നിരോധിക്കുന്ന 1929-ലെ ഡിക്രി ഇന്നും നിലവിലില്ലേ? ഒരു മതപരമായ ഭക്തപ്രദക്ഷിണം നടത്തണമെങ്കിൽ കാലേക്കൂട്ടി "ലോക്കൽ അതോരിററി"കളിൽനിന്നു അനുവാദം വാങ്ങിയിരിക്കണമെന്നു തുടങ്ങി, തികച്ചും മതപരമായ കാൎയ്യങ്ങളിൽപോലും പഴയ നിയന്ത്രണങ്ങളെല്ലാം ഇന്നും പാലിക്കപ്പെട്ടുപോരുകയല്ലേ? സോവ്യററുറഷ്യ അതിൻെറ പിനൽകോഡു് ഒരു തരത്തിലും ഭേദഗതി ചെയ്തിട്ടില്ല. അതിൽ 4-ാം ആർട്ടിക്കിൾ 122-ാം പോയിൻറു് നിൎദ്ദേശിക്കുന്നതനുസരിച്ചു്, യുവജനങ്ങളെ മതം പഠിപ്പിക്കുന്നതു് ഒരു കൊല്ലത്തെ തടവുശിക്ഷ വിധിക്കാവുന്ന ഒരു കുററമാണു്. ഇതു റദ്ദ്ചെയ്തിട്ടുണ്ടോ?

ഏവംവിധം മതത്തെ സംബന്ധിക്കുന്ന കാൎയ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് റഷ്യയുടെ നിയമാവലിയിൽ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ലെങ്കിലും, 1942-നു ശേഷം റഷ്യൻ ഓത്തഡോക്സ് സഭയുടെ നൈയാമികമായ നിലയിൽ ചില വ്യത്യാസങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. ഈ സഭാവിഭാഗം, 1917-ൽ മോസ്കോയിൽ വച്ചുനടത്തപ്പെട്ട "സമ്പൂൎണ്ണ റഷ്യൻ സിനഡു്" അംഗീകരിച്ച നിയമാവലിയെയാണു് ആരംഭത്തിൽ സ്വീകരിച്ചിരുന്നതു്. എന്നാൽ 1927-നു ശേഷം മോസ്കോപാത്രിയാക്കാമാർ അതിനെ ആദരിക്കുവാൻ തയ്യാറായിട്ടില്ല 1945 ജനുവരി 31-ാം തിയതി മോസ്കോയിൽ കൂടിയ സിനഡിൽവച്ചു്, 1917-ലെ കൊൺസ്റ്റിററ്യൂഷനു കടകവിരുദ്ധവും സോവ്യററു നിയമാവലിയോടു് പരിപൂൎണ്ണമായി യോജിക്കുന്നതുമായ ഒരു പുതിയ കൊൺസ്റ്റിററ്യൂഷൻ അംഗീകരിക്കപ്പെട്ടു. അതിൻെറ 37-ാം ആർട്ടിക്കിൾ പ്രസ്താവിക്കുന്നതു്, സോവ്യററു് അധികാരികളുടെ അനുമതിയോടുകൂടി മാത്രമേ ഒരു പുതിയ പാരിഷ് (ഇടവക) രജിസ്റ്റർ ചെയ്യപ്പെടാവൂ എന്നാണു്. 39-ാം ആർട്ടിക്കിളിൽ പറയുന്നു, സഭവക വസ്തുക്കൾ കണ്ടുകെട്ടുന്നതു് നിയമാനുസൃതമായിരിക്കുമെന്നും, "പള്ളിക്കെട്ടിടങ്ങളുടേയും ആരാധനയ്ക്കുള്ള ഉപകരണങ്ങളുടേയും സ്വതന്ത്രമായ ഉപയോഗത്തിനു്" ലോക്കൽ അതോറിട്ടികളുമായി കൺട്രാക്ട് വ്യവസ്ഥകളിൽ ഏൎപ്പെടേണ്ടതാവശ്യമാണെന്നും. ഇടവകകളുടേയും രൂപതകളുടേയും ഭരണം സംബന്ധിച്ച വ്യവസ്ഥകളിലും ഈ പുതിയ നിയമം പഴയ സോവ്യററു നിയമത്തിൻെറ ഒരു ശരിപകർപ്പുമാത്രമാണു്, 46-ാം ആർട്ടിക്കിൾ ഇങ്ങനെയാണു്:- ഒരിടവകയുടെ ഭരണത്തിൽ എന്തെങ്കിലും ക്രമക്കേടു സംഭവിച്ചാൽ ഉടനെതന്നെ വിവരം മേലുള്ള മെത്രാനെ അറിയിക്കേണ്ടതു് ഇടവകവികാരിയുടെ കടമയാണു്. മെത്രാൻ, "റഷ്യൻ ഓത്തഡോക്സ് സഭാകാൎയ്യങ്ങൾക്കുള്ള കൗൺസിൽ" വഴി സോവ്യററധികാരികൾക്കും അറിവുനൽകണം. ഇപ്രകാരം യഥാൎത്ഥത്തിൽ പുതിയ കൊൺസ്റ്റിററ്യൂഷൻ റഷ്യൻസഭയെ പരിപൂൎണ്ണമായും സോവ്യററുഗവമ്മെണ്ടിൻെറ നിയന്ത്രണത്തിലാക്കുകയും, മെത്രാന്മാരുടെ പ്രവൎത്തനങ്ങളെല്ലാം, "ദ്വാദശസംഘം" എന്നറിയപ്പെടുന്ന പാരിഷ്കമ്മററികളുടെ ആലോചനയോടുകൂടി വേണമെന്നു വ്യവസ്ഥചെയ്യുകയും ചെയ്തിരിക്കയാണു്. ഈ കമ്മററികളിലേക്കു കമ്മ്യൂണിസ്റ്റനുഭാവികളായ മെമ്പറന്മാരെ കടത്തിവിടുന്നതിനു അതതു സ്ഥലത്തുള്ള കമ്മ്യൂണിസ്റ്റ്കൾക്കു യാതൊരു വിഷമവുമില്ല താനും.



മരിയഹാരം

ജപമാലയെപ്പററി അറിയുവാൻ
ഈ പുസ്തകം സഹായിക്കും
വില 1ക. മാത്രം
അപേക്ഷിക്കേണ്ടും മേൽവിലാസ
മാർ ലൂയിസ് പ്രസ്സ്,
എറണാകുളം-1

മോസ്കോയിലെ ഓത്തഡോക്സ് മെത്രാപ്പോലീത്താ റഷ്യൻ കമ്മ്യൂണിസ്റ്റ്ഗവമ്മെണ്ടിൻെറ അഭിമതങ്ങൾക്കു വഴിപ്പെട്ടു സ്ഥാനം സ്വീകരിച്ചതിനെപ്പററിയും, 1927 ഒക്ടോബർ 21-ൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ തദനുസരണമായ പ്രഖ്യാപനത്തെപ്പററിയും മുമ്പു സൂചിപ്പിച്ചുവല്ലോ. അതിനുശേഷം മതകൎമ്മങ്ങളിൽ കമ്മ്യൂണിസ്റ്റ് ഭരണാധികാരികൾക്കുവേണ്ടി പ്രാൎത്ഥിക്കുന്നതിനും, നാടുകടത്തപ്പെട്ടവരും തടവിലാക്കപ്പെട്ടവരുമായ മെത്രാന്മാരുടെ സ്മരണ ഉപേക്ഷിക്കുന്നതിനും അദ്ദേഹം അദ്ദേഹത്തിൻെറ അധികാരത്തിൽപെട്ട വൈദികൎക്കെല്ലാം കല്പനകളയച്ചു. വൈദികസിനഡുകളിൽ രഹസ്യപ്പോലിസിനു സന്നിഹിതരായിരിക്കുവാൻ അനുവാദം നൽകി. ഈ സ്ഥിതിഗതികൾ ഇപ്പോഴും തുടൎന്നുപോരികയാണു്. ഈ ഓത്തഡോക്സ്സഭയുടെ സ്വാധീനത്തിൽ പ്രസിദ്ധീകരിച്ചുപോരുന്ന മോസ്കോ പാത്രിയക്കേററു ജർണൽ എന്ന പത്രംമുഖേനയാണു് റഷ്യൻ സഭാകാൎയ്യങ്ങൾക്കായുള്ള കൗൺസിലിൻെറ വിവിധ സ്ഥാനങ്ങളിലേക്കുള്ള ആളുകളേയും, വിവിധ രാജ്യങ്ങളിൽ കൗൺസിൽ പ്രതിനിധികളേയും നാമകരണം ചെയ്യുന്നതു്. ഇപ്രകാരം നിയമിക്കപ്പെടുന്ന ആളുകളാണു് യഥാൎത്ഥത്തിൽ റഷ്യൻരാജ്യം മുഴുവനിലും സഭയെ നിയന്ത്രിക്കുന്നതും വൈദികാദ്ധ്യക്ഷന്മാരുടെ എല്ലാ പ്രവൎത്തനങ്ങളേയും നിരീക്ഷണം ചെയ്തുകൊണ്ടിരിക്കുന്നതും. സോവ്യററുറഷ്യയിൽ രാഷ്ട്രവുംമതസഭയും തമ്മിൽപരസ്പരധാരണയിൽ കഴിയുന്നുവെന്നു പറയുന്നതു യഥാൎത്ഥത്തിൽ ശരിയല്ല; സെർജേയ് പാത്രിയാക്കിൻെറ കാലംമുതൽ സഭ സോവ്യററുഗവമ്മെൻറിനെ ആശ്രയിച്ചുകഴിയുന്നു എന്നാണു് സത്യത്തിൽ പറയേണ്ടതു്. 1931 ൽ ആജ്ജവബുദ്ധിയായ ഒരു റഷ്യൻവൈദികൻ പറഞ്ഞതിപ്രകാരമാണു്: എനിക്കു പരിചയമുള്ള ഉത്തരദക്ഷിണറഷ്യൻഭാഗങ്ങളിൽ രഹസ്യപ്പോലിസുമായി സഹകരിച്ചുപ്രവൎത്തിക്കാത്ത ഒററവൈദികനെപ്പററിപ്പോലും എനിക്കറിവില്ല. അവർ പരസ്യമായിട്ടാണു് ഈ കൂട്ടുകെട്ടു നടത്തുന്നതു്. ഗ്രാമപ്രദേശങ്ങളിൽപോലും ഈ ദുഷ്പ്രവൎത്തനങ്ങളിൽനിന്നു ഒഴിഞ്ഞുജീവിക്കുവാൻ വൈദികർക്കു സാധിക്കുന്നില്ല. (സോവ്യററു റഷ്യയിലെ സഭയുടെ നില—മൈക്കൾ സ്വീആഷ്ചെനിക്കു്)

അടിമത്തപരമായ ഈ സഹകരണപദ്ധതി നടപ്പാക്കിയശേഷം കമ്മ്യൂണിസ്റ്റുകൾ അതിനെ പടിപടിയായി പരിഷ്കരിച്ചു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം 22 മെത്രാന്മാൎക്കും 253 വൈദികസ്ഥാനികൾക്കും അവരുടെ "രാജ്യസ്നേഹപരമായ പ്രവൎത്തനങ്ങൾ"ക്കു ബഹുമതിബിരുദങ്ങൾ നൽകപ്പെട്ടു. ഈ സഹകരണപദ്ധതിയിൽ അവർ ചെയ്ത സേവനമായിരുന്നു അതിനു നിദാനം. സോവ്യററുഗവമ്മെൻറും വൈദികരും തമ്മിൽ ഏതുതരത്തിലുള്ള സഹകരണമാണുണ്ടാകേണ്ടതു് എന്നു കൊൺസ്റ്റിററ്യൂഷൻ വിശദീകരിക്കുന്നില്ല. 1927 നുമുമ്പും അതിനുശേഷവും മതപരമായ അവരുടെ കൎത്തവ്യങ്ങളിൽ ഉറച്ചുനിന്ന നിരവധി വൈദികർ അക്കാരണത്താൽതന്നെ ജീവൻ ഹോമിക്കേണ്ടിവന്നിട്ടുണ്ടു്. സഹകരണപദ്ധതിയിൽ ചേൎന്നിട്ടുള്ള വൈദികരിൽ ഒരു ഗണ്യമായ വിഭാഗം നിർബന്ധംമൂലമാണു് അതിൽ പെട്ടിരിക്കുന്നതെന്നും വാസ്തവമാണു്. കമ്മ്യൂണിസം സഹകാരികളെ സംഘടിപ്പിക്കുന്ന രീതി വിവിധങ്ങളും രഹസ്യങ്ങളുമാണു്. 1940-ൽ ഈ ഉപജാപങ്ങൾ കത്തോലിക്കാവൈദികരുടെ നേക്കു പ്രയോഗിക്കപ്പെട്ടപ്പോഴാണു് അതിൻെറ ചില ഉള്ളുകള്ളികൾ വെളിച്ചത്തുവന്നതു്. ഒററ കത്തോലിക്കാവൈദികനെപ്പോലും വ്യാമോഹിപ്പിക്കുവാൻ അവരുടെ ഭീഷണിക്കു സാദ്ധ്യമായില്ല. ഈ സ്ഥിതി മതസ്വാതന്ത്ര്യമാണോ? അടിമത്തമാണോ?

---

നന്നായിരിക്കും. കൂട്ടുകാരോടും പറയണം കേട്ടോ" മുററത്തിറങ്ങി നടന്നുകൊണ്ടു് അയാൾ പറഞ്ഞു

ഞാൻ അയാളുടെ പിറകെ മുററത്തേക്കിറങ്ങി. ആ മനുഷ്യൻ പോകുന്ന വഴിയെ പടിഞ്ഞാറോട്ടുനോക്കി. ദിങ്മുഖം ചെഞ്ചായം പൂശിക്കഴിഞ്ഞിരുന്നു. ചെമന്ന തീക്കട്ടപോലെ ചക്രവാളസീമയിൽ ദിനകരൻ തളൎന്നുകിടക്കുന്നു. അന്തിയുടെ പൊന്നിൻവെളിച്ചത്തിൽ വൃക്ഷതലപ്പുകൾ സ്വൎണ്ണം ഉരുക്കി ഒഴിച്ചതുപോലെ കാണപ്പെട്ടു. ആ സുവൎണ്ണപ്രഭയിൽ കുളിച്ചു അയാൾ മുന്നോട്ടുനടന്നു. എൻെറ കണ്ണിൽനിന്നും മറയുന്നതുവരെ ഞാൻ അയാളെത്തന്നെ നിർന്നിമേഷം നോക്കിനിന്നു.

പടിഞ്ഞാറുനിന്നും തണുത്ത ഒരു ചെല്ലക്കാററു് ഓടിവന്നു് എന്നെ മന്ദംമന്ദം തലോടി. "ക്ലീൻ, ക്ലീൻ" എന്നു ശബ്ദിച്ചുകൊണ്ടു് കൊങ്ങിണക്കുയിലുകൾ പടിഞ്ഞാറിൻെറ മഞ്ഞവെളിച്ചത്തിൽനിന്നും പറന്നുവന്നു കിഴക്കിൻെറ നീലിമയിൽ അപ്രത്യക്ഷമായി.

—०—

(11-ാംപേജ് തുടച്ച)

ളിലൂടേയും നമ്മെ താറടിച്ചുകാണിക്കുമ്പോൾ നമുക്കു പള്ളിപ്രസംഗംമാത്രം പോരാ. ദേശീയസംസ്കാരവും കലകളും സാഹിത്യവുമെല്ലാം സഭയുടെ അനിവാൎയ്യഘടകങ്ങളാണു്. ക്രിസ്തുവിൻെറ മഹനീയതത്വങ്ങൾ പ്രചരിപ്പിക്കുവാനുള്ള മാൎഗ്ഗങ്ങളല്ലാതെ മറെറന്താണു് അവ? അവയെ നാം വേണ്ടപോലെ ഉപയോഗിക്കുന്നുണ്ടോ?

ധനവാന്മാരോടു് ഒരു വാക്കു്. കത്തോലിക്കാസഭ മുതലാളികളുടെ കൂട്ടാളിയാണെന്ന ഒരാക്ഷേപം ചിലർ പുറപ്പെടുവിക്കാറുണ്ടു്. അതു കാലഹരണപ്പെട്ടുപോയ ഒരാക്ഷേപമാണു്. എങ്കിലും നാം ഒരു കാൎയ്യം ധരിക്കണം. ധനം നമുക്കു പ്രദാനംചെയ്തതു് ദൈവമാണു്. ഒരുവൻെറ അതിരററ ആനന്ദത്തിനും സുഖത്തിനും ഉപയോഗിക്കേണ്ട ഒന്നല്ല അതു്. സമുദായത്തിൻെറ നന്മയ്ക്കു്, പരസ്നേഹത്തിൻെറ പേരിൽ, നിർല്ലോഭം ചിലവഴിക്കപ്പെടേണ്ട ഒന്നാണതു് ജീവനക്കുലി കൊടുക്കാത്തവൻ ഏഴാംപ്രമാണം ലംഘിക്കുന്നുവെന്നാണു് സഭ പഠിപ്പിക്കുന്നതു്. ഇതു നിങ്ങൾ ലംഘിക്കുന്നതുകൊണ്ടു് സഭയാണ ആക്ഷേപിക്കപ്പെടുന്നതു്. ധനത്തെ കുത്തകയാക്കാൻ സഭ ഒരിക്കലും കൂട്ടുനിൽക്കുകയില്ല. അതു വെറും വ്യാമോഹമാണു്. ദൈവത്തിനും രാജ്യത്തിനുംവേണ്ടി, ക്രിസ്തുവിൻെറ യഥാൎത്ഥ അനുയായികളാകുവാൻ കടപ്പെട്ടവരായ നാം സൎവ്വവിധത്തിലും അദ്ധ്വാനിക്കേണ്ടതാണു്. നമ്മുടെ ജനതയുടെ തലച്ചോറിൻെറ കുത്തകാവകാശം പിടിച്ചുപററാൻ ഒരുകൂട്ടർ കിണഞ്ഞുപരിശ്രമിക്കുകയാണു്. സാഹിത്യത്തിനു് സമുദായത്തിലുള്ള വിലയും സ്വാധീനശക്തിയും ഇനിയും നാം മനസ്സിലാക്കിയിട്ടില്ലെങ്കിൽ അതു കഷ്ടമാണു്. എഴുത്തുകാരൻ ഇന്നു് ഒരു ഭരണാധികാരിയെക്കാൾ കഴിവുററവനാണു്. അവൻെറ തൂലികത്തുമ്പിനാൽ ഭരണകൂടങ്ങളെപ്പോലും മറിച്ചിടുന്ന കാഴ്ച നാം കണ്ടതാണു്. ഇനിയെങ്കിലും നാം ഉണരുക. ധനം ഉപയോഗിക്കേണ്ടതായ ഈ രംഗങ്ങളിൽ അതു വിനിയോഗിക്കുക. ഇല്ലെങ്കിൽ അതിൻെറ പരിണതഫലം ഭയങ്കരമാണു്.

ഒരു മുന്നറിയിപ്പു നൽകാൻ ഞാൻ ആഗ്രഹിക്കുകയാണു്. ഒരു പക്ഷെ ഇതായിരിക്കും ദൈവം നമുക്കു അനുവദിച്ചിട്ടുള്ള അവസാനത്തെ അവസരം. ഇതു നാം നഷ്ടപ്പെടുത്തിയാൽ........പിന്നെ ഹങ്കറിയും പോളണ്ടുമെല്ലാം ഈ കൊച്ചുകേരളത്തിൽ, അല്ലാ, ഭാരതത്തിൽ മുഴുവൻ ആവൎത്തിച്ചിട്ടേ എതിരാളികൾ അടങ്ങുകയുള്ളൂ. മററു രാജ്യങ്ങളുടെ ചരിത്രം നാം കണ്ടുപഠിക്കുക. ക്രിസ്തുവിൻെറ തത്വങ്ങളെ വളച്ചൊടിക്കാൻ ആൎക്കും അവകാശമില്ല പണക്കൂമ്പാരംകൊണ്ടു് അവയെ മൂടിവയ്ക്കാനും സാദ്ധ്യമല്ല. അതെ, സമയം വൈകിയിരിക്കുന്നു. നല്ല സാഹിത്യത്തെ പ്രോത്സാഹിപ്പിക്കുക. എഴുത്തുകാരനെ പട്ടിണിക്കിടരുതേ. നമുക്കു നഷ്ടപ്പെടുവാനുള്ളതു് അല്പം ധനംമാത്രം. ലഭിക്കുവാനുള്ളതോ ഒരു ലോകം മുഴുവനും.

—०—

## അമേരിക്കൻ-വിദേശ വിദ്യാൎത്ഥിസമ്മേളനം

ഇക്കൊല്ലത്തെ അമേരിക്കയിലെ വിദേശവിദ്യാൎത്ഥികളുടെ, ആഗർബർ മിച്ചിഗണിൽ വച്ചു നടന്ന വാർഷിക കൺവെൻഷനിൽ സെൻറു് ലൂയിസു് യൂണിവേഴ്സിററി വിദ്യാൎത്ഥി പ്രതിനിധികളായി മെ ജോൎജ്ജ് ആലപ്പാട്ടും (തൃശൂർ) കുരിയാക്കോസ് തിരുവാതുക്കലും (ചേൎത്തല) സംബന്ധിച്ചിരുന്നു. ഒരു ദിവസത്തെ പൊതുസമ്മേളനത്തിൽസമ്മേളന വൈസ്പ്രസിഡണ്ടായ മി. ജോൎജ്ജാണു് ആദ്ധ്യക്ഷം വഹിച്ചതു്.

അമേരിക്കൻ സൎവ്വകലാശാലകളിൽ പഠിക്കുന്ന ആയിരക്കണക്കിനുള്ള വിദേശവിദ്യാൎത്ഥികൾ അഭിമുഖീകരിക്കുന്ന വിവിധപ്രശ്നങ്ങൾ പ്രസ്തുതസമ്മേളനത്തിൽ ചർച്ചാവിഷയങ്ങളായിരുന്നു. ഇന്ത്യാ, പാക്കിസ്ഥാൻ, സിലോൺ, ജോർഡാൻ, ഇസ്രായേൽ ഇറാൻ, ഇൻഡോനേഷ്യ, നൈജീരിയ, ഘാനാ, ജപ്പാൻ, അമേരിക്ക തുടങ്ങിയ 60-ൽ പരം രാജ്യങ്ങൾ ഇതിൽ സംബന്ധിക്കുകയുണ്ടായി. മെ. ജോർജു് ആലപ്പാട്ടും കുരിയാക്കോസ് തിരുവാതുക്കലും പ്രസ്തുത സൎവ്വകലാശാലയിലെ പി എച്ചു് ഡി വിദ്യാൎത്ഥികളാണു്.

—०—

## ഇടവകവാർത്തകൾ

**നെയ്യശ്ശേരി:** മദ്രാസ് ഗവർണർ ശ്രീ ഏ ജെ ജോണിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിന് ഒക്ടോ: 6-ാംനു ഞായറാഴ്ച രാവിലെ 9 മണിക്കു്, നെയ്യശ്ശേരിയിലെ വാളന്റിയേഴ്സിന്റെ നേതൃത്വത്തിൽ ഒരു വൻപിച്ച മൗനജാഥക്കുശേഷം ചേർന്ന മഹായോഗത്തിൽ റവ. ഫാദർ പോൾ കുഴിക്കാട്ടു് ബി ഏ അവർകൾ അദ്ധ്യക്ഷതവഹിച്ചു. വിദ്വാൻ ശ്രീ പി ജെ ജോസഫ് എം ഏ, ശ്രീ ഏ പി ഹില്ലാരിയോസ് എന്നിവർ പ്രസംഗിച്ചു. ശ്രീ പി ഒ മാത്യു അവതരിപ്പിച്ച അനുശോചനപ്രമേയം യോഗം ഐകകണ്ഠ്യേന പാസ്സാക്കി.


**വടുതല:** സെന്റു് ആന്റണീസ് പള്ളിയിൽ വി. ചെറുപുഷ്പത്തിന്റെ തിരുനാൾ ശ്രീ കോൽപ്പുറത്തു് ഈശി അവർകൾ പ്രസുദേന്തിയായി ഒക്ടോബർ 3-ാംനു വളരെ ആഘോഷമായി കൊണ്ടാടിയിരിക്കുന്നു.

**വേനപ്പാറ:** ഈ ഇടവകയിലെ സോഷ്യൽ സർവ്വീസ് ലീഗിന്റെ നേതൃത്വത്തിൽ ആരംഭിച്ചിരുന്ന വാളണ്ടിയർസ്ക്വാഡിന്റെ പരിശീലനം സെപ്റ്റം. 29-ാം തീയതി അവസാനിച്ചിരിക്കുന്നു. അന്നേദിവസം വാളണ്ടിയേഴ്സിന്റെ പ്രകടനം ഉണ്ടായിരുന്നു.

**ഇടപ്പോൺ—നൂറനാട്:** തിരുവനന്തപുരം ആർച്ചുബിഷപ്പു തിരുമനസ്സിലെ മഹനീയസാന്നിദ്ധ്യത്തിൽ, വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ തിരുനാൾ ഒക്ടോ. 6-ാംനു ഈ ഇടവകയിൽ സാഡംബരം ആഘോഷിക്കപ്പെട്ടു. 5-ാംനു വൈകുന്നേരം 5 മണിക്കു ഇടപ്പോൺ മുക്കിൽ സന്നിഹിതനായ തിരുമേനിക്കു് അവിടേയും. കുതിരക്കെട്ടുംതടം ജംക്ഷനിലുംവച്ചു് നാട്ടുകാരായ പൊതുജനങ്ങൾ ഹാർദ്ദവമായ സ്വാഗതം നൽകി. ഞായറാഴ്ച വന്ദ്യപിതാവിന്റെ മഹനീയാദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, മെ: എം കെ മാത്തുണ്ണി, പി ജി എം ദാസ് എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ വിദ്യാഭ്യാസബില്ലിൽ പ്രതിഷേധിച്ചും, ശ്രീ ഏ ജെ ജോണിന്റെ നിര്യാണത്തിൽ അനുശോചിച്ചും പ്രമേയങ്ങൾ പാസാക്കി.

**ചുള്ളിക്കൽ:** സ്ഥലം മരിയസഖ്യത്തിന്റെ ഒരു പൊതുയോഗം സ്ഥലം സ്കൂൾഹാളിൽ സെപ്റ്റംബർ 22-ാംനു ചേരുകയുണ്ടായി. യോഗത്തിൽ സഖ്യം ഡയറക്ടർ റവ. ഫാദർ മാത്യു കോതകത്തിന്റെ നാമഹേതുകത്തിരുനാൾപ്രമാണിച്ചു് മരിയസഖ്യാംഗങ്ങളുടേയും, അൾത്താരകുട്ടികളുടേയും മംഗളാശംസാപത്രങ്ങളും, ജ്ഞാനപുഷ്പമഞ്ജരികളും സമർപ്പിക്കപ്പെട്ടു. ശ്രീമാന്മാർ സി എ ജോസഫ് (ചുള്ളിക്കൽ), പി റ്റി ജോസി എന്നിവർ ഓരോ ലഘുപ്രസംഗങ്ങൾ ചെയ്തു. റവ. ഫാദർ മാത്യു കോതകത്തു് സമുചിതമായി മറുപടി പറഞ്ഞു. കുമാരി ഗ്രെയിസി അഗസ്റ്റിന്റെ ഗാനാലാപവുമുണ്ടായിരുന്നു.

## ഐക്യരാഷ്ട്രസമിതിയുടെ അന്വേഷണ റിപ്പോർട്ട്



ഹംഗറിക്കെതിരെ ആക്രമണം അഴിച്ചുവിടപ്പെട്ട ഹംഗറിയിൽ നിർത്തിയിരുന്ന റഷ്യൻസേനയും, യു എസ് എസ് ആറിൽനിന്നു അയയ്ക്കപ്പെട്ടവയും, റുമേനിയായിൽനിന്നും ചെക്കോസ്ലോവാക്കിയായിൽനിന്നും ഡാന്യൂബ്‌വഴി നീക്കപ്പെട്ടവയും എല്ലാം ഒന്നുചേർന്നു ആക്രമിച്ചു. (1957 ജൂൺ 20-ാംനു പ്രസിദ്ധപ്പെടുത്തപ്പെട്ട യു എൻ കമ്മററി റിപ്പോർട്ട്)



റേഡിയോമന്ദിരത്തിന്റെ പരിസരങ്ങളിൽ ജനങ്ങൾ തടിച്ചുകൂടി. മുകളിലെ വാതായനങ്ങളിൽനിന്നു അവരുടെമേൽ "കണ്ണീർവാതം" പ്രയോഗിച്ചു. സോവ്യററുപട്ടാളം അവർക്കെതിരെ നിറയൊഴിച്ചു. വളരെപ്പേർ കൊല്ലപ്പെട്ടു. അനേകംപേർ മുറിവേല്പിക്കപ്പെട്ടു. സമാധാനപരമായ പ്രകടനം അക്രമപ്രസക്തമായ വിപ്ലവമായിതീർന്നു. റെഡ്ക്രോസ് മുദ്ര പതിച്ച വെള്ള ആംബുലൻസുകൾ ഡോക്ടറന്മാരുടെ വേഷം ധരിച്ച റഷ്യൻപട്ടാളവുമായി തുരുതുരെ വന്നിറങ്ങി. ശുശ്രൂഷാദ്ധ്വാചികൾക്കു പകരം വെടിയുണ്ടകളാണു് ജനവ്യൂഹത്തിലേക്കു പാഞ്ഞതു്. (റിപ്പോർട്ട് 1957 ജൂൺ 20)

## കേരളവാർത്തകൾ

കേരളത്തിലെ രണ്ടാമത്തെ എഞ്ചിനീയറിംഗ് കോളേജ് തൃശ്ശൂരിൽ സ്ഥാപിക്കുവാൻ ഗവമ്മെണ്ടു് അവസാനതീരുമാനം ചെയ്തിരിക്കുന്നു. ഈ കോളേജ് 1958 ജൂൺ 1-ാംനു പ്രവർത്തനമാരംഭിക്കുമെന്നാണു പ്രതീക്ഷിക്കപ്പെടുന്നതു്.

—ഭരണകാര്യങ്ങളിൽ ഗവമ്മെന്റു ചെലവാക്കിവരുന്ന ഭാരിച്ചതുകകൾ വെട്ടിച്ചുരുക്കുവാനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു് ഭരണപരിഷ്കരണസമിതി സെക്രട്ടറി മി. കെ. എസ്. മേനോനെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിരിക്കുന്നു.

—ഒക്ടോബർ 13-ാംനു മുതൽ സംസ്ഥാനത്തു് തിരയനിവാരണവാരം ആചരിച്ചുവരുന്നു.

—കുടിയൊഴിപ്പിക്കൽ നിരുത്തിവയ്ക്കാനുള്ള ആക്ടിന്റെ കാലാവധി ഒക്ടോബർ 11-ാംനു മുതൽ 6 മാസത്തേക്കു കൂടി ദീർഘിപ്പിച്ചുകൊണ്ടു് ഗവമ്മെണ്ടു് ഒരു ഓർഡിനൻസു പുറപ്പെടുവിച്ചിരിക്കുന്നു.

—മലബാറിലെ ഡിസ്ട്രിക്ട് ബോർഡിന്റെ പ്രവർത്തനം ഒക്ടോബർ 27-ാംനു മുതൽ ഗവമ്മെണ്ടു് ഏറെറടുത്തു് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിലേക്കു് ഒരു പ്രത്യേക ഉദ്യോഗസ്ഥൻ നിയമിക്കപ്പെടുന്നതാണു്.

## ഒല്ലൂർ വി. റപ്പായേൽ മാലാഖായുടെ തിരുനാൾ

ഒല്ലൂർ ഫൊറോനാപ്പള്ളിയിൽ കൊല്ലംതോറും നടത്തിവരാറുള്ള അത്ഭുതപ്രവർത്തകനായ വി. റപ്പായേൽമാലാഖായുടെ തിരുനാൾ ഈ ഒക്ടോബർമാസം 23, 24 തീയതികളിൽ (ബുധൻ, വ്യാഴം) ആയിരിക്കുന്നതാണു്.

തീർത്ഥകർക്കു് പതിവുപോലെ എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കുന്നതാണു്.

ഒല്ലൂർ
10—10—57

എന്നു്,
ഒല്ലൂർ ഫൊ. പള്ളി വികാരി

## ഇൻഡ്യാ വാർത്തകൾ

ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്തു. ഇൻഡ്യക്കാരുടെ ശരാശരി വരുമാനം 22 ക. വർദ്ധിച്ചിട്ടുണ്ടെന്നു റിപ്പോർട്ടു ചെയ്യപ്പെടുന്നു. അതായതു് 1951-52-ൽ ശരാശരി വരുമാനം 250 ക. ആയിരുന്നതു് 1955-56-ൽ 272.1 ക. യായി വർദ്ധിച്ചു.

—ആഡംബരസാധനങ്ങളുടെ വില്പനനികുതി നിരക്കു വർദ്ധിപ്പിക്കുവാൻ ഇൻഡ്യാ ഗവമ്മെണ്ടു തീരുമാനിച്ചിരിക്കുന്നു.

—1956-ൽ ഇൻഡ്യയുടെ വിദ്യാഭ്യാസച്ചിലവു് 189 കോടിക. യായിരുന്നെന്നു് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

—വർത്തമാനപ്പത്രങ്ങളുടെ പേജു-വിലപ്പട്ടിക ഈ മാസത്തിൽ പ്രഖ്യാപിക്കുന്നതാണെന്നു് കേന്ദ്രമന്ത്രി കേസ്കർ പ്രസ്താവിച്ചിരിക്കുന്നു.



വി. പത്താംപിയൂസിന്റെ മാദ്ധ്യസ്ഥതാലും തിരുകുടുംബ സഭാസ്ഥാപകയായ ബ. മറിയം ത്രേസ്യാമ്മയുടെ അപേക്ഷയാലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

കെ. റ്റി. മരി, ഏേനൂർ

## വിദേശവാർത്തകൾ

പാക്കിസ്ഥാൻ പ്രധാനമന്ത്രി മി. എച്ചു് എസ് സുഹ്രവർദ്ദി തന്റെ ഗവമ്മെണ്ടിനു് റിപ്പബ്ലിക്കൻ പാർട്ടിയുടെ പിന്തുണ നഷ്ടപ്പെട്ടതിനെത്തുടർന്നു രാജി വച്ചിരിക്കുന്നു. രാജി പ്രസിഡണ്ടു് സ്വീകരിച്ചിട്ടുണ്ടെങ്കിലും പുതിയ ക്രമീകരണങ്ങൾ നടപ്പിൽ വരുന്നതുവരെ അധികാരത്തിൽ തുടരാൻ അദ്ദേഹത്തോടാവശ്യപ്പെട്ടിരിക്കയാണു്.

—അമേരിക്കയിലെ രണ്ടാഴ്ചത്തെ പര്യടനത്തിനുശേഷം ഇന്ത്യൻ ധനകാര്യമന്ത്രി കൃഷ്ണമാചാരി ലണ്ടനിലേക്കു പുറപ്പെട്ടിരിക്കുന്നു. തന്റെ അമേരിക്കൻ സന്ദർശനം തികച്ചും തൃപ്തികരമായിരുന്നുവെന്നു് യാത്രാമദ്ധ്യേ അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

—നിരായുധീകരണ ചർച്ചകൾ ഐക്യരാഷ്ട്ര പൊളിററിക്കൽ കമ്മിററി പുനരാരംഭിച്ചിരിക്കുന്നു. അന്തരീക്ഷത്തിലേക്കു് റോക്കററുകൾ അയക്കുന്നതു സംബന്ധിച്ചു് ഒരു നിയന്ത്രണപദ്ധതി ആവിഷ്കരിക്കാൻ അമേരിക്ക സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടു്.

—സോവ്യററു റഷ്യ അന്തരീക്ഷ നിരീക്ഷണാർത്ഥം എയ്തുവിട്ടിരിക്കുന്ന കൃത്രിമ ചന്ദ്രൻഭൂമിയെ ഇപ്പോഴും ചുററിക്കൊണ്ടിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. കൃത്രിമചന്ദ്രനെ തൊടുത്തുവിട്ട റോക്കററും ഒരു സംരക്ഷകസൂചിസ്തംഭവും അതിനെ അനുധാവനം ചെയ്തുകൊണ്ടിരിക്കുന്നുണ്ടത്രെ.


—o—

വിശുദ്ധകൊച്ചുത്രേസ്യായുടേയും സിസ്റ്റർ അൽഫോൻസായുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ, താമസിച്ചതിനു ക്ഷമാപണം.

പി. ജെ. ഏ., മണപ്പുറം

## മിലാൻ രൂപതയിൽ പൊതുധ്യാനം

മിലാൻ രൂപതയിൽ ഒന്നാകെ അസാധാരണമായ ഒരു പൊതുധ്യാനം നവംബർ 3 മുതൽ 17 വരെ തീയതികളിൽ നടത്തുന്നതിനുള്ള പരിപാടികൾ സജ്ജീകൃതമായിരിക്കുന്നു. മിലാനിലെ മെത്രാപ്പോലീത്താ മൊന്തീനി തിരുമനസ്സുകൊണ്ടാണു് അതാസൂത്രണം ചെയ്തിട്ടുള്ളതു്. "ദൈവം നമ്മുടെ പിതാവു്" എന്നുള്ള വിഷയത്തെ ക്രോഡീകരിച്ചു് അതിരൂപതയുടെ എല്ലാ പ്രധാന ദേവാലയങ്ങളിലും ഒരേസമയത്തു 1000 ധ്യാനപ്രസംഗകർ പ്രസംഗിക്കുന്നതായിരിക്കും. ധ്യാനപ്രസംഗകരുടെ ഗണത്തിൽ രണ്ടു കർദ്ദിനാളന്മാരും 22 മെത്രാന്മാരും ഉൾപ്പെടുന്നു. ജനോവായിലെ ആർച്ചുബിഷപ്പായ അത്യുന്നത കർദ്ദിനാൾ സീറിയും ബൊലോഞ്ഞായിലെ അത്യുന്നത കർദ്ദിനാൾ ലെക്കാറോയുമാണു് കർദ്ദിനാൾ പ്രസംഗികർ.



# സത്യദീപം

പത്രാധിപന്മാർ

ഷവലീ റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. || 1957 OCTOBER 16 || No. 10


## അൽമായപ്രേഷിതകോൺഗ്രസ്സ്

ഒക്ടോബർ 5-ാംതീയതി മുതൽ 13-ാംതീയതിവരെ നിത്യനഗരമായ റോമയിൽ അത്യധികം പ്രാധാന്യമർഹിക്കുന്ന ഒരു മഹാസമ്മേളനം നടന്നുകൊണ്ടിരിക്കുകയായിരുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നായി 2000-ത്തിൽപരം അത്മായപ്രതിനിധികൾ നിരവധി മെത്രാന്മാരുടേയും പല കർദ്ദിനാളന്മാരുടേയും സാന്നിദ്ധ്യത്തിൽ ഗുരുതരമായ ഒരു പ്രശ്നത്തെ പ്രസ്തുത "അൽമായപ്രേഷിതത്വത്തിന്റെ രണ്ടാം സാർവ്വലൗകികസമ്മേളനത്തിൽ" ചർച്ചചെയ്തു. എന്തായിരുന്നു അവരുടെ ചർച്ചാവിഷയം? "ആധുനികലോകത്തിലെ ഈ വിപൽസന്ധിയിൽ അൽമായജനത്തിന്റെ കർത്തവ്യങ്ങളും അതിനവരെ സുശിക്ഷിതരാക്കേണ്ട മാർഗ്ഗങ്ങളും" എന്നതായിരുന്നു സമ്മേളനത്തിലെ പൊതുവായ പ്രതിപാദ്യം. രണ്ടു ലോകമഹായുദ്ധങ്ങളേയും, സാങ്കേതികവും വ്യാവസായികവുമായ രംഗങ്ങളിൽ അപ്രതീക്ഷിതങ്ങളും അത്ഭുതാവഹങ്ങളുമായ നിരവധി പരിവർത്തനങ്ങളേയും പിന്നിട്ടുകഴിഞ്ഞിട്ടുള്ള ആധുനികലോകത്തിന്റെ നൂതനപരിതസ്ഥിതികളിൽ, മാനവസമുദായത്തിന്റെ ആദർശാഭിലാഷങ്ങളുടെ വ്യതിയാനങ്ങൾക്കനുസരണമായ ഒരു പുതുക്കിപ്പണിയൽ അൽമായപ്രേഷിതത്വത്തെ സംബന്ധിച്ചും അവശ്യം ആവശ്യമാണെന്നുള്ളതിൽ പക്ഷാന്തരമുണ്ടാകുവാൻ വഴിയില്ല. മനുഷ്യവംശത്തിന്റെ കാലാനുസൃതമായ പുരോഗതിക്കൊത്തു അവക്കനിവാര്യമായ ആദ്ധ്യാത്മികചൈതന്യത്തെ പ്രദാനംചെയ്യുന്നതിനു ബാദ്ധ്യസ്ഥയായിരിക്കുന്ന കത്തോലിക്കാതിരുസഭ, ലോകത്തിന്റെ അതിർത്തികൾവരേയും ക്രിസ്തുവിന്റെ സന്ദേശം ഏതേതു സാഹചര്യങ്ങളിലും ഉദീരണം ചെയ്യേണ്ടിയിരിക്കുന്നു. "നിങ്ങൾ പോയി എല്ലാം ജാതികളേയും പഠിപ്പിക്കുവിൻ" എന്നുള്ള ക്രിസ്തുവിന്റെ ആജ്ഞ അലംഘനീയമാണ്. തിരുസഭയെ നയിക്കുന്ന പരിശുദ്ധാത്മാവ് ഈ കൃത്യനിർവ്വഹണത്തിൽ കാലാനുസൃതമായി അതിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതെങ്ങിനെയാണ് പ്രായോഗികവും ഫലപ്രദവുമാക്കുക എന്നുള്ളതാണ് പ്രശ്നം. അതുകൊണ്ട് ഇതിൽ അൽമായപ്രേഷിതത്വത്തിന്റെ പ്രവർത്തനമെന്തായിരിക്കണമെന്നു നിർണ്ണയിക്കുകയായിരുന്നു കോൺഗ്രസ്സിന്റെ കർത്തവ്യം.

കോൺഗ്രസ്സിന്റെ ചർച്ചാപരിപാടികൾ വളരെ വിദഗ്ദ്ധമായി ആസൂത്രണം ചെയ്യപ്പെട്ടിരുന്നു. ഒന്നാമതായി പ്രശ്നത്തിന്റെ തത്വപരമായ വശമാണ് അതിൽ ചിന്താവിഷയമാക്കപ്പെട്ടതു്. പരിശുദ്ധപിതാവിനാൽതന്നെ നിയോഗിക്കപ്പെട്ടിട്ടുള്ള പണ്ഡിതന്മാരായ മെത്രാന്മാരും വിദഗ്ദ്ധന്മാരായ ദൈവശാസ്ത്രജ്ഞന്മാരും അതിനു നേതൃത്വം നൽകി. പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാതിരുമനസ്സിലെ പ്രോ-സ്റ്റേററ്സിക്രട്ടറിയായിരുന്ന മിലാൻ മെത്രാപ്പോലീത്താ മോൺ. മൊന്തീനി, ലാററിൻ അമേരിക്കൻ ബിഷപ്പ്സ് കൗൺസിൽ വൈസ്ചെയർമാനും ഇൻറർ അമേരിക്കൻ കാത്തലിക്ക് ആക്ഷൻ സെക്രട്ടറിയേററിലെ വൈദികഅസിസ്റ്റൻറുമായ ടാൽക്കായിലെ മെത്രാൻ മോൺ. മാനുവൽ ലാറേയ്ൻ മുതലായ വൈദികാദ്ധ്യക്ഷന്മാരും, ഡോക്ടർ ഫ്റാൻസീസ് ജെ ഷീഡ്, സ്പാനിഷ് കാത്തലിക്ക് ആക്ഷൻ പ്രസിഡൻറ് മി. അൻേറാണിയോ ലോപ്പസ് മുതലായ പ്രസിദ്ധ അൽമായശാസ്ത്രജ്ഞന്മാരും അവരുടെ പണ്ഡിതമായ പ്രഭാഷണങ്ങൾകൊണ്ട് ഈ വശത്തെ വിശദമാക്കി. ഇപ്രകാരം അൽമായ പ്രേഷിതത്വത്തിന്റെ ശാസ്ത്രീയവശം വിശദമാക്കിയ ശേഷം അതിനെ ഇന്നത്തെ സാഹചര്യങ്ങളിൽ പ്രായോഗികമാക്കുന്നതിനുള്ള പദ്ധതികളിലേക്കു ചർച്ചകൾ നയിക്കപ്പെട്ടു. നലംതികഞ്ഞ ചൈനീസ് തത്വചിന്തകനും, നിയമജ്ഞനും, എഴുത്തുകാരനുമായ മുൻവത്തിക്കാൻ മിനിസ്റ്റർ ഡോക്ടർ ജോൺ സി എച്ച് വൂ, സുപ്രസിദ്ധ ഫ്റഞ്ചു സാമൂഹികശാസ്ത്രജ്ഞനായ മി. ജോസഫ് ഫോലിയെ മുതലായ പണ്ഡിതന്മാരാണ് ഈ സംരംഭത്തിൽ നേതൃത്വം വഹിച്ചതു്. കൂടാതെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും വന്നുചേർന്നിരുന്ന നേതാക്കന്മാരും അവരുടെ വ്യാപകമായ പരിചയങ്ങളെ വിശദീകരിച്ചു ചർച്ചകൾക്കു പ്രകാശനം നൽകി. പ്രശ്നത്തിന്റെ താത്വികമായ നിലയും പ്രായോഗികമായ കർത്തവ്യങ്ങളും വ്യവസ്ഥാപിച്ചശേഷം പ്രവർത്തനസരണികളിലേക്കിറങ്ങി പരിചിന്തനങ്ങൾ. കുടുംബത്തിലും, വിദ്യാലയത്തിലും, ഇടവകകളിലും എങ്ങിനെയാണ് അൽമായ അപ്പസ്തോലന്മാരെ കരുപ്പിടിപ്പിക്കുക, യുവജനസംഘടനകളെ എങ്ങിനെയാണ് അപ്പസ്തോലപരമായ പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കുക, ബുദ്ധിജീവികളുടെ ഇടയിലും തൊഴിലാളിവൃന്ദത്തിന്റെ ഇടയിലും ഏതേതുവിധത്തിലുള്ള പ്രസ്ഥാനങ്ങളാണ് ഫലപ്രദമാവുക, ഈ പ്രവർത്തനങ്ങളിൽ മുദ്രാലയം ചലച്ചിത്രങ്ങൾ റേഡിയോ ടെലവിഷൻ മുതലായ ഉപാധികളെ എങ്ങിനെയാണ് പ്രയോജകീഭവിപ്പിക്കുക എന്നെല്ലാം വ്യക്തമാക്കുന്നതിനും അതതു സാഹചര്യങ്ങളിലെ സൗകര്യങ്ങൾ അനുസരിച്ചു അവയെ എല്ലാം ഒരു നിശ്ചിതലക്ഷ്യവും പരിപാടിയും ആലംബമാക്കി ഫലപ്രദമായി ഉപയോഗിക്കുന്നതിനുമുള്ള പ്രായോഗികമാർഗ്ഗങ്ങളായിരുന്നു അവർ അവധാനപൂർവ്വം പരിചിന്തിച്ചതു്. ലോകവ്യാപകവും അനുദിനമെന്നവണ്ണം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നതുമായ വിവിധ പ്രശ്നങ്ങൾക്കെല്ലാം ആത്യന്തികമായ ഒരു സമാധാനം ഈ ചർച്ചകൾമൂലം കൈവന്നു എന്നല്ല ഇതിനർത്ഥം. വൈവിദ്ധ്യംനിറഞ്ഞ ആശയങ്ങളേയും അനുഭവങ്ങളേയും പരാമർശിച്ചു പഠനംനടത്തുന്നതിനും ആധുനികപ്രശ്നങ്ങളെ പല വശങ്ങളിൽനിന്നും സമീപിക്കുന്നതിനുള്ള പുതിയ പ്രകാശനങ്ങൾ പരസ്പരം കൈമാറുന്നതിനും അങ്ങിനെ പരിചിന്തിതവും പക്വവുമായ ആശയങ്ങളുടെ വെളിച്ചത്തിൽ ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള ഒരു പ്രചോദനം നൽകുക ഇതു മാത്രമാണ് ഈ ചുരുങ്ങിയ ദിവസങ്ങളിലെ പരിപാടികൾകൊണ്ടു നേടിയിട്ടുള്ളതും നേടുവാൻ കഴിയുന്നതും. സാക്ഷാത്തായ പ്രവർത്തനങ്ങൾ അതിനെ പിൻതുടരേണ്ടിയിരിക്കുന്നു. 1956-ലെ ക്രിസ്തുമസ്കാലത്തു റോമിൽ നടന്ന പരിപാടികളിൽ സംബന്ധിച്ചു മടങ്ങിയ ഏഷ്യൻവിദ്യാർത്ഥികൾ സമഞ്ജസമായി വിവരിച്ച അവരുടെ അനുഭവമായിരിക്കും ഈ കോൺഗ്രസ്സമ്മേളനം കഴിഞ്ഞുമടങ്ങുന്ന ഓരോ പ്രതിനിധിയും അവരോടുകൂടി കൊണ്ടുപോവുക. "റോമിലെ സമ്മേളനത്തിൽനിന്നു ഞങ്ങൾ ഞങ്ങളോടുകൂടി എന്തുകൊണ്ടുപോന്നു? — സർവ്വോപരിയായിട്ടുള്ളതു് ഞങ്ങളുടെ കർത്തവ്യങ്ങളെക്കുറിച്ചുള്ള ഒരു പുതിയ ആത്മബോധംതന്നെ...... ഈ അപ്പസ്തോലികാവബോധം കൈവരിക്കുന്നതിനു് "റോമിന്റെ ത്രസിക്കുന്ന ഹൃദയത്തിൽ" പരിശുദ്ധപിതാവിന്റെ സവിധത്തിൽ ഒന്നിച്ചുചേരുക എന്നതു് നിസ്സാരമായൊരനുഗ്രഹമല്ല...... ദൈവാനുഗ്രഹങ്ങൾ യാചിച്ചുകൊണ്ട്, കൈവിരിച്ചുപിടിച്ചു പരിശുദ്ധപിതാവു നടത്തിയ പ്രാർത്ഥന, ഭൂഗർഭാലയങ്ങളിൽ മുക്തകണ്ഠം ഞങ്ങളാലപിച്ച "വിശ്വാസപ്രമാണം" ഇവയെല്ലാം വിസ്മൃതിയിൽ ആണ്ടുപോകുവാൻ കഴിയാത്ത അനുഭവങ്ങളാണ്" എന്നത്രെ അവർ ഹൃദയം തുറന്നു പ്രസ്താവിച്ചതു്.

ആധുനികസാഹചര്യങ്ങളിൽ തിരുസഭയുടെ ദൗത്യം സഫലമാകുന്നതിനു ഏററം അത്യാവശ്യമായിട്ടുള്ളതു് തിരുസഭാംഗങ്ങളായ എല്ലാ കത്തോലിക്കരുടേയും ഒത്തൊരുമിച്ചുള്ള ലോകസേവനമാണ്. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയാണ് ഭാഗ്യസ്മരണാർഹനായ പരിശുദ്ധ പിതാവ് 11-ാം പീയൂസ് മാർപ്പാപ്പാ കത്തോലിക്കാപ്രവർത്തനമെന്ന മഹാസംരംഭത്തെ സംഘടിപ്പിക്കുകയും ലോകത്താകെ അതിനു പ്രചുരപ്രചാരം സിദ്ധിക്കുന്നതിനുവേണ്ടി അവിശ്രമം പരിശ്രമിക്കുകയും ചെയ്തതു്. വൈദികവിഭാഗവും അൽമായവിഭാഗവും ഒന്നുചേർന്നു ക്രിസ്തുവിന്റെ രാജ്യത്തെ പ്രചരിപ്പിക്കുന്നതിനും സുസ്ഥിരമാക്കുന്നതിനുമുള്ള ഒരാഹ്വാനമായിരുന്നു അതു്. ആധുനികകാലത്തെ അൽമായപ്രേഷിതത്വപ്രസ്ഥാനം അതിന്റെ കൂടുതൽ വിശദവും പ്രവർത്തനക്ഷമവുമായ ഒരു പ്രകടനമാണ്. ക്രിസ്തുവിന്റെ മൗതികശരീരമായ തിരുസഭയിൽ വൈദികരും സന്യാസികളും അൽമായരുമെല്ലാം ഒരേയൊരു അപ്പസ്തോലവേലയിലാണ പങ്കെടുക്കുന്നതു്. സജീവമായ ഒരു ശരീരത്തിലെ വിവിധാവയവങ്ങളെന്നപോലെ ഒന്നിച്ചും ഏകമതിഭാവത്തിലും വർത്തിക്കുകയും പ്രവർത്തിക്കുകയും സഹകരിക്കുകയും ചെയ്യേണ്ടതു അതിന്റെ ഘടനാവിശേഷത്തിൽതന്നെ അന്തർസ്ഥിതമായിട്ടുള്ള ഒരു സവിശേഷതയാണ്. തിരുസഭയുടെ പരമ്പരാഗതമായ പ്രബോധനങ്ങളിലും പ്രവർത്തനപരിപാടികളിലും ഇതു ലയിച്ചുകിടപ്പുണ്ട്. ആധുനികരീതിയിൽ അതാവിഷ്കരിക്കപ്പെടണമെന്നതാണാവശ്യം. കോൺഗ്രസ്സിന്റെ പ്രധാനലക്ഷ്യങ്ങളിൽ അതുൾപ്പെട്ടിട്ടുണ്ട്. കോൺഗ്രസിന്റെ വിദഗ്ദ്ധമായ ചർച്ചകളിൽ അതു വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

തിരുസഭ ഏകമാത്രമാണ്. അൽമായർ, സന്യാസികൾ, വൈദികർ, മെത്രാന്മാർ എന്നിങ്ങനെ അതിൽ വിവിധസ്ഥിതികളിലുള്ള അംഗങ്ങളുണ്ടെങ്കിലും സഭയുടെ ദൗത്യം ഒന്നുതന്നെയാണ് — ജനതയെ ദൈവരാജ്യത്തേക്കാനയിക്കുക. അതിനായി രക്ഷാമാർഗ്ഗങ്ങളെ വിതരണം ചെയ്യുന്നതിനും സമൂഹത്തിന്റെ മതാത്മകമായ ജീവിതത്തെ നിയന്ത്രിക്കുന്നതിനുമുള്ള കർത്തവ്യം വൈദികരിൽ നിക്ഷേപിച്ചിരിക്കുന്നു. അവർ സ്വീകരിക്കുന്ന തിരുപ്പട്ടമെന്ന കൂദാശയാണ് ഇതിനവരെ അധികാരപ്പെടുത്തുന്നതു്. ഈ കൃത്യനിർവ്വഹണത്തിന്റെ സൗകര്യത്തിനുവേണ്ടി അവർ ലൗകികമാത്രമായ ചില പ്രവർത്തനരംഗങ്ങളിൽനിന്നു ഏറെക്കുറെ അകന്നിരിക്കുന്നു. സന്യാസവിഭാഗത്തിന്റെ കർത്തവ്യം മറെറാന്നാണ്. ലോകസംബന്ധമായ കാര്യങ്ങളിൽനിന്നു പ്രത്യേകമായ രീതിയിൽ അവർ അകന്നിരിക്കുകയാണ്. അവരുടെ പ്രവർത്തനലക്ഷ്യം പൊതുജീവിതമുറകളിലൂടെയും ക്രിസ്തുവിന്റെ സുവിശേഷോപദേശങ്ങളെ അക്ഷരാർത്ഥത്തിൽ പ്രായോഗികമാക്കിക്കൊണ്ടും ദൈവരാജ്യത്തിന്റെ പ്രതീതി തിരുസഭയിൽ ഇഹത്തിൽതന്നെ പ്രതിഫലിപ്പിക്കുകയത്രെ. മേല്പറഞ്ഞ രണ്ടുവിധത്തിലുള്ള പ്രത്യേകദൈവവിളികളും അൽമായരുടെ ജീവിതത്തിൽ ഉൾക്കൊള്ളുന്നില്ല. സാമാന്യതരമായ അവരുടെ ദൈവവിളി, വൈദികവിഭാഗം ശുശ്രൂഷിക്കുന്നതും സന്യാസവിഭാഗം അത്ഭുതാവഹമായ വിധത്തിൽ ലോകത്തിൽ സ്വജീവിതപരിപൂർണ്ണതയാൽ പ്രകടമാക്കുന്നതുമായ തിരുസഭയുടെ ദൈവപ്രസാദവരപ്രവർത്തനത്തെ സജ്ജീകരിക്കുകയും പുരോഗമിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുകയെന്നുള്ളതാണ്. ദൈവപ്രസാദവരത്തിന്റെ പ്രവർത്തനത്തെ കൂടുതൽ സന്നദ്ധതയോടും ആഴമായും വിപുലമായും സ്വീകരിക്കുകയും ഫലദായകമാക്കുകയും ചെയ്യുന്നതിലാണ് അതടങ്ങിയിരിക്കുന്നതു്. ഇപ്രകാരം ക്രിസ്തുവിന്റെ ദൗത്യനിർവ്വഹണത്തിനായി വൈദികരും സന്ന്യാസികളും അൽമായരും വിവിധങ്ങളായ അധികാരകർത്തവ്യങ്ങളോടെ നിയോഗിക്കപ്പെട്ടിരിക്കുന്നുവെങ്കിലും ആ പ്രവർത്തനങ്ങളെല്ലാം തമ്മിൽ തമ്മിൽ കോർത്തിണക്കിയിട്ടുള്ളവയും പരസ്പരം പൂർത്തീകരിക്കുന്നവയുമാണെന്നു കാണാം. അതുകൊണ്ടാണ് അത്മായവിഭാഗത്തിന്റെ അപ്പസ്തോലികജോലി തിരുസഭയിൽ മററുള്ള അപ്പസ്തോലികകൃത്യങ്ങളിൽനിന്നു വ്യതിരിക്തമല്ലെന്നും ഒരേ ദൗത്യനിർവ്വഹണത്തിന്റെ സംഘടിതമായ ഭാഗമാണെന്നും തിരുസഭ പഠിപ്പിക്കുന്നതു്. അൽമായശബ്ദത്തിന്റെ അർത്ഥത്തെപ്പററിയുള്ള ഒരു തെററിദ്ധാരണയും ചില അബദ്ധ അനുമാനങ്ങൾക്കു അവസരം നൽകുന്നുണ്ട്. അതിന്റെ മൂലമായഗ്രീക്കുപദത്തിന്റെ (Laos) അർത്ഥം സൂചിപ്പിക്കുന്നതു് വേദപുസ്തകഭാഷയിൽ "ദൈവത്തിന്റെ ജനത്തിലെ അംഗം" എന്നാണ്. ഇതേപ്പററി ഒരു മികച്ച ഭാഷാപണ്ഡിതനായ മോൺ: ജെരാർഡ് ഫിലിപ്സ് കോൺഗ്രസ്സിന്റെ ഒരു പ്രാരംഭയോഗത്തിൽ വിശദീകരിച്ചതിപ്രകാരമാണ്: "തിരുസഭയ്ക്കു പുറത്തു് ലോകസംബന്ധമായ കാര്യങ്ങളിൽ പ്രവർത്തിക്കുന്ന മനുഷ്യരെ നാം കാണുന്നു. അവർ ശരിയായ അർത്ഥത്തിൽ "അൽമായ"(Laymen)രല്ല. കാരണം അൽമായർ നിത്യരക്ഷ ഉൾക്കൊള്ളുന്ന ഒരു സമൂഹത്തിലെ അംഗങ്ങളാണ്. അൽമായൻ എന്നതു് ഒരു ലൗകികമനുഷ്യനല്ല; പ്രത്യുത ലൗകികരംഗത്തു ജീവിക്കുന്ന ഒരു ക്രിസ്ത്യാനിയാണ്."

ഈ വീക്ഷണഗതിയിൽവേണം അത്മായപ്രേഷിതത്വത്തെ മനസ്സിലാക്കുന്നതിനും അതിന്റെ പ്രായോഗികപദ്ധതികൾ രൂപവല്ക്കരിക്കുന്നതിനും. അതിന്റെ പ്രവർത്തനങ്ങൾ വ്യാപിക്കേണ്ട രംഗങ്ങൾ വിപുലങ്ങളും വിവിധങ്ങളുമാണ്. മതപരമായ വിദ്യാഭ്യാസം പ്രദാനംചെയ്യുക, വിദ്യാഭ്യാസപ്രശ്നങ്ങളെ നേരിടുക, സാമൂഹികമായ സേവനരംഗങ്ങളിൽ പ്രവർത്തിക്കുക, വേദപ്രചാരപരമായ കർത്തവ്യങ്ങൾ യഥാവിധി നിർവ്വഹിക്കുക, സാമൂഹികവും, സാങ്കേതികവും, സംസ്കാരപരവും, രാഷ്ട്രീയവുമായ രംഗങ്ങളിൽ ക്രിസ്തീയാദർശങ്ങൾ പ്രചരിപ്പിക്കുന്നതിനു നേതൃത്വം നൽകുക, തിരുസഭക്കെതിരായ സംരംഭങ്ങളെ ചെറുത്തു് സഭാസ്വാതന്ത്ര്യം സുരക്ഷിതമാക്കുക മുതലായി കാലദേശസാഹചര്യങ്ങളുടെ വൈവിദ്ധ്യങ്ങൾക്കനുസരിച്ചു് സേവനമനുഷ്ഠിക്കുന്നതിനു ക്രിസ്തുവിന്റെ യോദ്ധാവായ അവൻ സർവ്വദാ സന്നദ്ധനായിരിക്കണം. ഇതിലാണ് അത്മായപ്രേഷിതത്വം പ്രായോഗികവും സഫലവുമാകേണ്ടതു്. വേദപ്രചാരഞായർ ആഘോഷിക്കുന്ന ഈ ശുഭാവസരത്തിൽ ഓരോ കത്തോലിക്കനും ഇതേപ്പററി അവഗാഢം പരിചിന്തിക്കട്ടെ.

### പ്രസാധകക്കുറിപ്പുകൾ

## കേരളത്തിൽ ഹംഗറി ആവർത്തിക്കുന്നു

### മി. പി. ഹോർവാത്ത്

സുപ്രസിദ്ധ ഹങ്കേറിയൻ സാഹിത്യകാരനായ മി. പലോസി ഹോർവാത്ത് ന്യൂഡൽഹിയിൽ വച്ചു് നടന്ന ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് അഫേഴ്സിന്റെ ഒരു യോഗത്തിൽ പ്രസംഗിക്കവെ ഇന്നത്തെ കേരളസ്റ്റേററിലെ കമ്മ്യൂണിസ്റ്റ് ഭരണതന്ത്രത്തെ പരാമർശിച്ചും അതിനെ ഹംഗറിയിൽ നടന്ന സംഭവങ്ങളോടു തുലനംചെയ്തും ഒരു മുന്നറിയിപ്പു നൽകുകയുണ്ടായി: രണ്ടാംലോകമഹായുദ്ധത്തെ തുടർന്നു ഹംഗറിയിലുണ്ടായ അതേ സ്ഥിതിവിശേഷങ്ങളാണ് ഇന്നു കേരളത്തിൽ ആവിർഭവിച്ചിരിക്കുന്നതു്. അവിടെ രാഷ്ട്രീയാധികാരം പൂർണ്ണമായും കയ്യടക്കുവാൻ കമ്മ്യൂണിസ്റ്റ് പാർട്ടി ശ്രമിക്കുകയായിരുന്നു. അതേ സ്ഥിതിഗതികൾ കേരളത്തിലും അതേപടി പകർത്തുകയാണ് ഇന്നവർ ചെയ്യുന്നതു്. ഹംഗറിയിൽ വ്യവസായങ്ങൾ യാതൊന്നും ദേശീകരിക്കുകയില്ലെന്നു യുദ്ധാനന്തരം കമ്മ്യൂണിസ്റ്റ്പാർട്ടി പ്രഖ്യാപിച്ചു. സ്വകാര്യ ഉടമകൾ കൂടുതൽ മൂലധനമിറക്കുന്നതിനു വേണ്ടി കരുതിക്കൂട്ടിച്ചെയ്ത ഒരു പ്രസ്താവമായിരുന്നു അതു്. അതുപോലെ കർഷകർക്കു സ്വന്തമായി ഭൂമികളും കൊടുത്തു. കുറച്ചുവർഷം കഴിഞ്ഞു് അധികാരം പൂർണ്ണമായും പാർട്ടിക്കു കൈയടങ്ങിയപ്പോൾ വ്യവസായികളെയെല്ലാം തുറുങ്കിലടയ്ക്കുകയും കർഷകരെ അവരുടെ കൃഷിഭൂമികളിൽ നിന്നാട്ടിപ്പായിക്കുകയും ചെയ്തു. കേരളത്തിലും കമ്മ്യൂണിസ്റ്റുകൾ ഇന്നു പ്രഖ്യാപിക്കുന്നതു് വ്യവസായങ്ങൾ ദേശീകരിക്കുകയില്ലെന്നാണ്. പക്ഷെ അനന്തരഫലം ഹംഗറിയിലേതിൽനിന്നുവ്യത്യസ്തമായിരിക്കുകയില്ല. ഹംഗറിയിൽ കഴിഞ്ഞകൊല്ലം നടമാടിയ ദേശീയ വിപ്ലവത്തെപ്പററിയും അദ്ദേഹം പരാമർശിച്ചു: ഹംഗേറിയൻ വിപ്ലവം ഒരു ദേശീയവിപ്ലവമായിരുന്നു. പാശ്ചാത്യശക്തികളോ റഷ്യക്കാരോ അതിൽ ഇടപെടുന്നതു് ഹംഗേറിയൻ ജനത ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. വിപ്ലവം കാലേക്കൂട്ടി പ്ലാൻ ചെ

സ്ഥിരുന്ന ഒന്നല്ല. അതു പൊട്ടുന്നവേ പൊട്ടിപ്പുറപ്പെട്ടതാണ്. റഷ്യയുടെ അനീതിപരമായ വാണിജ്യനയത്തെപ്പററി അദ്ദേഹം പറഞ്ഞതിപ്രകാരമാണ്: റഷ്യ ഹങ്കറിയിൽനിന്നു കുറഞ്ഞ വിലയ്ക്കു ഗോതമ്പു വാങ്ങി ഇരട്ടി വിലയ്ക്കു പോളണ്ടിനു് വില്ക്കുന്നു. അതുപോലെ പോളണ്ടിൽനിന്നു കല്ക്കരി കുറഞ്ഞവിലയ്ക്കു വാങ്ങി ഇരട്ടി വിലയ്ക്കു ഹങ്കറിക്കും വിററുകൊണ്ടിരിക്കുന്നു. പൂർവ്വയൂറോപ്യൻ രാജ്യങ്ങൾതമ്മിൽ കച്ചവടം നടത്താനോ മററു ബന്ധങ്ങൾ പുലത്താനോ റഷ്യ സമ്മതിക്കുകയില്ല റഷ്യയ്ക്കെതിരായി ഹങ്കറിയിൽ നടന്ന വിപ്ലവം ഫാസിസ്റ്റ് പ്രചോദിതമാണെന്നുള്ള റഷ്യയുടെ വാദം ഒരു പച്ചക്കള്ളം മാത്രമാണ്. മി. പാലോസി ഫോർവാത്തിൻെറ ഈ താരതമ്യപരാമർശനം ഇന്ത്യൻ ജനതയുടേയും പ്രത്യേകിച്ചു കേരളീയരുടേയും സത്വരശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണ്. പൂർവ്വയൂറോപ്യൻ സ്വതന്ത്രരാജ്യങ്ങളെ ഒന്നൊന്നായി കൗടില്യപൂർവ്വം കയ്യടക്കിയ അതേതന്ത്രങ്ങൾ റഷ്യ ഇപ്പോൾ ഏഷ്യൻ രാജ്യങ്ങളിൽ പ്രയോഗിക്കുകയാണ്. വ്യാമോഹിപ്പിക്കുന്ന വാഗ്ദാനങ്ങളും തമ്മിൽ തല്ലിക്കുന്ന കൗശലങ്ങളും നുഴഞ്ഞുകയറുന്ന സമ്പ്രദായങ്ങളും കൈയടങ്ങുന്നവയെ നിർജ്ജീവമാക്കുന്ന അടവുകളും അവർക്കു സ്വായത്തമാണ്. അവയെ ഏതു വിധത്തിലും പ്രയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യവും അവരുടെ തത്വമീമാംസയിൽ തെളിഞ്ഞു കിടപ്പുണ്ട്. ആകയാൽ മുമ്പുമുമ്പു സംഭവിച്ചിട്ടുള്ള ചരിത്രപാഠങ്ങളെ മനസ്സിലാക്കി കമ്മ്യൂണിസ്റ്റ് റഷ്യയുടെ വഞ്ചനയിൽ കുടുങ്ങാതിരിക്കുവാൻ സ്വതന്ത്രരാജ്യങ്ങളും ജനങ്ങളും ശ്രദ്ധാലുക്കളാകേണ്ടതാണ് കരണീയം.

× × ×

## വിധവകളുടെ പുനർവിവാഹത്തെപ്പററി മാർപ്പാപ്പാ

“കുടുംബസംഘടനകളുടെ സാർവ്വദേശീയ സഖ്യ” (International Union of Family Organisatjons) ത്തിൻെറ ഒരു കോൺഫറൻസ് ഈയിടെ റോമിൽ വച്ചു നടന്നു. പിതാക്കന്മാർ മരിച്ചുപോയ കുടുംബങ്ങളുടെ സ്ഥിതിഗതികൾ കോൺഫറൻസിലെ ഒരു ചർച്ചാവിഷയമായിരുന്നു. കോൺഫറൻസിൽ സംബന്ധിക്കുന്നതിനു വന്നുചേർന്നിരുന്ന പ്രതിനിധികൾക്കു പരിശുദ്ധപിതാവു് സെപ്റ്റംബർ 16-ാം തീയതി സന്ദർശനമനുവദിക്കുകയും “വൈധവ്യത്തിൻെറ മാഹാത്മ്യ”ത്തെ പുരസ്കരിച്ചു് അവരോടു പ്രസംഗിക്കുകയും ചെയ്തു. വിധവകൾ പുനർവിവാഹം ചെയ്യാതിരിക്കുന്നതു് തിരുസഭയുടെ ദൃഷ്ടിയിൽ ശ്രേഷ്ഠതരമായ ഒരു സ്ഥിതിയാണെന്നു തിരുമേനി അനുസ്മരിക്കുകയും, ആ സ്ഥിതിയിൽ ജീവിക്കുന്നതിനഭിലഷിക്കുന്നവർ അവരുടെ ആദ്ധ്യാത്മികജീവിതത്തെ ശക്തിപ്പെടുത്തുകയും പ്രാർത്ഥനയിൽ ബലം പ്രാപിക്കുകയും ചെയ്യേണ്ടതത്യാവശ്യമാണെന്നുൽബോധിപ്പിക്കുകയും ചെയ്തു. അവിടുന്നിപ്രകാരമാണ് പ്രസ്താവിച്ചതു്: “തിരുസഭ പുനർവിവാഹത്തെ നിരോധിക്കുന്നില്ല എങ്കിലും അവരുടെ ഭർത്താക്കന്മാരോടുള്ള വിശ്വസ്തതയിൽ തുടരുന്നതിനും വിവാഹമെന്ന കൂദാശയുടെ പരിപൂർണ്ണമായ സൂചനയെ പാലിക്കുന്നതിനും ആഗ്രഹിക്കുന്ന ആത്മാവുകളോടു് പ്രത്യേകമായ വാത്സല്യമാണ് പ്രദർശിപ്പിക്കുന്നതു്...നിരർത്ഥകമായ ദുഃഖവിചാരങ്ങൾകൊണ്ടു് ഒരു വിധവ സ്വയം നശിപ്പിക്കുകയോ, വിനാശകരമായ ഓർമ്മകളിൽ സമാധാനം അന്വേഷിക്കുകയോ, ഭാവിയെ സംബന്ധിച്ച അസുഭഗങ്ങളായ ഭയപ്പാടുകൾക്കു വിധേയയാവുകയോ ചെയ്യുന്നതു് ആത്മഹത്യാപരമായിരിക്കും. അവൾ അവളുടെ സന്താനങ്ങളുടെ ശിക്ഷണത്തെ സംബന്ധിച്ച കർത്തവ്യത്തിൽ ബദ്ധശ്രദ്ധയാകണം. അപ്പോൾ അവളുടെ ഭർത്താവുമായുള്ള ആത്മീയഐക്യത്തിൽ അവൾക്കു തുടരുവാൻ സാധിക്കും” തുടന്നു പരിശുദ്ധപിതാവു് ആ ആത്മീയബന്ധത്തെ വിശദീകരിച്ചുകൊണ്ടു്, വിവാഹംവഴി ഭാര്യാഭർത്താക്കന്മാർ സംസ്ഥാപിച്ചതായ മാനുഷികവും അതിസ്വാഭാവികവുമായ സ്നേഹത്തിൻെറ ബന്ധം മരണത്താൽ നശിപ്പിക്കപ്പെടുന്നില്ല എന്നും പ്രത്യുത അതു കൂടുതൽ ശക്തവും പരിപൂർണ്ണവുമാക്കപ്പെടുക മാത്രമാണു ചെയ്യുന്നതെന്നും പ്രസ്താവിച്ചു. ഭർത്താക്കന്മാരില്ലാത്ത സ്ത്രീകൾക്കനുയോജ്യമായ അടക്കമൊതുക്കവും വിവേകവും വലിച്ചെറിഞ്ഞു കളയുന്നതിനും സുഖലോലുപവും ഉപരിപ്ലവവുമായ മിഥ്യകളിൽ സ്വയം കൈവെടിയുന്നതിനുമായി വൈധവ്യത്തെ ഉപയോഗിക്കുകയാണെങ്കിൽ “അതു ആ സ്ത്രീ ചെയ്യുന്ന ഒരപരാധമായിരിക്കുമെന്നും, പ്രത്യക്ഷത്തിൽ അപകടകാരികളല്ലെന്നു തോന്നാവുന്ന കൂട്ടുകെട്ടുകളിലും നിർഭാഗ്യവശാൽ അധഃപ്പതിക്കാവുന്ന അപകടസാദ്ധ്യതകളു”ണ്ടെന്നു് മനസ്സിലാക്കണമെന്നും പരിശുദ്ധപിതാവു് മുന്നറിയിപ്പു നൽകി. തിരുമനസ്സിലെ പ്രഭാഷണത്തിൽ വിധവകളുടെ പുനർവിവാഹത്തെ നിരോധിക്കുന്നതിനുള്ള യാതൊരു സൂചനയുമില്ല. വൈധവ്യത്തിൻെറ മനോഹരവും സമാധാനസംദായകവുമായ ആദർശത്തെ വിശദമാക്കി ഭർതൃവിരഹത്തിൽ ദുഃഖാർത്തരും നിരാലംബരും അശരണരുമായി കഴിയുന്ന വിധവകളെ സമാശ്വസിപ്പിക്കുകയും അവരുടെ വൈധവ്യത്തെ കർത്തവ്യബദ്ധവും ചൈതന്യപൂർണ്ണവുമാക്കുന്നതിനു അവരെ ഉത്തേജിപ്പിക്കുകയുമാണ് പരിശുദ്ധപിതാവു് ചെയ്തിട്ടുള്ളതു്. ഈ സന്ദേശത്തെപ്പോലും ചിലർ തെററിദ്ധരിക്കുന്നതായും, അതിൽ അമർഷം ഭവിക്കുന്നതായും, അതിനെ ദുർവ്യാഖ്യാനം ചെയ്തു തിരുസഭാസിദ്ധാന്തങ്ങളെ അവമതിക്കുന്നതിനു ശ്രമിക്കുന്നതായും കാണുന്നതു് പരിതാപകരമായിരിക്കുന്നു.

## അടുത്തയാഴ്ചയിൽ

ഒക്ടോബർ

17 വ്യാ: വി. മർഗ്ഗരീത്താമറിയം
18 വെ: വി. ലൂക്കാ
19 ശ: വി. പത്രോസ് അലക്കാന്ത്രാ
20 ഞാ: പന്ത: 19-ാം ഞായർ
21 തി: വി. ഹില്ലാരിയോൻ
22 ചൊ: വി. മറിയം ശാലോം
28 ബു: ദിവ്യരക്ഷകൻ

ആദ്ധ്യാത്മികവീഥി

## നാം എന്തിനായി സൃഷ്ടിക്കപ്പെട്ടു?

ദൈവത്തിൻെറ വത്സലമക്കളേ,

നാം എവിടെനിന്നു വരുന്നു? എന്ന ചോദ്യത്തിനു ദൈവത്തിൽനിന്നു എന്ന മറുപടിയാണു യുക്തിയുക്തമായിട്ടുള്ളതെന്നു കണ്ടുകഴിഞ്ഞു. ദൈവമാണു നമ്മെ സൃഷ്ടിച്ചതെങ്കിൽ അനന്തബുദ്ധിമാനായ അവിടത്തേക്കു അതിനു് എന്തെങ്കിലും ഉദ്ദേശം ഉണ്ടായിരുന്നിരിക്കണം. കാരണം, ബുദ്ധിയുള്ളവർ യാതൊരുദ്ദേശവും കൂടാതെ ഒന്നും ചെയ്യാറില്ലെന്നു നമുക്കറിയാം.

സ്വയംഭൂവും എല്ലാററിൻെറയും ആദികാരണവും കർത്താവുമായിരിക്കുന്ന ദൈവത്തെ സൃഷ്ടിക്കായിട്ടു മററാരെങ്കിലും പ്രേരിപ്പിച്ചു എന്നുവരാൻ നിവൃത്തിയില്ല. അതിനാൽ മററാരുടേയും പ്രേരണകൂടാതെ തനിക്കുവേണ്ടി തന്നെയാണ് ദൈവം നമ്മെ സൃഷ്ടിച്ചതു് എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. മററു വാക്കുകളിൽ പറഞ്ഞാൽ ദൈവം തൻെറ മഹത്വത്തിനായിട്ടാണു നമ്മെ സൃഷ്ടിച്ചിരിക്കുന്നതു്.

അതിനാൽ ദൈവത്തെ മഹത്വപ്പെടുത്തുക എന്ന ഒരൊററകാര്യം മാത്രമേ മനുഷ്യനു ചെയ്യേണ്ടതായിട്ടുള്ളു എന്നു സിദ്ധിക്കുന്നു. അതെങ്ങനെയാണു നിർവ്വഹിക്കേണ്ടതു്? നമ്മുടെ വേദപാഠത്തിൻെറ ആരംഭത്തിൽതന്നെ അതു പറഞ്ഞിട്ടുണ്ടു്. ഇഹത്തിൽ ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു അവിടത്തെ പ്രമാണങ്ങൾ കാത്തു് അവിടേക്കു ഊഴിയം ചെയ്തുകൊണ്ടും അതിനു പ്രതിഫലമായി പരത്തിൽ അങ്ങയെ നിത്യം കണ്ടാനന്ദിച്ചുകൊണ്ടുമാണ് നാം അവിടത്തെ മഹത്വപ്പെടുത്തേണ്ടതു്.

ലോകത്തിൽ ഇതുവരെ മരിച്ചുപോയിട്ടുള്ളരും ഇന്നു ജീവിച്ചിരിക്കുന്നവരും ഇനി ജനിക്കാനിരിക്കുന്നവരുമായ സകല മനുഷ്യരുടേയും ഏകജന്മോദ്ദേശ്യം മേല്പറഞ്ഞതാണു്. ആ ഉദ്ദേശ്യം മനസ്സിലാക്കി പ്രവർത്തിക്കാത്തതാണ് ഇന്നു അനുഭവപ്പെടുന്ന സകല സമാധാനക്കേടുകളുടേയും കാരണം. എത്ര സർവ്വരാജ്യസംഘടനകൾ ഉണ്ടാക്കിയാലും ശരി, എന്തെല്ലാം പ്രമേയങ്ങൾ അവ പാസ്സാക്കിയാലും ശരി, എന്തുദ്ദേശത്തോടെ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടോ ആ ഉദ്ദേശസാദ്ധ്യത്തിനായി അകമഴിഞ്ഞു ശ്രമിക്കാത്തിടത്തോളംകാലം ലോകത്തിൽ സമാധാനം ഉണ്ടാകാൻ പോകുന്നില്ല.

സത്യവിശ്വാസം ലഭിച്ചിട്ടുള്ള കത്തോലിക്കരെങ്കിലും തദനുസരണം പ്രവർത്തിക്കുകയും മററുള്ളവർക്കു ഒരു മാതൃക കാണിച്ചുകൊടുക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

## ‘കത്തോലിക്കാ യുവതൊഴിലാളി’സംഘടനയുടെ പുതിയ പ്രസിഡണ്ടു്

വൈ. സി. ഡബ്ളിയു സംഘടനയുടെ പ്രസിഡണ്ടായിരുന്ന പാട്രിക്ക് കീഗാൻെറ സ്ഥാനത്തു റോമയോ മെയ്യോനിയെ പുതിയ പ്രസിഡണ്ടായി തിരിഞ്ഞെടുത്തിരിക്കുന്നു. അദ്ദേഹം 32 വയസ്സ് പ്രായമുള്ള ഒരു കാനേഡിയാക്കാരൻ മെക്കാനിക്കാണ്. അദ്ദേഹത്തിൻെറ മൂലകുടുംബം ഇററലിയിലായിരുന്നു. 25-ാമത്തെ വയസിലാണ് അദ്ദേഹം വൈ. സി. ഡബ്ളിയു. വിൽ ചേന്നതു് രണ്ടുകൊല്ലം കഴിഞ്ഞു് കത്തോലിക്കാ യുവതൊഴിലാളി പ്രസ്ഥാനത്തേയും അതിൻെറ പ്രവർത്തനങ്ങളേയും സംബന്ധിച്ച 6 മാസം ഇംഗ്ലണ്ടിൽ താമസിച്ചു പഠിക്കുകയും പിന്നീടു് ബൽജിയത്തിലുംഫ്രാൻസിലും പോയി കൂടുതൽ മനസ്സിലാക്കുകയും ചെയ്തു. കാനഡായിൽ മടങ്ങി വന്നപ്പോൾ ഹയരാക്കി അദ്ദേഹത്തെ മോൺട്രിലിലും ടൊറൊൻടോയിലും ഈ പ്രസ്ഥാനത്തെ സംഘടിപ്പിക്കുന്നതിനുള്ള ജോലിയിൽ നിയമിച്ചു സംഘടനയുടെ വൈസ്പ്രസിഡണ്ടായി തിരിഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു് ബൽജിയംകാരിയായ മിസ മേരി വിഴ്സ്മാൻ എന്ന യുവതിയാണ്.

## ജൈത്രയാത്ര

(തോമസ് കണയംപ്ലാവൻ ബി. എ.)

വന്ദനം സഭാംബികെ, ഭദ്രരൂപിണി, വിശ്വ-
വന്ദിതേ. ജഗത്പരിത്രാണനപരായണേ!
അംബനിൻ വിജയ സംഗീതമിവനമുളം-
കൊമ്പിൽ നിന്നനുസൃതമലയിട്ടൊലിക്കവേ,
പുളകം പുതയ്ക്കുന്നു വിണ്ണിലെപ്പൂന്താരവും,
മലരും, മരങ്ങളും, പൂഴിയും, നീരാഴിയും.
ആരിലുമാവേശത്തിൻ വൈദ്യുതി കടത്തുന്നു
വീരമാതാവേ, നിൻ്റെ താവകകഥാമൃതം.
എത്രയോ സാമ്രാജ്യങ്ങൾ നെട്ടനാൾ പണിപ്പെട്ടു
നിസ്തുപം തവ ജൈത്രയാത്രയെത്തടുക്കുവാൻ.
അമലേ തവപുത്രർ ചിന്തിയ നിണത്തിനാൽ
കഴുകപ്പെടാത്തൊരു മൺതരിയുണ്ടോ പാരിൽ?
കുരിശിൽ തറയ്ക്കുന്നു, കുഴിയിൽ മറയ്ക്കുന്നു
പഴുത ലോകം നിന്നെ; നീ വീണ്ടുമുയക്കുന്നു!
ചത്തുമണ്ണടിഞ്ഞതാം മതമട്ടകന്മാർ ത-
ന്നസ്ഥികൾമീതെ തവതേരുരുൾ ചലിക്കുന്നു!
നിത്യയൗവനം തിങ്ങും നീ വെറും മുത്തശ്ശിയെ-
ന്നോത്തു നിൻനാമംകൂടി മായ്ക്കുവാൻ, തുടയ്ക്കുവാൻ,
പണ്ഡിതമ്മന്യന്മാരൊട്ടു വിഡ്ഢികൾചെന്നു
ശണ്ണക്കൂടിനാർ ശാസ്ത്രം വാണിടും ഗ്രഹാന്തത്തിൽ.
ശാസ്ത്രമോതിനാൾ:- “പോവിൻ, സത്യത്തിൻ കുമാരിയെൻ
മൂത്ത സോദരിയാണു സഭയെന്നറിഞ്ഞിലേ?”
മാനസപ്പിച്ചപ്പാത്രം ശാന്തിതൻ ഭിക്ഷയ്ക്കായി
മാനവൻ നീട്ടിക്കാട്ടി നിഷ്ഫലമലയുമ്പോൾ,
അനഘം സമാധാനകനകം വിളയുന്ന
ഖനിയാണവിടുത്തെക്കൈകളെന്നറിഞ്ഞെങ്കിൽ!
ഖിന്നരായണയുന്നു ബുദ്ധിരാക്ഷസന്മാർ നി
ന്നന്തികെ ധനികരായ്, ധന്യരായ്, ഭവിക്കുവാൻ.
സ്തോഹഗാനവും പാടിയാംബിക നിജ ജയ-
ഹേമ മോഹന രഥമങ്ങനെ നയിക്കുമ്പോൾ,
മത്തരായാനന്ദത്താൽ പ്രപഞ്ചഗോളാവലി
നൃത്തമാടുന്നു നിത്യം വിസ്തൃതവിഹായസ്സിൽ.
താരകൾപോലെ കാണ്മൂ മുഗ്ദ്ധയാം നിശാംഗന
ചാരുപൂമ്പാദങ്ങളിൽ വിതറും പൊൽത്താരുകൾ.
ഭാസ്കരരശ്മി ചയപ്പൂത്തിരി കൊളുത്തുന്നു.
ഭക്തയാമഹസ്സെന്നും പാവനപാദങ്ങളിൽ
അന്തരിക്ഷമോ ഹാ! ഹാ! താവക ജയോൽഘോഷ
ബന്ധുരസ്പന്ദങ്ങളാലുച്ചലം പരിക്ഷുബ്ധം.
പടവാളുയത്തുന്ന നീയിടയ്ക്കിടെ, വീണു
പിടയുന്നനീതിയുമക്രമമധമ്മവും.
ഭാവിതൻ വെളിമ്പറമ്പങ്ങതാ കാണുന്നതിൽ
നീളവേയിസങ്ങൾ തൻ ചാമ്പലിൻ കൂമ്പാരങ്ങൾ!
അവതൻ മീതെ കൂടി നിൻജയരഥം പോകു-
ന്നവനീതലം നിന്നു കോൾമയിർക്കൊള്ളും വിധൗ!
ജൃംഭിതാമാനത്താൽ പാട്ടുമെൻ കുഴലിൻെറ
നെഞ്ചകം പിളക്കായ്, ഞാനിനി നിറുത്തട്ടെ!

ലീജിയൻ പംക്തി

## എഡൽ ക്വീനിൻെറ നാമകരണനടപടി




ഈസ്റ്റാഫ്റിക്കയിലെ പ്രഥമ ലീജിയൻ എൻവോയി ആയിരുന്ന എഡൽക്വീൻ എന്ന മഹതിയെ വിശുദ്ധപദത്തിലേക്കു ഉയത്തുന്നതിനുള്ള ആദ്യപടിയായി കാനൻനിയമം അനുസരിച്ചു് ഔദ്യോഗികനടപടികൾ ആരംഭിക്കുന്നതാണെന്നു നൈറോബിയിലെ മെത്രാപ്പോലീത്താ തിരുമേനി പ്രഖ്യാപിച്ചിരിക്കുന്നു. ഈ പ്രഖ്യാപനമുണ്ടായതു് 1956 നവമ്പർ 23-ാംനു എഡൽക്വീൻ നൈറോബിയിൽ പ്രവേശിച്ചതിൻെറ ഇരുപതാംവാർഷികം പ്രമാണിച്ചായിരുന്നു. അയർലണ്ടുകാരിയായ എഡൽ നൈറോബിയിൽവച്ചാണ് മരണംപ്രാപിച്ചതു്.

ക്ഷയരോഗബാധിതയും ക്ഷീണഗാത്രയുമായ എഡൽ ലീജിയൻ പ്രചരിപ്പിക്കണമെന്നുള്ള ഏകോദ്ദേശ്യത്തോടെ സാൻസിബാറിലെ മെത്രാനായിരുന്ന ഹെഫർമാൻ തിരുമേനിയുടെ ക്ഷണമനുസരിച്ചു് 1936-ൽ ആഫ്റിക്കയിലേക്കുപോയി. അന്നു എഡലിനു 27 വയസ്സു പ്രായമായിരുന്നു. ഒരു രോഗിണിയായിരുന്ന എഡലിനു് ആഫ്റിക്കയിലെ കാലാവസ്ഥ ആപല്ക്കരമായിരിക്കുമെന്നു മററുള്ളവർക്കെന്നപോലെ തനിക്കും അറിയാമായിരുന്നു. എന്നാൽ തടസ്സവാദം ഉന്നയിച്ചവരോടു് “ഞാനൊരു വിനോദയാത്രയ്ക്കു പോകയല്ല” എന്നും, പോകുവാൻ തന്നെ അനുവദിച്ച കൊൺസിലിയം പ്രസിഡൻറിനോടു് “ബലഹീനരെ തിരിഞ്ഞെടുക്കുന്ന കാര്യത്തിൽ നമ്മുടെ കർത്താവിനോടു കിടപിടിക്കത്തക്ക ധൈര്യം നിങ്ങൾക്കുണ്ടായതിൽ സന്തോഷിക്കയാണു വേണ്ടതെ”ന്നുമാണ് എഡൽ പറഞ്ഞതു്.

ആഫ്റിക്കയിലെ കെനിയാ, ഉഗാണ്ട, തങ്കനിക്ക, നിയാസാലാണ്ടു് എന്നി പ്രദേശങ്ങളിലും, ഇൻഡ്യാസമുദ്രത്തിലെ മൊറിഷ്യസ്ദ്വീപിലുമുള്ള പട്ടണങ്ങളിലും ഗ്രാമങ്ങളിലും കാട്ടുവഴികളിലും ചതുപ്പുനിലങ്ങളിലും എഡൽ ചുററിസഞ്ചരിച്ചു. എവിടെയെല്ലാം മിഷനറിവൈദികർ ജോലിചെയ്തിരുന്നുവോ അവിടെയെല്ലാം ലീജിയൻ സ്ഥാപിക്കുന്നതിനും അതു നടത്തിക്കൊണ്ടുപോകുന്നതിനുംവേണ്ടി എഡൽ സന്ദർശിച്ചു. താനുമായി പരിചയപ്പെടുവാൻ ഇടവന്ന ഏവരുടേയും ബഹുമാനവും അഭിനന്ദനവും എഡൽ സമ്പാദിച്ചു. അസാധാരണമായ ആത്മപരിത്യാഗത്തോടും വിരോചിതമായ ക്ഷമ, നയം, പരസ്പരധാരണ എന്നിത്യാദി ഗുണങ്ങളോടുംകൂടി എൻവോയിയുടെ ചുമതലകൾ എഡൽ നിർവ്വഹിച്ചു. ഏട്ടുകൊല്ലത്തെ പരിശ്രമഫലമായി ഈസ്റ്റാഫ്റിക്കയിൽ ലീജി

ആഖ്യായിക

# ബറാബ്ബാസ്



## അദ്ധ്യായം 25 (തുടർച്ച)

## ഏകാകിത

(വി. സി. ജോർജ്ജ് ബി. എ. എൽ. ററി.)

ഈ സമയംതന്നെ അരിമത്ത്യൻജോസഫ് ഗവർണ്ണർകൊട്ടാരത്തിന്റെ പുറകുവശത്തെ കോണിപ്പടികൾ കയറുന്നുണ്ടായിരുന്നു. വളരെ ക്ഷീണനായിട്ടായിരുന്നു അയാൾ കാലുവച്ചതു്. ജോസഫ് ഗാഗുൽത്തായിൽ ഉണ്ടായിരുന്നു, ദുഃഖാത്തകളായി അവിടെ കൂടിയിരുന്ന സ്ത്രീകളെ സമാശ്വസിപ്പിക്കുവാൻ ഉത്സാഹിക്കുകയുംചെയ്തു. തന്നെ സംബന്ധിച്ചിടത്തോളം ഭൂലോകത്തിൽ യാതൊന്നിനും തനിക്കു സമാശ്വാസം നൽകുവാൻ സാധിക്കുകയില്ലെന്നായിരുന്നു ജോസഫിന്റെ വിശ്വാസം. കഴിഞ്ഞ ഏതാനും മണിക്കൂറുകളിലെ സംഭവങ്ങൾ തന്റെ ഹൃദയം പിളർക്കുകതന്നെ ചെയ്തു ഇനിമേൽ ഭൂമുഖത്തു തനിക്കെന്താണവശേഷിച്ചിട്ടുള്ളതു്?

യേശു, അതെ മിശിഹാ, ദൈവപുത്രൻ, തന്റെ ശത്രുക്കളാൽ വധിക്കപ്പെട്ടു്, ഏതാനും ദിവസങ്ങൾക്കുമുമ്പു് അദ്ദേഹത്തെ ജയഘോഷങ്ങളോടുകൂടി സ്വീകരിച്ച പ്രാകൃതജനത്തിന്റെ പരിഹാസവിഷയമായി കുരിശിൽ തൂങ്ങിക്കിടക്കുന്നു. എല്ലാംകഴിഞ്ഞു!

“ഞാനൊരു റോമനായിരുന്നുവെങ്കിൽ, ഇന്നുതന്നെ ഒന്നുരണ്ടു മണിക്കൂറുകൾക്കുമുമ്പു് ഗുരുവിനെ ഒററിക്കൊടുത്ത കെറിയോത്തിലെ യൂദാസ് ചെയ്തതുപോലെ ആശയും ഉദ്ദേശ്യവുമില്ലാത്ത ഈ ജീവിതം പരിത്യജിക്കുമായിരുന്നു. പക്ഷെ ഞാനൊരു റോമനല്ലല്ലോ. മാത്രമല്ല ഗുരുവിന്റെ പാദാന്തികെ ഇരുന്നിട്ടുള്ള ഒരുവനു് ആ ആലോചന അനുചിതവുമാകുന്നു.” എന്നിങ്ങനെയായിരുന്നു ജോസഫിന്റെ ചിന്താഗതി.

മുഖം വാടിവിളറി, സ്വാന്തം വെന്തുനീറി ജോസഫ് ഗവർണ്ണരുടെ മുറിയിൽ പ്രവേശിച്ചപ്പോൾ അദ്ദേഹം ഒരു പിച്ചളപ്പാത്രത്തിൽ എരിയുന്ന കല്ക്കരിക്കട്ടകൾക്കു സമീപം ഇരിക്കുകയായിരുന്നു. ജോസഫിന്റെ അഭിവാദനംകേട്ടിട്ടു് പീലാത്തോസ് മുഖംതിരിച്ചുവെന്നു പറയാനില്ല.

“എന്നെ കുററപ്പെടുത്തുവാൻ വന്നിരിക്കയാണു്, അല്ലേ? ഞാൻ എന്റെ വാക്കു പാലിച്ചില്ല, ഈശോയെ പുരോഹിതർക്കു വിട്ടുകൊടുത്തു, അദ്ദേഹം അടികളേല്ക്കുവാനും ക്രൂശിതനാകുവാനും അനുവദിച്ചു. ഇങ്ങനെ എന്തൊക്കെയാണു നിങ്ങൾക്കു പറയാനുള്ളതെന്നെനിക്കറിയാം. എനിക്കുത്തരം പറയുവാനൊന്നുമില്ലെന്നുള്ളതാണു് ഏററം കഷ്ടം. ഓരോ അവസരത്തിലും ഞാൻ പുരോഹിതന്മാരാൽ പരാജിതനാക്കപ്പെട്ടു എന്നല്ലാതെ എന്തു പറയുവാനാണു്!”

ജോസഫ് മെല്ലെ തലകുനിച്ചു. “പരിഹരിക്കുവാൻ കഴിയാത്ത കാര്യങ്ങളെപ്പററി സംസാരിക്കുവാനല്ലാ ഞാൻ വന്നതു്. ഞാൻ ഒരഭ്യർത്ഥനയുമായി അങ്ങേ സമീപിക്കുകയാണു്.”

“ആകട്ടെ”

“എല്ലാം കഴിയുമ്പോൾ ഗുരുവിനെ കുരിശിൽനിന്നിറക്കി എന്റെ ശവക്കല്ലറയിൽ അദ്ദേഹത്തെ സംസ്കരിക്കുവാൻ അനുവാദം തരണമെന്നപേക്ഷയുണ്ടു്.”

“ഓ, കൊള്ളാം ഞാൻ അതെന്തിനു വിസമ്മതിക്കുന്നു?”

“അദ്ദേഹത്തിന്റെ ശത്രുക്കൾ മൃതശരീരംപോലും വിട്ടുതരികയില്ലെന്നു ഞാൻ ഭയപ്പെട്ടു. കഴിയുമെങ്കിൽ മരണത്തിനപ്പുറവും അദ്ദേഹത്തെ അനുധാവനം ചെയ്യത്തക്കവണ്ണം അത്രയ്ക്കു നാരകീയമാണവരുടെ വിദ്വേഷം.”

“ഈ വിദ്വേഷമെല്ലാം ഞാൻ കണ്ടതാണു്, ജോസഫ്. എന്റെ

ജീവിതകാലത്തു ഇത്രയധികം പൈശാചികമായ വിദ്വേഷവികാസം ഊഹിക്കുവാൻപോലും എനിക്കു കഴിഞ്ഞിട്ടില്ല. യാതൊരു പ്രതിബന്ധവും കൂടാതെ അദ്ദേഹത്തിന്റെ ശവസംസ്കാരം നിങ്ങൾ നടത്തത്തക്കവണ്ണം ഞാൻ ഉത്തരവുനൽകാം. അദ്ദേഹം...... അദ്ദേഹം......?”

“ഇല്ല...എല്ലാമായിയെന്നു ഞാൻ കരുതുന്നില്ല. ജനലിൽക്കൂടി നോക്കിയാൽ അങ്ങേക്കു കുരിശു കാണാം. അതു ധാരാളം ഉയരത്തിലാകുന്നു.”

പീലാത്തോസ് കൈകൾകൊണ്ടു മുഖം പൊത്തുകയിൽ അലറിയതുപോലെ തോന്നി: “വേണ്ടാ, വേണ്ടാ, ജോസഫ്, എനിക്കതു കാണുകയേ വേണ്ടാ.”

“അങ്ങേക്കു നന്ദിപറയുന്നു; പ്രൊക്കുറയിററർ, അങ്ങു സമാധാനത്തിൽ വർത്തിക്കുമാറാകട്ടെ”

അരിമത്ത്യൻജോസഫ് സ്ഥലം വിട്ടു. പ്രൊക്കുറയിററർ തലയുയർത്തി നോക്കിയില്ല. അദ്ദേഹം പുകഞ്ഞുകൊണ്ടിരുന്ന പിത്തളപ്പാത്രത്തിലേക്കു തുറിച്ചുനോക്കിക്കൊണ്ടിരുന്നതേയുള്ളു. കരിക്കട്ടകൾ ദഹിച്ചു ചാമ്പലായി. പീലാത്തോസ് വേറൊരു പാത്രമാവശ്യപ്പെട്ടു

അടിമപ്പെണ്ണു ക്ലൊായെ വേറൊരു പാത്രം കൊണ്ടുവന്നു് പ്രൊക്കുറയിററുടെ മുമ്പിൽ വച്ചിട്ടു് മുറിയിൽനിന്നിറങ്ങുവാൻ അടിവച്ചു. “നില്ക്കൂ. എനിക്കു തനിച്ചിരിക്കുവാൻ തോന്നുന്നില്ല ക്ലൊായേ, ഇന്നത്തെ സംഭവങ്ങൾ എന്തെല്ലാമെന്നു നീ അറിഞ്ഞോ?”

ആ പെണ്ണു തലകുലുക്കി. ദുഃഖത്തിലും പ്രാണവേദനയിലുമാണ്ടു സ്വന്തം മുറിയിൽതന്നെ കഴിഞ്ഞുകൂടിയ അവളുടെ സ്വാമിനിയെ ചൊല്ലി കരഞ്ഞ ക്ലോദിയയുടെ കണ്ണുകൾ ചുവന്നു് അശ്രുധാര ഒഴുകുന്നതായി കാണപ്പെട്ടു.

“അപ്പോൾ നീ അറിഞ്ഞു ഇല്ലേ? ലോകം മുഴുവനും അറിഞ്ഞുകഴിഞ്ഞു. നീ ദേവന്മാരിൽ വിശ്വസിക്കുന്നുണ്ടോ പെണ്ണേ?”

“ഉവ്വ്, പ്രഭോ.”

“നീ ഭാഗ്യവതിതന്നെ. എനിക്കൊന്നിലും വിശ്വാസമില്ല. ദേവന്മാരെ ഉദ്ദേശിച്ച് ധൂപം പുകയ്ക്കുകയും വെഞ്ചിയപ്പിക്കുകയും ചെയ്താൽ എനിക്കു പാപമോചനം ഉണ്ടാകുമെന്നും ഞാൻ വിശ്വസിക്കുന്നില്ല. ആ കാര്യം ക്ലൊായെയ്ക്കറിയാമോ? പാടില്ല, നീയെങ്ങനെയാണിതെല്ലാം മനസ്സിലാക്കുക? മോചനം വല്ലവിധേനയും കിട്ടിയാൽ കൊള്ളാമെന്നെനിക്കു തോന്നുന്നു. മോചനം പ്രാപിക്കുവാൻവേണ്ടി പ്രാർത്ഥിക്കുവാനെനിക്കു കഴിഞ്ഞെങ്കിൽ! എന്നോടു തന്നെ ഗുസ്തിപിടിച്ച്, ദുസ്സഹമായതു സഹിക്കുവാനേ എനിക്കു നിവൃത്തിയുള്ളു. പഞ്ചാംഗത്തിൽ നിന്നു് ഇന്നത്തെ ദിനം മായിച്ചുകളയുവാൻ എനിക്കു സാധിക്കുമായിരുന്നുവെങ്കിൽ! പക്ഷെ ഈ ദിവസം എന്റെ തലച്ചോറിൽ അഗ്നിയിൽ കൊത്തിയിരിക്കുകയാണു്. സംഭവിച്ചതെല്ലാം നില നില്ക്കുന്നു, കാലത്തിന്റെ അറുതിവരെ നിലനില്ക്കുകയുംചെയ്യും. പീലാത്തോസ് ഭീരുവായ ഒരു ന്യായാധിപൻ! റോമനായുക്തമായ പൗരുഷം പരിത്യജിച്ചിട്ടു് പുരോഹിതരുടെ ഭീഷണികൾക്കും ജനാവലിയുടെ കൂക്കുവിളികൾക്കും തലകുനിക്കുവാൻ കഴിഞ്ഞ ഭീരു! ഇതെല്ലാം എങ്ങനെ നടന്നു? എനിക്കു റോമായെ ഭയമോ? പുരോഹിതരെ ഭയമോ? ജനാവലിയെ ഭയമോ? ആഗസ്റ്റസാണെങ്കിൽ വിദൂരതയിൽ കഴിയുന്നു. ആവശ്യം തോന്നിയാൽ ഈ പുരോഹിതവൃന്ദത്തേയും കരാളസമുദായത്തേയും മണലാരണ്യത്തിലേക്കു പായിക്കുവാനെനിക്കു സാധിക്കും. എങ്കിലും ഞാൻ അവരുടെ മുമ്പിൽ അഷ്ടാംഗപാതപ്രണാമംതന്നെ ചെയ്തു. കാപുരുഷൻ... കാപുരുഷൻ...കഷ്ടം ഞാനെന്തിനീ കാപുരുഷവേഷം കെട്ടി? എനിക്കു മനസ്സിലാകുന്നില്ല. പക്ഷെ ഇതൊക്കെ സംഭവിക്കേണ്ടതായിരുന്നു; ലോകസ്ഥിതിയിൽ വ്യതിയാനം ഉണ്ടാകാതിരിക്കുവാൻവേണ്ടി, കേട്ടോ ക്ലൊായെ. ശൗര്യം പ്രകടിപ്പിക്കുവാനുള്ള കാലങ്ങൾ ഇതൊന്നുമല്ലെന്നു തോന്നുന്ന ഇക്കാലത്തിനു പററിയവർ ന്യായാധിപന്മാരും, പുരോഹിതന്മാരും, കൊലപാതകികളും ഇപ്പോൾതന്നെയുണ്ടു്; അതെ ബറാബാസും ഹന്നാസും, പീലാത്തോസും, ജനങ്ങളും. ഇങ്ങനെയുള്ള ലോകത്തിൽ അദ്ദേഹത്തിനു സ്ഥാനമില്ല. ലോകത്തിന്റെ സ്ഥിതി മാററാതിരിക്കുന്നതിലേക്കുവേണ്ടി അദ്ദേഹത്തെ കുരിശിലേററി ആണിതറക്കേണ്ടതാവശ്യംതന്നെ. ഈ ലോകം സൃഷ്ടമായിരിക്കുന്നതു് ഘാതകന്മാർക്കുവേണ്ടിയാണു്, പ്രവാചകന്മാർക്കുവേണ്ടിയല്ല എന്താ, മനസ്സിലായില്ലെ ക്ലൊായേ?”

ഈ ആശയപ്രവാഹത്തിൽ ആ പെണ്ണ് ഭയവിഹ്വലയായി ഞെട്ടി. ഉന്തിത്തുറന്ന, ഭ്രാന്തുപിടിച്ച കണ്ണുകളോടുകൂടി അവളെ തുറിച്ചുനോക്കിയ പീലാത്തോസിന്റെ സന്നിധിയിൽ തലതാഴ്ത്തി അവൾ നിലകൊണ്ടു.

ഗാഗുൽത്തായിലേക്കുള്ള പ്രയാണത്തിൽ ഭടന്മാരുടെ നായകത്വം വഹിച്ചിരുന്ന ശതാധിപൻ പ്രവേശിച്ചു് ഗവർണ്ണരെ വന്ദിച്ചു് സഗൽഗദം അറിയിച്ചു: “കാര്യം കഴിഞ്ഞു, പ്രൊക്കുറയിററർ; വിധി നിർവ്വഹിച്ചു”

പീലാത്തോസ് അയാളെ ഉററുനോക്കി. പിന്നീടു ചോദിച്ചു: “അദ്ദേഹത്തിന്റെ പെരുമാററം എങ്ങനെയിരുന്നു?”

കാപട്യരഹിതമിയ മുഖത്തോടുകൂടിയ ഒരു ചെറുപ്പക്കാരനായിരുന്നു ശതാധിപൻ. പീലാത്തോസ് വിരലുകൊണ്ടു് അടയാളം കാണിച്ചതനുസരിച്ച് അയാൾ പ്രൊക്കുറയിററെ സമീപിച്ചിട്ടു് ചോദ്യത്തിനു സമാധാനം നൽകി: “ഒട്ടുവളരെപ്പേർ വധിക്കപ്പെടുന്നതു ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ ഇതുപോലെ പ്രശാന്തതയും ഗാംഭീര്യവും തുളുമ്പുന്ന ഒരു മരണം കണ്ടിട്ടില്ല. സോക്രട്ടീസ് മരിച്ചതിങ്ങനെയായിരിക്കണം.”

പീലാത്തോസ് സംസാരിച്ചില്ല. അദ്ദേഹത്തിന്റെ ശ്വാസവേഗത വർദ്ധിച്ചു.

“അവിടെ കാവലിനു് ഞാൻ ആളേല്പ്പെടുത്തിയിട്ടുണ്ടു്. അദ്ദേഹത്തിന്റെ മരണവേദന പ്രാകൃതജനം വർദ്ധിപ്പിക്കാതിരിക്കുന്നതിനും കുരിശിൻചുവട്ടിൽ നില്ക്കുന്ന ചുരുക്കം ചിലരുടെ സംരക്ഷണത്തിനും ആയിട്ടു്” ശതാധിപൻ തുടർന്നു.

പീലാത്തോസ് അന്വേഷണഭാവത്തിൽ തലയുയർത്തി “അപ്പോൾ അദ്ദേഹത്തെ ഉപേക്ഷിക്കാത്ത ഇഷ്ടജനം അദ്ദേഹത്തിനുണ്ടല്ലോ?”

“അദ്ദേഹത്തിന്റെ മാതാവും ശിഷ്യന്മാരിലൊരുവനും മഗ്ദലാമറിയം ഉൾപ്പെടെ ഏതാനും സ്ത്രീകളും”

പീലാത്തോസ് മഞ്ചത്തിൽനിന്നെണീററു ദീർഘശ്വാസം വിട്ടുകൊണ്ടു് തന്നോടുതന്നെ സംസാരിക്കുകയാണു്. ശതാധിപനോടല്ലാ എന്ന രീതിയിൽ അദ്ദേഹം പറഞ്ഞു; “മൂന്നു മനുഷ്യജീവികൾ! മരണംവരെ അദ്ദേഹത്തോടു് ഭക്ത്യാദരങ്ങളുള്ള മൂന്നാളുകൾ! അതു് ധാരാളമാണു്. ശതാധിപാ, ഞാൻ മരിക്കുമ്പോൾ മരണപര്യന്തം എന്റെ പേരിൽ ഭക്ത്യാദരങ്ങളുള്ള മൂന്നാളുകൾ ഉണ്ടാകുമൊയെന്നു ഞാൻ അറിയുന്നില്ല. അപ്രകാരംതന്നെ തന്റെ കാര്യത്തിലും, യാതൊരുത്തനും അറിഞ്ഞുകൂടാ.”

വിസ്മയഭരിതനായ ശതാധിപൻ അവിടെനിന്നു പിന്മാറുവാൻ അവസരമായെന്നു കരുതി.

“ഇനി മറെറന്തെങ്കിലും ആജ്ഞാപിക്കുന്നുണ്ടോ?” അയാൾ ചോദിച്ചു.

ഉത്തരം നൽകാൻ പീലാത്തോസിനു സമയമായില്ലാ. അതിനുമുമ്പായി മുറിയുടെ ഭിത്തികൾ ഇളകുന്നതുപോലെ തോന്നി; ഭൂതലത്തിന്നടിയിൽ നിന്നു് ഉച്ചത്തിലുള്ള ഒരിരവൽ കേൾക്കുകയും ചെയ്തു.

ക്ലോായെ ഭയപ്പെട്ടു. “ഭൂമി കുലുങ്ങുന്നു” എന്നലറി. ശതാധിപന്റെ മുഖം വിളറി.

അവരിരുവരെയും മാറിമാറി നോക്കിക്കൊണ്ടു് പീലാത്തോസ് ചോദിച്ചു; “നിങ്ങൾക്കിരുവർക്കും എന്തു പററി? ഭൂമി കുലുങ്ങുന്നു! ചിരിക്കേണ്ട കാര്യം തന്നെ. ഇടിവെട്ടുന്നതായിരിക്കും”

“ഭൂമി കുലുങ്ങുന്നു.” ശതാധിപനാന്നിപ്രാവശ്യം ആക്രോശിച്ചതു്. അയാളുടെ ശബ്ദം ഒടുങ്ങുന്നതിനു മുമ്പു് മുറിയിലുണ്ടായിരുന്ന ദീപങ്ങളെല്ലാം അണഞ്ഞു; അവിടെയെല്ലാം കൂരിരുട്ടായി. ക്ലൊായെ നിലത്തുവീണു് ഇരുകരങ്ങൾകൊണ്ടും മുഖം പൊത്തി. ഇരുട്ടിന്റെ സ്ഥാനത്തു അപ്പോഴേക്കും ഒരു മങ്ങിയ പ്രകാശഭാവം ഉണ്ടായി. പീലാത്തോസും ശതാധിപനും അന്ധകാരത്തിൽ രൂപമെടുത്ത രണ്ടു ഭൂതങ്ങളെപ്പോലെ കാണപ്പെട്ടു വീണ്ടും ഇരുട്ടും തുടർന്നു മങ്ങിയ പ്രകാശഭാവവും അനുഭവപ്പെട്ടു. അപ്പോഴെയ്ക്കും കുരിശിങ്കൽ കാവൽ നിന്നിരുന്ന ശതാധിപൻ മുറിയിൽ പാഞ്ഞുകയറി പീലാത്തോസിന്റെ പാദത്തിങ്കൽ ചുരുണ്ടു വീണു.

“എന്തെടൊ കാര്യം? എന്റെ കാൽക്കൽ വെറും കിഴവിയെപ്പോലെ കിടന്നു പിടയ്ക്കുന്ന താൻ ഭടനാണോ? എണീററു് ആണിനെപ്പോലെ കാര്യം പറയൂ” പീലാത്തോസ് കാർക്കശ്യപൂർവ്വം പറഞ്ഞു. (തുടരും)

യൻ വിപുലമായ തോതിൽ സംസ്ഥാപിതമാവുകയും എല്ലായിടത്തും തഴച്ചുവളരുകയുംചെയ്തു.

1944 മേയ് 12-ാം തീയതി എഡൽക്വിൻ നൈറോബിയിൽ വച്ചു മരണംപ്രാപിക്കയും അവിടത്തെ വിശുദ്ധ ഓസ്റ്റിന്റെ സിമിത്തേരിയിൽ സംസ്കരിക്കപ്പെടുകയുംചെയ്തു. മരിക്കുന്നതിനുമുമ്പു ആഫ്റിക്കൻജനതയുടെ മാനസാന്തരത്തിനായി തീക്ഷ്ണതയോടും സ്ഥിരതയോടും വിജയപൂർവ്വം പ്രവർത്തിക്കുവാൻ പററിയ ആയിരമായിരം ആഫ്റിക്കരെ എഡൽ തയ്യാറാക്കി. “ആഫ്റിക്കരുടെ ഇടയിലെ ഒരു ചൈതിഹ്യവനിത”യെന്നാണു് മിഷനറിമാർ എഡലിനെപ്പററി നൽകുന്ന വിവരണം. എഡലിന്റെ കബറിടം ഒരു തീർത്ഥകസ്ഥലമായിത്തീർന്നിരിക്കയാണു്.




ബ. അൽഫോൻസാമ്മയുടെ സഹായത്താൽ കിണർ കുഴിച്ചപ്പോൾ വെള്ളം കണ്ടെത്തിയതിനു പ്രതിനന്ദി.

സെൻറു് ജോസഫ്
ടെയിലറിങ്ങ് ഹൗസ്,
ഡാണാപ്പൂർ


## ചരമവാർത്തകൾ

കൂടല്ലൂർ: ഈ ഇടവക കുററിപ്ലാക്കൽ മി. കെ പി തോമസിന്റെ പുത്രനും, വെല്ലൂർ ഡോൺ ബോസ്കോ ഹൈസ്കൂൾ വിദ്യാർത്ഥിയുമായിരുന്ന ശ്രീ കെ ററി മാത്യു കരൾസംബന്ധമായ സുഖക്കേടു നിമിത്തം ഒക്ടോ. 6-ാംനു രാത്രി 8 മണിക്കു് തന്റെ 17-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം രാവിലെ 10 മണിക്കു് റവ. ഫാ. ജോസഫ് കൊല്ലംപറമ്പിലിന്റെ പ്രധാനകാർമ്മികത്വത്തിൽ യഥാവിധി നടത്തപ്പെട്ടു.

മുട്ടുചിറ: ഈ പള്ളി ഇടവക മണ്ണുഞ്ചേരിൽ മത്തായി ദേവസ്യാ 76-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ സ്വീകരിച്ചു് ഒക്ടോബർ 1-ാംനു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു ഇദ്ദേഹം റവ ഫാദർ തോമസ് മണ്ണുഞ്ചേരി അവർകളുടെ ജ്യേഷ്ഠസഹോദരനും വിശാഖപട്ടണം മിഷ്യനിലെ റവ. സിസ്റ്റർ സ്റ്റെല്ലായുടെ പിതാവുമാണു്. ശവസംസ്കാരം റവ. ഫാദർ തോമസ് മണ്ണുഞ്ചേരി അവർകളുടെ പ്രധാനകാർമ്മികത്വത്തിലും മററു പല വൈദികരുടേയും ശ്രേഷ്ഠസമൂഹത്തിന്റെയും സഹകരണത്തിലും മുട്ടുചിറപ്പള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു.

R. I. P.




# അകത്തോലിക്കരോട്

(പരപ്പിൽ ചാക്കോച്ചൻ)

"ഓർത്തഡോക്സ്"—യാക്കോബായ സഭയിൽനിന്നും റോമൻ കത്തോലിക്കാ സഭയിലേക്കുള്ള പരിവർത്തനം പുത്തരിയല്ല. ബ. കോറെപ്പിസ്കോപ്പാ മുൻഗാമികളായി മാർ ഇവാനിയോസിനെപ്പോലുള്ള താംഭീരാശയന്മാർ ഈ തലമുറയിൽതന്നെ എഴുന്നേററിട്ടുണ്ട്."

1956 ആഗസ്റ്റ് 5-ാം തീയതിയിലെ "ചർച്ച് വീക്ക്ലി"യിൽ പെ. ബ. കോറെപ്പിസ്കോപ്പായുടെ ലേഖനത്തിനു താഴെയായി പ്രസ്തുത വാരികയുടെ പത്രാധിപർ രേഖപ്പെടുത്തിയിരുന്ന അഭിപ്രായമാണ് ഉദ്ധരിച്ചതു്. ചർച്ച് വീക്ക്ലി പറഞ്ഞതു് പരമാർത്ഥമാണ്. പക്ഷെ വായനക്കാർ വേണ്ട തരത്തിൽ മനസ്സിലാക്കുന്നുണ്ടോ എന്നതാണ് സംശയം. പലരും വായിക്കുന്നുണ്ട്, പക്ഷെ ഗ്രഹിക്കുന്നില്ല. ചിലർ ഗ്രഹിക്കുന്നുണ്ട്; പക്ഷേ, രുചിക്കുന്നില്ല. ചുരുക്കംപേർ രുചിക്കുന്നുണ്ട്; പക്ഷേ സ്വീകരിക്കുന്നില്ല. "കത്തോലിക്കാ സഭയിലേക്കുള്ള പരിവർത്തനം പുത്തരിയല്ല"

ഇത്തരം പരിവർത്തനം ഇന്നാട്ടിലോ അയൽനാട്ടിലോ മാത്രമല്ല, മനുഷ്യർ ഉള്ളിടത്തെല്ലാം ഉണ്ട്; ക്രൈസ്തവർ ഉള്ളിടത്തെല്ലാം പുനരൈക്യങ്ങളുണ്ട്.

ഇത്തരം പരിവർത്തനം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല; നൂററാണ്ടുകൾക്കപ്പുറം ശീശ്മയും പാഷണ്ഡതയും ആരംഭിച്ച കാലം മുതൽക്കേ ഉള്ളതാണ്.

ഇത്തരം പരിവർത്തനം അനഭിജ്ഞർക്കോ അധഃസ്ഥിതർക്കോ മാത്രമുള്ളതല്ല; പണ്ഡിതനും പാമരനും പുനരൈക്യസരണിയിൽ സമനിലയിൽ മുന്നേറുന്നു. കുലീനനും കുലഹീനനും സത്യസഭയിലേക്കു ഉല്ലാസത്തോടെ കൈകോർത്തു കയറുന്നു; കുബേരനും കുചേലനും തുല്യാനന്ദത്തോടെ തിരുസഭയിൽ ആശ്വാസവും സന്തൃപ്തിയും കണ്ടെത്തുന്നു; യഹൂദനും പുറജാതിയും അഗ്രചർമ്മപരിച്ഛേദനാദി വിവേചനമെന്യേ സത്യവിശ്വാസത്തിൽ ആശ്വാസവും ആനന്ദവുമനുഭവിക്കുന്നു.

ഇതും ഇതിലേറെയുമായ സത്യങ്ങൾ നിരത്തിവയ്ക്കുവാൻ ആയാസം അശേഷവുമില്ല. എന്നാൽ ദൗർഭാഗ്യമെന്നുതന്നെ പറയട്ടെ, അജ്ഞതയായിരിക്കാം കാരണം, കേരളത്തിലെ പുനരൈക്യപ്രസ്ഥാനത്തിനു് സഹിക്കേണ്ടിവരുന്ന ഒരസ്സഹനീയത അകത്തോലിക്കർ സംഭാവനചെയ്യുന്ന "വ്യക്ത്യപവാദങ്ങളാ"ണ്. ഒരുവന്റെ ആശയങ്ങളുമായി മറെറാരുവൻ യോജിക്കാതെ വരുമ്പോൾ അതിത്തിരിവായി "അനിഷ്ടം" വന്നുഭവിക്കുക പതിവാണ്. പക്ഷേ, നിലയ്ക്കു ചേരാത്ത "വ്യക്തിദ്യോതകങ്ങൾ" വച്ചുനീട്ടുന്നതു് അപകർഷമാണ്, അമർഷനിമിത്തവുമാണ്.

1930 സെപ്റ്റംബറിലാണ് സുഭഗസ്മരണാർഹനായ മാർ ഇവാനിയോസ് യാക്കോബായസഭയോട് "യാത്ര"പറഞ്ഞതു്. നമുക്കു് പുറകോട്ടൊന്നു കണ്ണോടിക്കാം. സമർത്ഥനെന്നു കണ്ടിട്ടല്ലേ അദ്ദേഹത്തെ "എം. എ." പഠിക്കാൻ വിട്ടതു്? യോഗ്യനെന്നു കണ്ടിട്ടല്ലേ പട്ടം കൊടുത്തതു്! കഴിവുററവനെന്നു കണ്ടിട്ടല്ലേ വിവിധകാര്യ ധുരന്ധരനാക്കിയതു്! പണ്ഡിതനെന്നു കണ്ടിട്ടല്ലേ സകലകാര്യോപദേഷ്ടാവായി അംഗീകരിച്ചതു്! വാഗ്മിയെന്നും ധീരനെന്നും കണ്ടിട്ടല്ലേ മേലാവുമായുള്ള മേൽകാര്യങ്ങൾക്കു് നിയമിച്ചതു്! സദ്ഗുണസമ്പന്നനെന്നു കണ്ടിട്ടല്ലേ മേല്പട്ടസ്ഥാനത്തു് അഭിഷേചിച്ചതു്? അവസാനമായി, വിജ്ഞാനി എന്നു കണ്ടിട്ടല്ലേ റോമാസഭയിൽ പരമാന്ത്യം പ്രാപിക്കാൻ ആലോചനക്കാരനാക്കിയതു്! ഇപ്പോൾ വ്യക്തമായല്ലോ, പണിക്കരുശെമ്മാശനേയും എം ഏ അച്ചനേയും മാർ ഈവാനിയോസിനേയും ബഥനിയുടെ ഈവാനിയോസ് മെത്രാപ്പോലീത്തായേയും യാക്കോബായ സഭ എങ്ങനെ ഏതു "ഗ്രേഡി"ൽ നിർത്തിയിരുന്നുവെന്നു്. അന്നൊക്കെ എല്ലാവർക്കും മാർ ഈവാനിയോസ് "സമർത്ഥനാണ്, യോഗ്യനാണ്, കഴിവുററവനാണ്, പണ്ഡിതനാണ്, വാഗ്മിയാണ്, വിജ്ഞനാണ്, ധീരനാണ്, സദ്ഗുണസമ്പന്നനാണ്, അഭ്യുദയകാംക്ഷിയാണ്, അഭിമാനസ്തംഭമാണ്, സഭയുടെ നട്ടെല്ലാണ് ..." എന്നുവേണ്ട എല്ലായിടത്തും എല്ലായ്പോഴും ആദരണീയനും സ്നേഹപാത്രവുമാണ്.

പക്ഷേ സ്ഥിതികളൊന്നു തിരിഞ്ഞുമറിഞ്ഞു. ബുദ്ധിയും പഠിത്തവും കാലത്തിനൊത്തു് കാലുനീട്ടി. വിവേകം അവിവേകവുമായി ഏററുമുട്ടി. എന്താണീ ഏററുമുട്ടലിനു കാരണം? അപ്പോഴേക്കും കേസിന്റെ വിധി പുറത്തുവന്നു. അതൊരു മാറാത്ത പാറയും മങ്ങാത്ത നിധിയുമായി പ്രത്യക്ഷത്തിൽ കരുതപ്പെട്ട "കേസു ജയിച്ചു!" അതാണാ ഏററുമുട്ടലിന്റെ മൂലഹേതു.

കലപ്പയ്ക്കുവച്ച കൈ തിരിച്ചെടുക്കുന്നതു് വിവേകത്തിനു ചേർന്നതല്ലെങ്കിലും അവിവേകം അതും അതിലപ്പുറവും ചെയ്യുമല്ലോ. വെച്ചകാൽ തിരിച്ചെടുക്കാൻ ആ വിവേകമതിക്കു് മനസ്സുവന്നില്ല. അവിവേകം വിവേകവുമായി കൂട്ടിമുട്ടി. ഉറച്ചകാലും മുമ്പോട്ടു ചലിച്ചു കാലും പിമ്പോട്ടുനീങ്ങി.

കാലമങ്ങു നീങ്ങി. മാർ ഈവാനിയോസ് "റിത്തു"മായി പുറത്തുവന്നു. കോട്ടയത്തുനിന്നു് തെക്കോട്ടും വടക്കോട്ടും വിശിയിരുന്ന ശീതവാതം ചുററിക്കറങ്ങി ഉഷ്ണവാതമായി ഉത്തരക്കോട്ടുകൂടി തിരുവനന്തപുരത്തേക്കടിച്ചു. ഇന്നാട്ടിലെ ഒട്ടുമിക്കവർക്കുമറിയാം അതിന്റെ പ്രത്യാഘാതമെന്തായിരുന്നുവെന്നു് "വളരെക്കാര്യങ്ങളെപ്പററി വിചാരപ്പെട്ടും കലങ്ങിയുമിരുന്ന" മാർത്തയായിരുന്നപ്പോൾ നല്ലവനും വല്ലഭനും, പണ്ഡിതനും വാഗ്മിയും, ധീരനും കുശാഗ്രബുദ്ധിയും മററും മററും ആയിരുന്ന ആ വീരസേനാനി, ദൈവികവെളിച്ചത്തിൽ "നല്ല പങ്കു തിരിഞ്ഞെടുത്ത" മറിയമായി മാറിയപ്പോൾ ചതിയനും വഞ്ചകനും, ദോഷിയും ദ്രോഹിയും ഭോഷനും ഭ്രാന്തനും ആയിപ്പോയി! ഇതും ഇതിലപ്പുറവും മാർ ഈവാനിയോസിനു് നിസ്സാരമാണ്. കാരണം പലതുണ്ട്. പ്രധാനമായി, ദൈവികതൃക്കരം അദ്ദേഹത്തെ താങ്ങിക്കൊണ്ടിരുന്നു. കൂടാതെ, അബ്ദുള്ളാ പാത്രിയർക്കീസ് ഇന്ത്യയിൽ കാലുകുത്തിയതുമുതൽ പ്രതിസന്ധികളുമായി ഏററുമുട്ടി തഴമ്പിച്ചുകഴിഞ്ഞിരുന്നു അദ്ദേഹത്തിന്റെ ബുദ്ധിയും മനസ്സും, കണ്ണും കാതും. "അധികാരം നടത്താനായി കേരളത്തിലേക്കു് ബുദ്ധിമുട്ടേണ്ടതില്ല..." എന്ന കമ്പിസന്ദേശം കൈയിൽ പിടിച്ചുകൊണ്ടു് ബാവാ കോപവെറിപൂണ്ടു് പല്ലു ഞെരിച്ചതു മുതൽ അനുഭവങ്ങൾ ഒന്നൊന്നായി വന്നു നിരക്കുകയായിരുന്നു ആ ധീരാഗ്രണിയുടെ മുന്നിൽ. ബാവായിൽനിന്നു് മുടക്കുകല്പന പുറപ്പെട്ടു് അഞ്ചൽവഴി, അടുത്തമുറിയിൽ താമസിച്ചിരുന്ന വട്ടശ്ശേരി തിരുമേനിക്കു കിട്ടിയപ്പോൾ തിരുമേനി വാവിട്ടു കരഞ്ഞുപോയി. തിരുമേനിയെ സാന്ത്വനപ്പെടുത്തി പുരോഗമനമാർഗ്ഗങ്ങൾ കാണിച്ചു് ധൈര്യവാനാക്കിയതു് മാർ ഈവാനിയോസാണ്. നേരം വെളുക്കുന്നതിനുമുമ്പു് എണ്ണിവച്ചു് രണ്ടാം നിലയിൽക്കയറിവന്നു് ബാവായുടെ പാർട്ടി കത്തികാണിച്ചപ്പോഴും മാർ ഈവാനിയോസിന്റെ സുബോധം ഒളിച്ചോടിയിരുന്നില്ല. ഇങ്ങനെ പോകുന്നു ആ നീണ്ട പട്ടിക.

എന്താണിതിന്റെയെല്ലാം സാരം? മനുഷ്യൻ വളരരുതു്, പുരോഗമിക്കരുതു്, ശരീരത്തിൽ പുരോഗമിച്ചാലും ആത്മാവിൽ പാടില്ല! കടുത്ത നിർബന്ധമാണതു്! ആരെങ്കിലും ആത്മരക്ഷയ്ക്കൊരുങ്ങിപ്പോയാൽ അവൻ കള്ളനായി, ചതിയനായി, ദുഷ്ടനായി, കൊള്ളരുതാത്തവനായി... അവനെപ്പററയാത്ത ചീത്തയുമില്ല, തെറിയുമില്ല. എന്തിനിങ്ങനെ വ്യക്തിവിദ്വേഷം വർദ്ധിപ്പിക്കുന്നു? അവൻ ഒരു സാർവ്വത്രിക സഭയിലേക്കു് ചേരുകയല്ലേ ചെയ്തതു്. ആ സഭയുടെ വിശ്വാസസംഹിതയ്ക്കോ ദൈവികസ്ഥാപനത്തിനോ ശ്ലൈഹികാദിലക്ഷണങ്ങൾക്കോ വിഘ്നദ്യോതകരാരോ ഉണ്ടെങ്കിൽ അതെടുത്തു പൊക്കിക്കാണിക്കണം; തക്കതായ തെളിവുകൾ നൽകണം; സത്യവും യുക്തിയും ഒത്തിണങ്ങുന്നില്ലെങ്കിൽ വ്യക്തമാക്കണം. വായിൽ കിട്ടിയ "മുട്ടായുക്തികൾ" തട്ടിമൂളിച്ചാൽപോരാ. ദൈവത്തിന്റെ വെളിപാടും ക്രിസ്തുവിന്റെ തത്വങ്ങളും പരിശുദ്ധ റൂഹായുടെ നടത്തിപ്പും പിതാക്കന്മാരുടെ പാരമ്പര്യവും തങ്ങളുടെ സഭയിലാണ് ഒത്തിണങ്ങിയിരിക്കുന്നതു്, അതാണ് യഥാർത്ഥസഭ എന്നു തെളിയിക്കണം. അതിനു കഴിവുമില്ല, സത്യംതെളിഞ്ഞാലും സ്വീകരിക്കാൻ തയ്യാറുമില്ല എങ്കിൽ വെറുതെയങ്ങു മിണ്ടാതിരിക്കണം. പ്രത്യേകമായ കുറെ വിശേഷണങ്ങൾ കൂട്ടിച്ചേർത്തു് വ്യക്തിവിദ്വേഷം വർദ്ധിപ്പിക്കുന്നതു് മനുഷ്യത്വത്തിനുതന്നെ യോജിച്ചതല്ല. സഭയെക്കുറിച്ചല്ല, വ്യക്തിയെക്കുറിച്ചാണ് പ്രത്യേകമായിപ്പറയാനുള്ളതെങ്കിൽ ശോചനീയംതന്നെ. ഈ ചിന്താഗതിയിൽ "ചർച്ച്‌വീക്ക്ലി"യെ അഭിനന്ദിക്കാതെ തരമില്ല. വ്യക്തികളുടെ മതംമാററത്തിന്റെ അവസരത്തിൽ അതിനു കാരണമായ സഭാതത്വങ്ങളെയാണ് ചർച്ച് വീക്ക്ലി അധികമായി പരാമർശിച്ചിട്ടുള്ളതു്. (കുറേ മാസങ്ങൾക്കുമുമ്പു് സത്യദീപവുമായുണ്ടായിരുന്ന ചർച്ചകളെ ഇവിടെ അനുസ്മരിക്കുന്നു) ഈ അടുത്ത കാലത്തു മാത്രം അല്പം പാകപ്പിഴ വന്നുപോയി. എങ്കിലും വിവേകപൂർവ്വം ചർച്ച് വീക്ക്ലി അതു തിരുത്തുകയും ചെയ്തു.

ഒന്നര വർഷം തികഞ്ഞിട്ടില്ല പെ. ബ. വി സി ഗീവർഗീസ് കോറെപ്പിസ്കോപ്പാ കത്തോലിക്കസഭയിൽ ചേർന്നിട്ടു്, തന്റെ ജീവിതസായാഹ്നത്തിൽ ഇത്രമാത്രം ആരോപണങ്ങൾക്കു് താൻ പാത്രവാനാകുമെന്നു ആ വൃദ്ധവൈദികൻ സ്വപ്നേപി വിചാരിച്ചു കാണുകയില്ല. യാക്കോബായ സഭയിൽ, പ്രത്യേകിച്ചു് വടക്കനിടവകകളിൽ ഒട്ടുമിക്കവർക്കും അദ്ദേഹത്തെ നേരിട്ടറിയാം. ചെറുപ്പം മുതലേ ആദ്ധ്യാത്മിക ഉണർവുള്ള ഒരു വ്യക്തിയാണദ്ദേഹം. യാക്കോബായസഭയുടെ അഭിവൃദ്ധികാണുവാൻ അതിയായി ആഗ്രഹിക്കുകയും ശരിയായി പ്രവർത്തിക്കുകയും ചെയ്തിരുന്നു ബ. കോറെപ്പിസ്കോപ്പാ. വടക്കുള്ള ഇടവകകളിൽ ധ്യാനങ്ങളും കോൺഫറൻസുകളും നടത്തി വിശ്വാസികളെ ആത്മികമായി പുഷ്ടിപ്പെടുത്തുവാനും സഭയെ നട്ടെല്ലിൽ നിവർത്തിനിർത്തുവാനും വി. സി. അച്ചൻ അങ്ങേയററം കഴിവുപയോഗിച്ചു. ക്ഷമയോടും ദീർഘശാന്തതയോടുംകൂടി അദ്ദേഹം യാക്കോബായസഭയുടെ "വരുവാനുള്ള രക്ഷ"യെ ആശയോടെ നോക്കിപ്പാർത്തിരുന്നു.

ഇത്രയെല്ലാം "മരിച്ചു"പ്രവർത്തിക്കയും പ്രവർത്തിപ്പിക്കയും ചെയ്തിട്ടു "മുന്തിരിശാഖയ്ക്കു്" പച്ചപിടിക്കാത്തതെന്തുകൊണ്ടെന്നു് അദ്ദേഹം അന്വേഷിച്ചു; മുകൾ മുതൽ അടിവരെയും അടിമുതൽ മുകൾവരെയും അന്വേഷിച്ചു. എന്തുപറയാനാണ്! നോക്കിച്ചെന്നപ്പോഴല്ലേ യാഥാർത്ഥ്യം മനസ്സിലായതു്. "ശുഷ്കശാഖയ്ക്കു്" തായ്ത്തണ്ടുമായി ഒരു ബന്ധവും കണ്ടില്ല. അദ്ദേഹം അത്ഭുതപ്പെട്ടു. വീണ്ടും വീണ്ടും പരിശോധിച്ചു. ആദ്യമാദ്യം തന്നിൽത്തന്നെ അവിശ്വാസം തോന്നി. എങ്കിലും, കൂലങ്കഷപരിശോധന അദ്ദേഹത്തെ നിർബന്ധിച്ചു, "സംശയിക്കണ്ട, ആ ധാരണ ശരിതന്നെ" എന്നു മനസ്സിലാക്കാൻ. ഞെട്ടററപൂവ്പോലെ വിട്ടകന്നുപോയ ശാഖ പൂർണ്ണമായി ശുഷ്കിക്കണമല്ലോ! അതാണടുത്ത സംശയം. അതും പരിഹരിക്കപ്പെട്ടു. പുഷ്ടിയുള്ള പച്ചത്തണ്ടിൽ നിന്നാണതു വെട്ടപ്പെട്ടതു്; സമൃദ്ധിയും ശ്രേഷ്ഠതയുമുള്ള തണ്ടിൽനിന്നാണതു് വെട്ടപ്പെട്ടതു്; ഉശിരും ഉന്മേഷവുമുള്ള തണ്ടിൽ നിന്നാണതു വെട്ടപ്പെട്ടതു്; ആത്മാവും ജീവനുമുള്ള തണ്ടിൽനിന്നാണതു വെട്ടപ്പെട്ടതു്. ശിഖരം ഛേദിക്കപ്പെട്ടാലും അതിനു് ജന്മവീര്യം കാണാതിരിക്കുമോ? ആ വീര്യംകൊണ്ടാണതു് പെട്ടെന്നുണങ്ങാത്തതു്. വെട്ടിമാററിയിട്ടു് അല്പം കഴിയുമ്പോൾ വാടും; കുറച്ചുകൂടികഴിയുമ്പോൾ ഉണങ്ങും; വീണ്ടുമല്പം കഴിയുമ്പോൾ ഇലപൊഴിയും; ഏറെക്കഴിയുമ്പോൾ ദ്രവിക്കും. ഇതൊരു യാഥാർത്ഥ്യം മാത്രമാണ്. ഈ യാഥാർത്ഥ്യമാണ് അദ്ദേഹത്തിനു് സൂക്ഷ്മപരിശോധനയിൽനിന്നു് മനസ്സിലായതു്.

തായ്ത്തണ്ടു കണ്ടുപിടിക്കണം. അതായിരുന്നു അദ്ദേഹത്തിന്റെ അടുത്ത ശ്രമം. ബാഹ്യമായ ബഹുമാനത്തിലും ആന്തരികമായ സ്വാതന്ത്ര്യത്തിലും അമിതമായി ആനന്ദമരുളിക്കൊണ്ടു് പരക്കെപ്പടർന്നു കിടക്കുന്ന പ്രോട്ടസ്റ്റന്റ് വിഭാഗമാണ് ആററരികത്തു നടപ്പെട്ടിരിക്കുന്ന പത്രപുഷ്ടമായ പച്ചമരം എന്നദ്ദേഹത്തിനു തോന്നി. എടുക്കാവുന്നതെടുത്തു, പകർത്താവുന്നതു പകർത്തി. ഫലം നാസ്തി. ഒട്ടിച്ചിട്ടും ഒട്ടാത്തതെന്തുകൊണ്ടെന്നു് അദ്ദേഹത്തിനു മനസ്സിലായില്ല. ഒട്ടിയില്ലെങ്കിൽ കെട്ടിപ്പിടിപ്പിക്കാമെന്നദ്ദേഹം വിചാരിച്ചു. എന്തു ഫലം? പുഷ്ടിമയുറന്ന ജീവരസം തായ്ത്തടിയിൽനിന്നു് ലഭിച്ചില്ലെങ്കിൽ ശുഷ്കശിഖരം വായുവിൽ ആന്ദോലനം ചെയ്യുന്നതുതന്നെ. കോറെപ്പിസ്കോപ്പ ആകപ്പാടെ ഒന്നു വിയർത്തു. അവസാനമായി ഒരവലോകനം നടത്തി. അദ്ദേഹം ആറുംകണ്ടു, ആററരികിലെ മരവും കണ്ടു. പക്ഷേ, അദ്ദേഹം ഇക്കരെയാണ്. മരം അക്കരെയും! എന്തുചെയ്യും! ചാടിക്കടക്കാൻ നിവൃത്തിയില്ല; തുഴഞ്ഞുപോകുവാൻ തോണിയില്ല. ഇറങ്ങി നീന്തുകതന്നെ. പക്ഷേ,.........ഒരു മടി. വസനകവചം നനയും, ദേഹമാകെ മുങ്ങും, മെയ്യാകെ തണുക്കും. അക്കരെ എത്തിയാൽ രക്ഷപെട്ടു.

സംശയത്തിന്റെയും നിശ്ചയത്തിന്റെയും സംഘട്ടന സമ്മർദ്ദനത്തിൽപ്പെട്ടു് കോറെപ്പിസ്കോപ്പ ഞെരിപിരികൊണ്ടു; ഊണും ഉറക്കവുമററു് മനഃപീഡയിൽ ദിനരാത്രങ്ങൾ തള്ളിനീക്കി. വേദനിക്കുന്ന ഹൃദയത്തിന്റെ അലിയിക്കുന്ന കരച്ചിലിൽ നീറുന്ന നിമിഷങ്ങൾ കർത്തൃസന്നിധിയിൽ വിലയേറിയവതന്നെയാണ്.

യറിഹോപ്പട്ടണം ദൂരെക്കണ്ടു നെടുവീർപ്പിട്ട യോശുവ, പെട്ടെന്നു് മുമ്പിൽക്കണ്ടു ഊരിപ്പിടിച്ച വാളുമായി നിൽക്കുന്ന പടയാളിവീരനെ. ധൈര്യമവലംബിച്ചുദ്ദേഹം ചോദിച്ചു: "നീ ഞങ്ങളുടെ പാർട്ടിയോ എതിർ പാർട്ടിയോ?" "നിന്റേതുമല്ല, എന്റേതുമല്ല, സൈന്യങ്ങളുടെ യഹോവായുടേതത്രെ എന്റെ പാർട്ടി." കുറിക്കുകൊണ്ടു ആ കറയററ മറുപടി യോശുവ ബഹുമാനപൂർവ്വം നിലത്തോളം കുനിഞ്ഞു് ദൈവേഷ്ടമാരാഞ്ഞു. അത്ഭുതമേ! നിസ്സഹായതയിൽ നെടുവീർപ്പിട്ട യോ



## വിശുദ്ധന്മാരുടെ ജീവചരിത്രം

പ്രതിദിനവായന (പുതിയ പതിപ്പ്)

അടുത്തകാലത്തു് പേരു വിളിച്ചിട്ടുള്ള പുതിയ വിശുദ്ധരുടേയും കർമ്മലീത്താസഭ തുടങ്ങിയ സന്യാസസഭകളിലെ പല വിശുദ്ധരുടേയും ചരിത്രത്തിനു പുറമെ, ന: കർത്താവിന്റേയും, പ: ക: മറിയത്തിന്റേയും എല്ലാ തിരുനാളുകളുടേയും വിവരണങ്ങൾ ഉള്ളവ. നല്ല ബയൻറു്, 808 പേജ്, മൂന്നരരൂപാ വില. പ്രതിദിനം കുടുംബങ്ങളിൽ വായിക്കേണ്ട നല്ല ഒരു പുസ്തകം.

സെൻറു് ജോസഫ്സ് പ്രസ്സ് സൂപ്രണ്ടു്, മാന്നാനം


## For Favours Received




Thankachen Thomas
Belur, Mysore


തൈക്കാട്ട് മൂസ്സ് വക

## ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷൻസമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്ക് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.

ശ്രുവ, യറിഹോ കോട്ടയുടെ ഗോപുരവാതുക്കൽ! യോശുവായാകുന്ന വി. സി. അച്ചനു് സൈന്യങ്ങളുടെ യഹോവയാകുന്ന മിശിഹാ സഹായത്തിനു് അയച്ചുകൊടുത്തതാണു് പടനായകനായ മാർ ഈവാനിയോസ്സ്. മുന്നിൽക്കണ്ട പടനായകനോടു ചേർന്നു് അണിനിരക്കുവാൻ അദ്ദേഹം ഓർതഡോക്സ് പാർട്ടിയിൽ നിന്നിരുന്നു എന്ന ഒററത്തടസ്സം. മാർ ഈവാനിയോസ് പ്രഖ്യാപിച്ചു. "ഞാൻ ബാവാപ്പാർട്ടിയിലുമല്ല, മെത്രാൻ പാർട്ടിയിലുമല്ല, ദൈവത്തിൻെറ പാർട്ടിയിലത്രേ!" ഇതാ, ഇവിടേയുമൊരത്ഭുതം! തൻെറ ചിന്താഗതിയിൽ അമർഷത്തോടെ വെറുക്കപ്പെട്ടിരുന്നതും ആരോപണങ്ങളുടെ കൂമ്പാരത്തിന്മേൽ ഉയർത്തപ്പെട്ടിരുന്നതുമായ കത്തോലിക്കാസഭയിലേക്കു് സ്വാഭിഷ്ടങ്ങളുടെ വിലങ്ങിനില്പു വകവയ്ക്കാതെ കോറെപ്പിസ്കോപ്പാ എടുത്തെറിയപ്പെട്ടു! തൻെറ വിശ്വാസത്തെ പ്രസിദ്ധമാക്കിയ ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നു: "എനിക്കു് തീരെ ആഗ്രഹമില്ലായിരുന്നു കത്തോലിക്കാസഭയുടെ കൂട്ടുകെട്ടു്. പക്ഷേ, ദൈവം എന്നെ ഇതിനുള്ളിൽ കൊണ്ടുവന്നു് നിർത്തി." അതേ, വിഷണ്ണനും വിവശനുമായി ഇക്കരെനിന്ന വി. സി. അച്ചൻ എങ്ങനെയെന്നറിഞ്ഞില്ല, അക്കരെ ചെന്നെത്തി. ചേരേണ്ടതു ചേരേണ്ടിടത്തു ചെന്നപ്പോൾ ചേർച്ചയായി. ഒട്ടിക്കേണ്ടതു് ഒട്ടിക്കേണ്ടിടത്തു് ഒട്ടിച്ചപ്പോൾ ഒട്ടിച്ചേർന്നു. അവിടെ അതു വച്ചുകെട്ടേണ്ടോ, കെട്ടിപ്പിടിപ്പിക്കണ്ടോ. വെട്ടപ്പെട്ടു് വേറിട്ടിരുന്ന ശുഷ്കശാഖ തായ്ത്തണ്ടിൽ ഒട്ടിച്ചേർന്നപ്പോൾ പുഷ്ടപുഷ്കലമായി, പത്രസംപൂർണ്ണമായി, ഹരിതശോഭമായി, ഫലദായകമായി.

തൻെറ അന്ത്യകാലത്തിലെങ്കിലും നിത്യമായി ആനന്ദിക്കുന്നതിനുള്ള സത്യമാർഗ്ഗങ്ങളെ കണ്ടുപിടിച്ച ആ വൃദ്ധവൈദികൻ എന്തെന്തു് കുററാരോപണങ്ങൾക്കു് പാത്രമായിരിക്കുന്നു! ആരുടെയെല്ലാം ചോദ്യശരങ്ങളെ ചെറുത്തു നില്ക്കണം! എത്രയെത്ര ആഭാസങ്ങൾക്കും അസഭ്യങ്ങൾക്കും ചെവികൊടുക്കണം! വ്യക്തിയുടേയോ സമുദായത്തിൻേറയോ നിലവാരത്തിനു യോജിക്കാത്ത മലിനമസപ്രസ്താവനകൾകൊണ്ടു് വന്നുഭവിക്കുന്നതു് ആശിക്കുന്ന ഗുണമല്ല, വെറുക്കുന്ന ദോഷമത്രെ എന്നു് അവയുടെ കർത്താക്കൾ ഗ്രഹിച്ചിരുന്നെങ്കിൽ!

ഇനിയും മൂന്നുമാസം തികഞ്ഞിട്ടില്ല ഫാ. എബ്രഹാമിൻെറ പുനരൈക്യം കഴിഞ്ഞിട്ടു്. പാത്രിയർക്കീസ്സ് ഭാഗത്തുനിന്നും വടക്കനിടവകയിൽപ്പെട്ട റവ. ഫാദർ സി എ. എബ്രാഹം എം എ; ബി ഡി; ബി ലിററ് (ഓക്സൺ) കഴിഞ്ഞ ജൂലൈ 21-ാം തീയതിയാണു് വളർത്തമ്മയെ വിട്ടു പെററമ്മയോടു ചേർന്നതു്. യാക്കോബായ സഭയിലെ പണ്ഡിതരത്നമായിരുന്ന ഫാ. എബ്രഹാമും തെററായ കുററാരോപണങ്ങളിൽനിന്നും വ്യത്യസ്തത ലഭിച്ചവനല്ല. അങ്ങുമിങ്ങും ചില "മുറുമുറുപ്പുകളും" "കൊഞ്ഞനം കുത്തലുകളും" ചിറപൊട്ടിയിട്ടുണ്ടെന്ന വിവരം എടുത്തുപറയാതെ നിവൃത്തിയില്ല.

ഇങ്ങനെ, സത്യവും യാഥാർത്ഥ്യവും ഇല്ലെങ്കിലും കൊള്ളാം, "റിത്തുകാര"നെ "രണ്ടു" പറഞ്ഞേ അടങ്ങൂ എന്ന സ്വഭാവവിശേഷം ഏതാണ്ടു് ജാത്യഗുണമായിത്തീർന്നിരിക്കയാണു് വിശ്വാസത്തെ ഒററിക്കൊടുക്കുന്ന അകത്തോലിക്കർക്കു്. യഥാർത്ഥത്തിൽ ആന്തരികമായി ക്രിസ്ത്യാനികൾ അല്ലാത്തവരും വിശ്വാസമില്ലാത്തവരും ആയ മൂന്നാംതരം ക്രിസ്ത്യാനികളാണിക്കൂട്ടർ, സത്യവിശ്വാസത്തിലേക്കു വരുന്നവരെ കുത്തിപ്പറയുന്നതിൽ പ്രഥമഗണനീയർ. വിശ്വാസവും ക്രിസ്തീയജീവിതവും രൂപം പ്രാപിച്ചു് ബഹിർഗമിക്കേണ്ടതു് ജിഹ്വയിൽനിന്നും അധരങ്ങളിൽനിന്നും അല്ല, പിന്നെയോ, ഹൃദയത്തിൽനിന്നത്രേ.

ഒരു വാക്കുകൂടി. സഭാസംബന്ധമായി സംസാരിച്ചാൽ കത്തോലിക്കരുടെ വാദഗതികളും യുക്തിസാക്ഷ്യാദികളും സമ്മതിച്ചുകൊടുക്കേണ്ടിവരുമെന്നുള്ളതിനാൽ എന്തെങ്കിലും പറയണമല്ലോ എന്നു കരുതിയായിരിക്കാം, ഒരു സത്യാന്വേഷി പുനരൈക്യപ്പെടുമ്പോൾ അവനെപ്പററി കത്തോലിക്കേതരർ, "അവൻ കള്ളനാണു്, ചതിയനാണു്, സ്ഥിരതയില്ലാത്തവനാണു്, വിശ്വാസമില്ലാത്തവനാണു്, പണം മോഹിച്ചു പോയവനാണു്……" എന്നിങ്ങനെയെല്ലാം അർത്ഥമില്ലാതെ പുലമ്പുന്നതു്. പക്ഷേ. അകത്തോലിക്ക സഹോദരങ്ങൾ ഓർക്കണം, ഹൃദയത്തിൽ--നാവിലല്ല--ആദ്ധ്യാത്മികചിന്തയുള്ള അകത്തോലിക്കർക്കു് പുരോഗമനത്തിനുള്ള കാരണങ്ങളാണു് അവയെന്നു്. മുൻപറഞ്ഞ "മുദ്രാവാക്യങ്ങൾ" സ്വീകരിക്കുന്നവർ തങ്ങൾക്കുതന്നെ ശവക്കുഴിതോണ്ടുകയാണു് ചെയ്യുന്നതു്. നിങ്ങൾ ഉൾപ്പെട്ടുനില്ക്കുന്ന സഭ ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമാണെന്നു് ധാരണയുണ്ടെങ്കിൽ സമാധാനത്തോടും സമചിത്തതയോടുംകൂടി വരുക, നമുക്കു് ചർച്ചനടത്താം, കൂടിച്ചിന്തിക്കാം, കൂടുതൽ പഠിക്കാം, ധാരണകളെ പുനഃപരിശോധിക്കാം, സത്യമായതിനെ തെരഞ്ഞെടുക്കാം. വിശ്വാസസത്യങ്ങൾ, ചരിത്രതെളിവുകൾ, ഔദ്യോഗികരേഖകൾ മുതലായ അനിഷേധ്യസാക്ഷ്യങ്ങളുടെ വെളിച്ചത്തിൽ യാഥാർത്ഥ്യങ്ങൾ അന്വേഷിക്കാം. ആവശ്യമില്ലാതെ വ്യക്തികൾക്കു് വിശേഷണങ്ങൾ കൂട്ടിച്ചേർക്കുന്നതു് പാഴ്ചെലവല്ലേ? വിശുദ്ധിയും, ആത്മികജീവനും, ജ്ഞാനവും, പാണ്ഡിത്യവും ഉള്ളവരെല്ലാം ഒന്നൊന്നായി കത്തോലിക്കാസഭയിൽ ചേരുന്നതോർത്തു് നിങ്ങൾ വിഷമിക്കണ്ടാ. നിങ്ങൾക്കു് നല്ല മനസ്സാക്ഷിയുണ്ടെങ്കിൽ ഏകതൊഴുത്തിൽ, ഏക ഇടയൻെറ കീഴിൽ ഏകവിശ്വാസത്തിൻെറ ഓഹരിക്കാരാകുവാനുള്ള കൃപ ഒരു ദിവസം ദൈവം നിങ്ങൾക്കും തരും. ദൈവത്തിൽ ആശ്രയിക്കുക.

—o—

സംഭവകഥ

# "ദൈവത്തിൻമനമാരുകണ്ടു?"

(എസ്. പി.)

ഏതാനും വർഷങ്ങൾക്കുമുൻപു് യൂഗോസ്ലാവിയായിൽ ഒരു പെൺകുട്ടി ജീവിച്ചിരുന്നു. വളർന്നുവന്നതോടുകൂടി നവമായ ഒരാഗ്രഹം ആ ബാലികയിൽ നാമ്പെടുത്തു. അതു് സഫലമാകാൻ അവൾ നിരന്തരം പ്രാർത്ഥന തുടങ്ങി; ദിവ്യബലിയിൽ അക്കാര്യം അവൾ ദിവ്യനാഥനെ ഓർമ്മിപ്പിക്കും; സ്നേഹരാജൻ ഹൃദയത്തിൽ എഴുന്നള്ളുമ്പോഴും ആഗ്രഹനിവൃത്തിക്കായി അവൾ കെഞ്ചിത്തുടങ്ങും; എങ്കിലും അവൾക്കു തൃപ്തി വന്നില്ല; ആഴ്ചയിൽ മൂന്നുപ്രാവശ്യം ഉപവാസം തുടങ്ങി; അതും നീണ്ട മുപ്പതു വർഷത്തേക്കു്. ജീവിതകാലം മുഴുവൻ സ്ഥായിയായി നീണ്ടുനിന്ന ഈ ആഗ്രഹം എന്തായിരുന്നു? എന്നെങ്കിലും അവളുടെ ദാമ്പത്യവല്ലിയിൽ പുത്രസന്താനങ്ങൾ മൊട്ടിട്ടു വികസിക്കുന്നെങ്കിൽ അവരിൽ ഒരാളെയെങ്കിലും ദൈവത്തിനു നൽകണം. എങ്ങിനെ? ഒരു പുരോഹിതനാക്കിക്കൊണ്ടു്. തിന്മനിറഞ്ഞ ലോകത്തെ അങ്ങനെയെങ്കിലും സമുദ്ധരിക്കാമെന്നായിരുന്നു അവളുടെ വിശ്വാസം.

കാലചക്രം കറങ്ങിക്കൊണ്ടിരുന്നു. ആ ബാലിക യഥാകാലം വിവാഹിതയായി. പതിന്നാലു മക്കളിൽ നാലുപേർ ഓമനക്കുട്ടന്മാർ. അവരിൽ മൂന്നുപേരും ഗൃഹസ്ഥാശ്രമം പൂകിക്കഴിഞ്ഞു. ശേഷിച്ച ഇളയമകൻ സെമിനാരിയിലും പ്രവേശിച്ചു. പക്ഷേ ആ കൊല്ലം തന്നെ തൻെറ പതിനാറാമത്തെ വയസ്സിൽ ഹങ്കേറിയൻ സൈന്യത്തിൽ ചേരുവാൻ അവൻ നിർബന്ധിതനായി. അതുകണ്ടുകൊണ്ടു് ആ വീരമാതാവും അതേവർഷത്തിൽ മരണമടഞ്ഞു.

× × ×

1928-ലാണു് ആ സംഭവം നടന്നതു്. ആയിടെ അമേരിക്കക്കാരിയായ എമിലി ഹാവിലക്കു് മരണാസന്നയായി ശയ്യയെ അവലംബിച്ചു ചുററും നില്ക്കുന്ന മക്കളോടു് അവക്കൊരു രഹസ്യം പറയുവാനുണ്ടു്. അടുത്തുകിടന്ന മേശചൂണ്ടിക്കാണിച്ചുകൊണ്ടു് അവൾ പറഞ്ഞു. മുപ്പത്തഞ്ചു വർഷമായി ഒന്നും രണ്ടും ചില്ലിക്കാശുവീതം സൂക്ഷിച്ച ഒരു പണക്കിഴി അവിടെ ഇരിപ്പുണ്ടു്. സ്വപുത്രരിൽ ഒരാളുടെ സെമിനാരി പഠനത്തിനാണു് ആരുമറിയാതെ അവളതു് സൂക്ഷിച്ചതു്. പക്ഷേ ദൈവേഷ്ടം മറിച്ചായിരുന്നു. മഹോന്നതമായ വൈദികപദവിക്കു് ആ കുടുംബത്തിൽനിന്നു് ആരും മുൻപോട്ടു വന്നില്ല. അതുകൊണ്ടു് ഏതെങ്കിലും സാധുബാലൻെറ സെമ്മിനാരി പഠനത്തിനു് ആ പണം ചെലവാക്കാമെന്നുതന്നെ അവൾ നിശ്ചയിച്ചു. അങ്ങനെയെങ്കിലും ആ ഭവനത്തെ ദൈവം അനുഗ്രഹിക്കട്ടെ എന്നവൾ ആശംസിച്ചു.

മിസ്സിസ് എമിലി ഹാവിലക്കു് മരിച്ചു. മൂത്തമകൾ സ്വമാതാവിൻെറ ആഗ്രഹമനുസരിച്ചു പണം ക്ലൈഡ് നിത്യാരാധന മഠത്തിലെ ബെനഡിക്ടയിൻ സന്യാസിനികളെ ഏല്പിച്ചു. അവരാകട്ടെ റോമിലെ ജമ്മൻ-ഹങ്കേറിയൻ കോളേജിലേക്കാണു് ആ പണം അയച്ചുകൊടുത്തതു്. പതിനാറാമത്തെ വയസ്സിൽ പട്ടാളത്തിൽ ചേർന്ന ഒരു യുവാവു് ദീർഘകാലത്തെ തടങ്കൽ ജീവിതത്തിനുശേഷം, വൈദികപഠനം പുനരാരംഭിക്കുന്നതിനു സെമിനാരിയിൽ വന്നുചേർന്നു. ആ യുവാവിനുവേണ്ടി പ്രസ്തുത പണം ചെലവാക്കുന്നതിനു സെമിനാരി അധികൃതർ തീരുമാനിച്ചു. ആ യുവാവാണു് ഇന്നു ജഗൽപ്രസിദ്ധനായിത്തീർന്നിരിക്കുന്ന കാർഡിനൽ സ്റ്റെപ്പിനാക്കു് തിരുമേനി.

ഇവിടെ ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ടു്. ഇന്നു് കത്തോലിക്കാസഭ വിവിധ പീഡനങ്ങൾക്കു് വിധേയയാണു് എങ്കിലും നാം നിരാശപ്പെടരുതു്. ശിശുക്കളെപ്പോലെ നമുക്കും ദൈവപരിപാലനയിൽ വിശ്വസിക്കാം, ശരണപ്പെടാം. ആ രണ്ടു മാതാക്കൾ പ്രാർത്ഥിച്ചതു് ഇഹത്തിൽ സാധിച്ചില്ല. എന്നാൽ ദൈവം എന്തു ചെയ്തു? തൻെറ മഹത്വത്തിനും മനുഷ്യരുടെ ആനന്ദത്തിനും ഉതകുന്നവിധം കാര്യങ്ങൾ ഒന്നുകൂടി ആകർഷണീയമായ വിധത്തിൽ ക്രമപ്പെടുത്തുകമാത്രമാണു് ചെയ്തതു്.

("സ്റ്റോൺസാ റേജിസ്" നോടു കടപ്പാടു്)

# ഒരു ചെറിയ ജീവചരിത്രപുസ്തകം

(എ. പീലിപ്പോസ് എം. എ. ബി. എൽ.)

തിരുവല്ലാരൂപതയുടെ അദ്ധ്യക്ഷനായി പതിനാറുവർഷം ആ രൂപതയെ പ്രശസ്തമായവിധം ഭരിച്ചശേഷം, താൻ സമ്പാദിച്ച പുണ്യങ്ങളോടുകൂടി നിത്യഭാഗ്യം അനുഭവിക്കാനായി ദൈവത്താൽ വിളിക്കപ്പെട്ട മാർ സെവേരിയോസ് തിരുമേനിയുടെ ഒരു ചെറിയ ജീവചരിത്രപുസ്തകം അദ്ദേഹത്തിൻെറ മൂത്തസഹോദരൻ മി. വി. ഒ. വറുഗീസ് എഴുതിയതു് ഞാൻ വളരെ ശ്രദ്ധയോടും ബഹുമാനത്തോടുംകൂടി മുഴുവൻ വായിച്ചുതീർത്തു. അദ്ദേഹത്തിൻെറ ജീവിതചരിത്രം ഒരു ചുരുങ്ങിയ തോതിലെങ്കിലും നിലനിർത്താൻ ഗ്രന്ഥകർത്താവു ചെയ്ത ഈ ശ്രമം വളരെ സ്തുത്യർഹമാകുന്നു. അദ്ദേഹത്തിൻെറ കുടുംബത്തലവനും, ബാല്യംമുതൽ അദ്ദേഹത്തെ സ്നേഹിച്ചുലാളിച്ചു് ഒരുമിച്ചു ജീവിച്ചിട്ടുള്ളയാളും, അദ്ദേഹത്തിൻെറ ബാല്യകാലസംഭവങ്ങൾ അറിയാവുന്നവനുമായ ഗ്രന്ഥകർത്താവു് ചെയ്ത ഈ ശ്രമം കത്തോലിക്കാസഭയ്ക്കും പ്രത്യേകം തിരുവല്ലാരൂപതയ്ക്കും കിട്ടിയ ഒരു വലിയ സേവനമാകുന്നു.

ഗ്രന്ഥകർത്താവും തൻെറ മൂത്തസഹോദരനുമായ മി. വറുഗീസ് കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടും അനേകകൊല്ലം അദ്ദേഹത്തോടു ആദർശത്തിൽ യോജിക്കാതെ ജീവിക്കുന്നതിനു തിരുമേനിക്കു ഇടവന്നു അതുപോലെതന്നെ തൻെറ വന്ദ്യഗുരുഭൂതനായ മാർ ഈവാനിയോസ്സ് കത്തോലിക്കാസഭയെ ആശ്ലേഷിച്ചശേഷം ആറു ദീർഘവർഷങ്ങൾ മാർ ഈവാനിയോസിൻെറ ആദർശങ്ങളോടു യോജിക്കാതെ അദ്ദേഹം ജീവിച്ചുവെന്നു മാത്രമല്ല ആ ആദർശത്തോടു എതിർക്കുന്നതിനും മാർ ഈവാനിയോസ് പണിത കോട്ടയെ തകർക്കുന്നതിനുമായി ആവതുപരിശ്രമിക്കയുംചെയ്തു. എന്നാൽ മാർ സെവേരിയോസ് ഒടുവിൽ ആ വലയിൽ വീഴുന്നതിനു ഇടയാക്കിയ ദൈവപ്രേരകശക്തിയെന്താണെന്നു പുസ്തകം വായിച്ചുകൊണ്ടിരുന്നപ്പോൾ പലപ്പോഴും ഞാൻ വിചാരിച്ചിട്ടുണ്ടു്. അതു മററൊന്നുമല്ല. ഓർത്തഡോക്സ് സഭയിലേയും യാക്കോബായസഭയിലേയും ഇപ്പോഴുള്ള അദ്ധ്യക്ഷന്മാർ തങ്ങളുടെ നിലയെപ്പററി ഓർക്കുമ്പോൾ സംശയങ്ങൾ ഉണ്ടാകുമെങ്കിലും ഓരോ കള്ളസമാധാനങ്ങൾ പിശാചു് അവരുടെ മനസ്സിൽക്കൂടി കടത്തിവിടുന്നതിനെ ദൈവാശ്രയംമൂലം തക്കസമയത്തു എതിർത്തുജയിക്കുന്നതിനു മാർ സെവേരിയോസിനു പ്രാർത്ഥനമൂലം സാധിച്ചുവെന്നുള്ളതാണു് അതിൻെറ രഹസ്യം. ഓർത്തഡോക്സ് സഭയിൽവച്ചു് ഭരണകാര്യത്തിൽ മാർ സെവേരിയോസിനെ എതിരിട്ട പ്രശ്നങ്ങൾതന്നെ ഇന്നു അവരേയും കൂടുതൽ ശക്തിയോടുകൂടി ദിനംപ്രതി എതിരിട്ടുകൊണ്ടിരിക്കുന്നു. എന്നാൽ പിശാചു കൊടുക്കുന്ന കള്ളസമാധാനങ്ങളെ സ്വീകരിച്ചു് അവർ തൃപ്തിയടയുന്നു. അവരുടെ ഈ സ്ഥിതിയെ ഈ പുസ്തകവായനമൂലം തരണംചെയ്യാൻ അവർക്കു സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. 16 വർഷങ്ങൾകൂടി മാർ സെവേരിയോസ് ഓർത്തഡോക്സ് സഭയിൽ വേലചെയ്തിരുന്നുവെങ്കിൽ, ജലരേഖപോലെ അദ്ദേഹത്തിൻെറ പ്രവൃത്തികൾ ശേഷിച്ചേനെ. എന്നാൽ ദൈവത്തിൻെറ മുന്തിരിത്തോട്ടത്തിൽ ഈ 16 വർഷം അദ്ദേഹം വേലചെയ്തതുകൊണ്ടു് എന്നും നിലനില്ക്കത്തക്കവിധത്തിൽ മായാത്ത മുദ്രയോടുകൂടി ആ വേല നിലനില്ക്കുന്നു. അതുകൊണ്ടു് ഈ രണ്ടു സഭകളിലേയും മേലദ്ധ്യക്ഷന്മാർ ഈ ചെറുപുസ്തകം "മറുതലിപ്പു" (Obstinacy) കൂടാതെ ഒന്നു വായിക്കണമെന്നപേക്ഷിച്ചുകൊണ്ടു് എൻെറ ഈ അഭിപ്രായത്തെ അവസാനിപ്പിക്കുന്നു.

വി. പത്താം പിയൂസിൻെറ മദ്ധ്യസ്ഥതാലും, തിരുക്കുടുംബത്തിൻെറ അനുഗ്രഹത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

C. J. Mary


THE SOUTH INDIAN BANK LTD.

Estd: 1929 H. O. TRICHUR A Scheduled Bank

SAVINGS BANK ACCOUNTS

3% p. a. Interest allowed without limit.
Maximum withdrawal allowed per week
Rs. 1000. Operation by cheque.

CALL DEPOSITS & FIXED DEPOSITS FOR PERIODS OF 1 to 24 MONTHS ACCEPTED AT VERY ATTRACTIVE RATES

BRANCHES:

ALLEPPEY, ALWAYE, BHAVANI, COCHIN, COIMBATORE, ERNAKULAM, GOBICHETTIPALAYAM, IRINJALAKUDA, KUNNAMKULAM, KOZHIKODE, KOLLENGODE, MADRAS, MANJERI, MANNARGHAT, NILAMBUR, OTTAPALAM, PALGHAT, POLLACHI, PONANI, SALEM, TIRUPUR, TRICHUR & WADAKANCHERI

(2-ാംപേജു് തുടർച്ച)

അവർ രഹസ്യമായി വെക്കുന്നുമില്ല. കമ്മ്യൂണിസ്റ്റധീനതയിലുള്ള ഒരു തൊഴിലാളിയൂണിയനിൽ അംഗമാകുന്ന ഒരു തൊഴിലാളി കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ കൈയിൽ ഒരു കരുവായിത്തീരുകയാണു ചെയ്യുന്നതു്. ഈ നാട്ടിൽ കമ്മ്യൂണിസ്റ്റ്സ്വേച്ഛാധിപത്യം അരക്കിട്ടുറപ്പിക്കുവാൻ അവൻ തന്നെത്തന്നെ ഒരുപകരണമാക്കിത്തീർക്കുകയാണു ചെയ്യുന്നതു്. ദൈവത്തേയും സഭയേയും ഉന്മൂലനം ചെയ്യുവാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്ന ഒരു പാർട്ടിയുടെ വിജയത്തിനു് അവൻ സഹായിക്കുകയാണു ചെയ്യുന്നതു്. ഇതു സഭയ്ക്കു എതിരാണെന്നു സ്പഷ്ടമാണല്ലോ. ആകയാൽ ദൈവത്തിൽ വിശ്വസിക്കുന്ന കത്തോലിക്കനായ ഒരു തൊഴിലാളിക്കു തന്റെ കത്തോലിക്കാവിശ്വാസം നഷ്ടപ്പെടുത്താതെ, കമ്മ്യൂണിസ്റ്റധീനതയിലുള്ള ഒരു തൊഴിലാളിയൂണിയനിൽ അംഗമാകുക സാദ്ധ്യമല്ല.

161 ചോ: കമ്മ്യൂണിസം നിഷിദ്ധമെങ്കിൽ, ഒരു കത്തോലിക്കൻ കമ്മ്യൂണിസ്റ്റുകാരനായാൽ അതിനാൽതന്നെ മഹറോൻ ശിക്ഷയ്ക്കു വിധേയനാകുമെന്നിരിക്കെ, ആദർശത്തിലും നടപടിയിലും കമ്മ്യൂണിസ്റ്റുകാരായിരിക്കുന്ന പലർക്കും കൂദാശകൾ നൽകുകയും മതകർമ്മങ്ങളിൽ പങ്കുകൊള്ളുവാൻ അവരെ അനുവദിക്കുകയും ചെയ്യുന്നുണ്ടല്ലോ. സഭയുടെ ഉപദേശങ്ങളെ അപ്പാടെ സ്വീകരിക്കണമെന്നു പറയുന്നതിനു് പിന്നെ എന്താണു് അർത്ഥം?

(എ ടി വി ചെപ്പുകുളം)

ഉ: ചില തെററിദ്ധാരണകളാണു ചോദ്യകർത്താവിനെ വിഷമിപ്പിക്കുന്നതെന്നു തോന്നുന്നു. "കമ്മ്യൂണിസം നിഷിദ്ധമെങ്കിൽ..." എന്നു് അദ്ദേഹം സംശയിക്കുകയാണു്. സംശയത്തിനു യാതൊരു അടിസ്ഥാനവുമില്ല. കമ്മ്യൂണിസം നിഷിദ്ധംതന്നെയാകുന്നു. കമ്മ്യൂണിസ്റ്റ്കാരൻ അതിനാൽതന്നെ മഹറോൻശിക്ഷയ്ക്കു വിധേയനാവുകയും ചെയ്യുന്നു. "കമ്മ്യൂണിസ്റ്റ്കാരുടെ ഭൗതികാത്മകവും ക്രൈസ്തവവിരുദ്ധവുമായ സിദ്ധാന്തങ്ങളെ വിശ്വസിക്കുകയും അതിലേറെ ആ സിദ്ധാന്തങ്ങളെസാധൂകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന കത്തോലിക്കർ അതിനാൽതന്നെ മഹറോൻ ശിക്ഷയിൽ ഉൾപ്പെടുന്നതാണു്" എന്നാണു് ഹോളിഓഫീസ് അനുശാസിക്കുന്നതു്. എപ്പോൾ പ്രവർത്തിക്കുന്നുവോ അപ്പോൾ, അതിനാൽ തന്നെ, മഹറോൻ ശിക്ഷയും വന്നുചേരുന്നു.

കമ്മ്യൂണിസ്റ്റുകാരായിരിക്കുന്ന പലർക്കും കൂദാശകൾ നൽകുകയും മതകർമ്മങ്ങളിൽ പങ്കുകൊള്ളുവാൻ അവരെ അനുവദിക്കുകയും ചെയ്യുന്നുവെന്നതാണു ചോദ്യകർത്താവിനെ വിഷമിപ്പിക്കുന്നതു്. ഇതേപ്പററിയുള്ള ഹോളി ഓഫീസിന്റെ തീരുമാനം ഇങ്ങനെയാണു്: "(കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ചേരുകയോ അതിനോടു് അനുഭാവം പ്രദർശിപ്പിക്കുകയോ, അവരുടെ പുസ്തകങ്ങൾ പ്രചരിപ്പിക്കുകയോ വായിക്കുകയോ ഒക്കെ) അറിഞ്ഞുകൊണ്ടും സ്വേച്ഛാനുസരണവും ചെയ്യുന്ന കത്തോലിക്കർക്കു്, കൂദാശകളുടെ സ്വീകരണത്തിനു വേണ്ടുന്ന യോഗ്യതകൾ ഇല്ലാത്തവർക്കു് അവ നിഷേധിക്കണമെന്ന സാമാന്യനിയമങ്ങൾ അനുസരിച്ചു്, കൂദാശകൾ നൽകപ്പെടുവാൻ പാടില്ല."

ആകയാൽ കമ്മ്യൂണിസ്റ്റ്കാരായിരിക്കുന്നവർക്കു സഭ കൂദാശകൾ നൽകുകയാകട്ടെ, മതകർമ്മങ്ങളിൽ പങ്കുകൊള്ളുവാൻ അവരെ അനുവദിക്കുകയാകട്ടെ ചെയ്യുന്നില്ല. "ആദർശത്തിലും നടപടിയിലും കമ്മ്യൂണിസ്റ്റുകാരായിരിക്കുന്ന പലർക്കും കൂദാശകൾ നൽകുന്നുണ്ടല്ലോ"യെന്നാണു ചോദ്യകർത്താവിന്റെ സംശയം. ഒരു സംഗതി അദ്ദേഹം വിസ്മരിച്ചുകളഞ്ഞു. കമ്മ്യൂണിസ്റ്റായിരിക്കുകയെന്നതു പലപ്പോഴും മനസ്സാക്ഷിയെമാത്രം ബാധിക്കുന്ന ഒരു സംഗതിയാണെന്നുള്ളതാണതു്. ഇന്നലെവരെ കമ്മ്യൂണിസ്റ്റു് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ഒരാൾ ഇന്നു സഭയുടെ അടുക്കൽചെന്നു തന്റെ തെററുകൾ ഏററു പറയുകയും, തന്റെ പ്രവൃത്തികളെപ്പററി പശ്ചാത്തപിക്കുകയും, ചെയ്തുപോയ തെററുകൾക്കു പരിഹാരം ചെയ്യാമെന്നു സമ്മതിക്കുകയും ചെയ്താൽ, സഭാമാതാവു ധൂർത്തപുത്രനെയെന്നപോലെ, അവനെ സ്വീകരിക്കുകയും സഭയുടെ വരപ്രസാദഭണ്ഡാഗാരങ്ങളെ അവനായി തുറന്നു കൊടുക്കുകയും ചെയ്യുന്നു.

അവന്റെ പശ്ചാത്താപത്തിൽ വല്ല കൃത്രിമവുമുണ്ടോയെന്നു് അറിയാൻ സഭയ്ക്കു മാർഗ്ഗമില്ലല്ലോ. പശ്ചാത്താപം ആഭ്യന്തരമായ ഒരു അവസ്ഥാവിശേഷമാകയാൽ സഭയുടെ മുൻപിൽ കള്ളക്കണ്ണുനീർ കാണിക്കുവാൻ അവനുകഴിഞ്ഞേക്കാം. പാപമാർഗ്ഗത്തിൽനിന്നു എന്നെന്നേക്കുമായി ഒഴിഞ്ഞിരിക്കുന്നുവെന്നു് അവൻ വാക്കാൽപ്രതിജ്ഞചെയ്യുമ്പോൾ, പാപത്തിലേക്കുതന്നെ ഓടിപ്പോകണമെന്നായിരിക്കാം അവൻ ഉള്ളിൽ വിചാരിക്കുന്നതു്. സർവ്വശക്തനായ ദൈവത്തിൽ വിശ്വസിക്കാത്തവനു ഈ കൃത്രിമങ്ങളൊക്കെ കാണിക്കുവാൻ വിഷമം കാണുകയില്ലായിരിക്കാം. പക്ഷെ അതു കണ്ടുപിടിക്കുവാൻ സഭയ്ക്കു് ഒരു മാർഗ്ഗവുമില്ലല്ലോ. അതിനാൽ ചിലപ്പോൾ സഭാധികാരികൾ വഞ്ചിക്കപ്പെട്ടെന്നുവരാം.

എന്നാൽ, കമ്മ്യൂണിസത്തിലായിരുന്ന ഒരു കത്തോലിക്കൻ, താൻ അതിനെ എന്നെന്നേക്കുമായി ഉപേക്ഷിച്ചിരിക്കുന്നുവെന്നും, ആ അപകടത്തിൽ പെട്ടതിൽ യഥാർത്ഥമായി പശ്ചാത്തപിക്കുന്നുവെന്നും ഏററു പറയാത്ത കാലത്തോളം സഭ ഒരിക്കലും ആയാൾക്കു കൂദാശകൾ നൽകുകയോ, മതകർമ്മങ്ങളിൽ പങ്കുകൊള്ളുവാൻ അയാളെ അനുവദിക്കുകയോ ചെയ്യുന്നതല്ല. ഇക്കാര്യത്തിൽ ചോദ്യകർത്താവിനു യാതൊരു സംശയവും വേണ്ടാ. സഭയുടെ ഉപദേശങ്ങളെ അപ്പാടെ സ്വീകരിക്കണമെന്നു് അനുശാസിക്കുന്നതിൽ ചിലർക്കു വിട്ടുവീഴ്ച ചെയ്യുന്നുണ്ടെന്നു ഭയപ്പെടേണ്ടതുമില്ല. കമ്മ്യൂണിസ്റ്റുകാരനുള്ള മഹറോൻ ശിക്ഷ 'അതിനാൽ തന്നെ'യാണു്. തന്മൂലം താൻ കമ്മ്യൂണിസ്റ്റ്കാരൻ അല്ലെന്നു് ഒരാൾ ഏററുപറഞ്ഞാൽ അയാൾ മഹറോൻ ശിക്ഷയിൽ പെട്ടിരിക്കയല്ലെന്നു ധരിക്കുവാനേ [illegible]ള്ളൂ.

ആദർശത്തിലും നടപടിയിലും കമ്മ്യൂണിസ്റ്റുകാരനായിരിക്കുന്ന ഒരാൾ, സഭാധികാരികളെ വഞ്ചിച്ചു കൂദാശകൾസ്വീകരിക്കുകയും മതകർമ്മങ്ങളിൽ പങ്കുകൊള്ളുകയും ചെയ്യുന്നതുകൊണ്ടു കൂടുതലായി ദൈവദോഷം പിഴയ്ക്കുന്നതല്ലാതെ, മററു പ്രയോജനങ്ങളൊന്നുമുണ്ടാകുന്നില്ലല്ലോ. ആ ആൾ യഥാർത്ഥത്തിൽ സഭാധികാരികളെ വഞ്ചിക്കുകയാകുന്നുവെന്നു് ആർക്കെങ്കിലും തെളിയിച്ചുകൊടുക്കുവാൻ സാധിക്കുന്നപക്ഷം, സഭാധികാരികൾ പിന്നീടു് അയാൾക്കു കൂദാശകൾ കൊടുക്കുന്നതല്ലായിരിക്കും. ഒരു പാപി കഴിയുന്നവേഗം പശ്ചാത്തപിച്ചു പിന്തിരിഞ്ഞു വരണമെന്നു ആഗ്രഹിക്കുന്ന കരുണാനിധിയായ ഒരു മാതാവാണു സഭയെന്നുള്ള വസ്തുത നാം മറക്കരുതു്. ആകയാൽ നമ്മുടെ പ്രവർത്തനങ്ങൾ പാപിയെ കഠിനഹൃദയനാക്കുന്നതിനല്ലാ, പശ്ചാത്താപത്തിലേക്കു നയിക്കുന്നതിനാണു്, പ്രേരകമായിരിക്കേണ്ടതു്.

Chakolas
SILK HOUSE
TRICHUR–ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.

EP

# സാഹിത്യലോകത്തിലെ ഒരടിയന്തിരാവശ്യം

(ഡെന്നിസ് ചക്കാലയ്ക്കൽ)

ശ്രീ മാത്യു ഉലകംതറ സെപ്റ്റംബർ 6-ാംനു-യിലെ ദീപികയിലും ശ്രീ ജോസ് വാക്കയിൽപറമ്പിൽ ഒക്ടോബർ 2-ാംനു-യിലെ സത്യദീപത്തിലും എഴുതിയിരുന്ന ലേഖനങ്ങൾ എന്റെ ശ്രദ്ധയെ ഹഠാദാകർഷിക്കുകയുണ്ടായി. നമ്മിൽ ഭൂരിഭാഗവും മുൻപു് അഗണ്യകോടിയിൽ തള്ളിയിട്ടുള്ളതും ഒരുപക്ഷേ ഇപ്പോഴും നിസ്സാരമായി കരുതുന്നതുമായ ഒരു വിഷയത്തെയാണു് അവർ പരാമർശിച്ചിട്ടുള്ളതു്. ദുഷിച്ച സാഹിത്യമടങ്ങിയ പുസ്തകങ്ങൾ വായിക്കരുതെന്നു് എല്ലാവരേയും ഉപദേശിക്കുവാൻ നാമാരും മടികാണിക്കാറില്ല. പക്ഷെ അതിനുമപ്പുറത്തേക്കു കടന്നുചെന്നു് അവമൂലമുണ്ടാകുന്ന ഉപദ്രവങ്ങൾ എന്തെല്ലാമാണു്, എങ്ങിനെയുള്ളതാണു് എന്നു് അന്വേഷിച്ചറിയുവാനോ ചിന്തിക്കുവാനോ നാം മിനക്കെടാറില്ല. സന്മാർഗ്ഗതത്വങ്ങളേയും ധാർമ്മികമൂല്യങ്ങളേയും ചവുട്ടിത്താഴ്ത്തുന്ന അത്തരം ക്ഷുദ്രകൃതികളോടു് "ഞാൻ വായിക്കുന്നില്ല" എന്ന ഒരു നിവർത്തനനയത്തിൽകവിഞ്ഞ യാതൊന്നുംതന്നെ നാം ചെയ്യാറില്ല. പക്ഷെ നമ്മെക്കൂടാതെ മററനേകർ ഈ ലോകത്തിലുണ്ടെന്നും അവരതു വായിക്കുമെന്നും ധരിച്ചുകൊണ്ടു് അതിനെ ഫലപ്രദമായി നേരിടുവാൻ എത്രപേർ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ടു്? ക്രിസ്തുവിന്റെ പള്ളി പത്രോസാകുന്ന പാറമേൽ പണിതതാണെന്നും ആർ എന്തു ചെയ്താലും അതിനിളക്കം തട്ടുകയില്ലെന്നും അതുകൊണ്ടു് നാം അത്ര പരിഭ്രമിക്കാനൊന്നുമില്ലെന്നും മററും വിചാരിക്കുകയും വാദിക്കുകയും ചെയ്യുന്ന അനേകം കത്തോലിക്കരുണ്ടു് ഈ നാട്ടിൽ. ഈ ഒരു ചിന്താഗതി ധാരാളം മതി കമ്മ്യൂണിസ്റ്റുകൾക്കു വിജയിക്കുവാൻ. സഭയുടെ സന്താനങ്ങളെ അത്ര എളുപ്പത്തിൽ പിടിച്ചിറക്കിക്കൊണ്ടുവരാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയ കമ്മ്യൂണിസ്റ്റുകൾ ബോധപൂർവ്വം എടുത്തിട്ടുള്ളതാണു് ഈ "മരവിപ്പിക്കൽ നയം." അശ്രദ്ധമായ ഈ വൈമുഖ്യമനസ്ഥിതി—സഭയോടും സഭാതത്വങ്ങളോടുമുള്ള ഒരു അലസമനോഭാവം—അതു ധാരാളം മതി നമ്മെ കീഴ്പെടുത്തുവാൻ.

അപ്പോൾ, നമ്മുടെ ആദർശങ്ങൾക്കുവേണ്ടി, അവയെ സംരക്ഷിക്കാൻവേണ്ടി, അത്യദ്ധ്വാനം ചെയ്യേണ്ടതു് നമ്മുടെ കർത്തവ്യമാണു്. ഇന്നു കേരളത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടി അധികാരത്തിൽ വന്നതു് സാഹിത്യത്തിൽക്കൂടിയാണെന്നു പറഞ്ഞാൽ ഇനിയും അതു വിശ്വസിക്കാത്തവർ അധികമുണ്ടാകയില്ലെന്നു കരുതുന്നു. കത്തോലിക്കാസഭയുടെ അരുമസന്താനങ്ങളിൽ പലരും ഇന്നു നിരീശ്വരപക്ഷത്തു് ചേർന്നിരിക്കുകയാണു്. കാരണമെന്താണു്? ചുമ്മാ അങ്ങു ശപിച്ചുതള്ളുകയല്ലാതെ നാം ഇക്കാര്യം കണക്കിലെടുത്തിട്ടുണ്ടോ? അതെ, ആത്മാർത്ഥമായ ഒരു സ്വയപരിശോധന നടത്തേണ്ടസമയം വൈകിയിരിക്കുന്നു. ഇന്നത്തെ പല കമ്മ്യൂണിസ്റ്റു് കഥാകൃത്തുകളും നമ്മുടെ പത്രമാസികകളിൽ തന്നെ ചെറുകഥകൾ എഴുതിയിരുന്ന കാലം നാമാരും മറന്നിട്ടില്ല. അവരുടെ കഴിവുകൾ വികസിച്ചുതുടങ്ങി ഉയർന്നുയർന്നുപോകുവാൻ, സാഹിത്യലോകത്തിൽ ഒരുന്നതസ്ഥാനം കരസ്ഥമാക്കാൻ അവർ ആഗ്രഹിച്ചു. പക്ഷെ അവരെ പ്രോത്സാഹിപ്പിക്കാൻ, അവർക്കു് ധനസഹായം ചെയ്യാൻ ആരും തയ്യാറില്ലായിരുന്നു. "സാഹിത്യംകൊണ്ടെന്തുകാര്യം?" ഇതായിരുന്നു പലരുടേയും മനോഭാവം. തന്ത്രശാലികളായ കമ്മ്യൂണിസ്റ്റുകൾ ഇതു കണ്ടു. തങ്ങൾക്കു തീരെ രുചിക്കാത്ത സാഹിത്യമാണു് ഇക്കൂട്ടർ അന്നു് എഴുതിയിരുന്നതെങ്കിലും കമ്മ്യൂണിസ്റ്റുകൾ അവരെ പ്രോത്സാഹിപ്പിച്ചു, ധനംകൊണ്ടും വാക്കുകൊണ്ടും എല്ലാം. ക്രമേണ ഈ രക്ഷിതാക്കൾക്കു രുചിക്കുന്നവിധത്തിൽ—അതു തികച്ചും സ്വാഭാവികമായിരുന്നു—അവർ സാഹിത്യപ്രവർത്തനം ആരംഭിച്ചു. കത്തോലിക്കനെ നിരീശ്വരനാക്കാൻ ഒരേ ഒരു മാർഗ്ഗമേയുള്ളൂ—അതു് അവനെ പള്ളിയിൽനിന്നും പുരോഹിതനിൽനിന്നും അകററി നിർത്തുക എന്നതാണെന്നു് ഓരോ കമ്മ്യൂണിസ്റ്റുകാരനും മനസ്സിലാക്കിയിരുന്നു. പുരോഹിതന്മാരേയും കന്യാസ്ത്രീകളേയും ചെറുകഥകളിലൂടെയും മററുമായി മുതലാളിത്തദുഷ്പ്രഭുത്വത്തിന്റെ ഏജൻറന്മാർ എന്നുതുടങ്ങി മനുഷ്യലോകത്തിൽ ഏററവും വെറുക്കപ്പെട്ട സൃഷ്ടികൾ എന്നുവരെയുള്ള അഭിധാനങ്ങൾ നൽകി കരിതേച്ചുകാണിക്കുവാൻ ഇന്നു് ഇക്കൂട്ടർ യാതൊരു സങ്കോചവും കാണിക്കുന്നില്ല. നിരാശരായ യുവതികളാണു് കന്യകാലയത്തിൽപ്രവേശിക്കുന്നതെന്നും കന്യാസ്ത്രീകൾ കൂട്ടിലടയ്ക്കപ്പെട്ട അസ്വതന്ത്രരായ ഒരു ഗണമാണെന്നും പുരോഹിതന്മാർ ജനവഞ്ചകരാണെന്നും മററും മററുമുള്ള നിരവധി ആശയങ്ങൾ ചെറുകഥ, നോവൽ, നാടകം ആദിയായവയിൽക്കൂടി അവതരിപ്പിക്കപ്പെടുന്നു. അവർ അന്നു് ബോധപൂർവ്വം ആരംഭിച്ച ആ പ്രസ്ഥാനത്തിന്റെ ഫലമാണു് ഇന്നത്തെ പുരോഹിതവിദ്വേഷം. നിരുപദ്രവികളായ പുരോഹിതന്മാരും കന്യാസ്ത്രീകളും പക പോക്കാൻ വരികയില്ലല്ലോ. മാനമുള്ള മനുഷ്യർ പറയുവാൻ മടിക്കുന്ന അസഭ്യങ്ങൾപോലും ഈ "പുരോഗമന"ക്കാർ ഭാഷാസാഹിത്യത്തിന്റെ പേരിൽ എഴുതിത്തള്ളിക്കൊണ്ടിരിക്കുന്നു.

നാം ഇതറിയുന്നുണ്ടോ? "ഇതു ദുഷിച്ചപുസ്തകമാണു്" എന്നു പറഞ്ഞു് കണ്ണടച്ചിരുന്നാൽ മതിയോ? അവയുടെ ദൂഷ്യഫലങ്ങൾ കാണുകയും, ജനങ്ങളുടെ സന്മാർഗ്ഗനിലവാരത്തെ ഈ ദുഷിച്ച സാഹിത്യം എത്രത്തോളം അധഃപതിപ്പിച്ചിട്ടുണ്ടെന്നു നാം മനസ്സിലാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. എങ്കിൽമാത്രമേ, അവയെ ഉന്മൂലനം ചെയ്യേണ്ടതായ ആവശ്യം നമുക്കനുഭവപ്പെടുകയുള്ളൂ.

സാഹിത്യരംഗത്തു് ഇന്നു മറെറാരു വൈഷമ്യംകൂടി അനുഭവപ്പെടുന്നുണ്ടു്. നമ്മുടെ നാടിന്റെ ദുഷിച്ച പാരമ്പര്യമായ വർഗ്ഗീയവിദ്വേഷമാണതു്. സാഹിത്യലോകത്തിൽ ഒരുതരം ഇടത്തട്ടുകാരുണ്ടല്ലോ—നിരൂപകന്മാർ. ഒരു സാഹിത്യസൃഷ്ടിയുടെ ഗുണാഗുണങ്ങൾ നിശ്ചയിക്കുന്നതു് അവരാണല്ലോ. ഇന്നത്തെ നിരൂപകന്മാരെക്കുറിച്ചു ഓർക്കുമ്പോൾ, 18-ാം നൂററാണ്ടിലെ നിരൂപകന്മാരെക്കുറിച്ചു (ഇംഗ്ലീഷ് സാഹിത്യത്തിലെ) ഒലിവർ ഗോൾഡ്സ്മിത്തു് പറഞ്ഞിട്ടുള്ളതു് ഓർമ്മവരികയാണു്. രാജകൊട്ടാരങ്ങളിലേയും മററും അന്തഃപുരത്തിനു കാവൽനില്ക്കുന്നവരോടാണു് അദ്ദേഹം അവരെ ഉപമിച്ചിട്ടുള്ളതു്. കാരണം തങ്ങളിൽത്തന്നെ സാഹിത്യസൃഷ്ടിക്കു് കഴിവില്ലാത്ത അവർ മററുള്ളവരുടെ കൃതികൾ വിമർശിച്ചു് വിലയിടിക്കാൻ—അതു് സാഹിത്യഗുണം നോക്കിയിട്ടല്ല, അർഹമായവയേയും അനർഹമായവയേയും വിവേചിച്ചറിഞ്ഞിട്ടുമല്ല—കരുതിക്കൂട്ടി പുറപ്പെട്ടിരിക്കയായിരുന്നു. എല്ലാം നിരൂപകന്മാരും അങ്ങനെ ആയിരിക്കും എന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം. പക്ഷെ സാഹിത്യത്തിന്റെ കുത്തകക്കാരായ ഈ "പുരോഗമന"ക്കാരുടെ രക്ഷിതാക്കളായിരിക്കയാണു് ഇന്നത്തെ നിരൂപകന്മാരിലധികവും. അതിനും പുറമെ വർഗ്ഗവൈരാഗ്യവും. എഴുതിയതു് ക്രിസ്ത്യാനിയാണോ, അതു സാഹിത്യമല്ല. എന്നാൽ ആ ക്രിസ്ത്യാനി കമ്മ്യൂണിസ്റ്റാണെങ്കിൽ അവൻ എഴുതിയതു് ഒന്നാന്തരം സാഹിത്യമായി. ഈ പുരോഗമനക്കാരും, വർഗ്ഗീയവാദികളുടേയും നിരീശ്വരന്മാരുടേയും വാലിൽത്തൂങ്ങികളായ ഒരു പററം നിരൂപകന്മാരുംകൂടി ഇന്നു സാഹിത്യം മുഴുവൻ കൈയടക്കിവച്ചിരിക്കയാണു്. ഒരു കത്തോലിക്കാസാഹിത്യകാരനു് അനുഭവപ്പെടുന്ന ഏററവും വലിയ വൈഷമ്യം ഇതാണു്. ഇതിനു ഒരേയൊരു മാർഗ്ഗമേയുള്ളൂ. നമ്മുടെ സമുദായത്തിനു് ഈ വാലിൽത്തൂങ്ങികളെ ആശ്രയിക്കാതെ സ്വന്തം കാലിൽനിന്നുകൊണ്ടു് സാഹിത്യത്തിലൂടെതന്നെ ഈ ദുഷ്പ്രവണതയെ നേരിടാൻ കഴിയണം. നമ്മുടെ സമുദായത്തിന്റെ കാര്യം പ്രത്യേകിച്ചു പറയുവാൻ കാരണമുണ്ടു്. നാമാണു് വർഗ്ഗീയവാദികളുടേയും കമ്മ്യൂണിസ്റ്റുകളുടേയും ഒത്തൊരുമിച്ചുള്ള ആക്രമണത്തിനു് വിധേയരാകുന്നതു്. സാഹിത്യവാസനയുള്ള ഒരുത്തൻപോലും പ്രോത്സാഹനം ലഭിക്കാതെ പോകരുതു്. നമുക്കു നേരിടേണ്ട പ്രതിസന്ധിഘട്ടം അതിഭയങ്കരമാണു്. നിലവിലുള്ള പത്രമാസികകളിൽ പകുതിലും കമ്മ്യൂണിസ്റ്റോ അല്ലെങ്കിൽ കമ്മ്യൂണിസ്റ്റനുഭാവികളോ ആണു് തേർവാഴ്ച നടത്തുന്നതു്. നാം നിഷ്പക്ഷമെന്നു കരുതുന്ന പത്രങ്ങൾപോലും—പേരുപറയാൻ ഞാനാഗ്രഹിക്കുന്നില്ല—അന്ധമായ വർഗ്ഗവിദ്വേഷംമൂലം കമ്മ്യൂണിസ്ററനുഭാവികളായി മാറിയിരിക്കുന്നു. അതെ, മററുള്ളവരെ ആശ്രയിക്കേണ്ട കാലം കഴിഞ്ഞുപോയി; നാം സുശക്തരായിരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

സാഹിത്യത്തെ സാഹിത്യംകൊണ്ടുമാത്രമേ എതിരിടുവാൻ കഴിയൂ. നമ്മുടെ എതിരാളികൾ എല്ലാവിധ പ്രചരണോപാധിക

(ശേഷം 4-ാംപേജിൽ)

Wednesday
October 16
1957


# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 31
No. 10



പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

പീററർ ആഗതനെ സൂക്ഷിച്ചു നോക്കി. ആ മനോഹരരൂപൻ വിതുമ്പിക്കരയുകയാണ്. ഇസ്സന്താപവും കഠിനമായ മനോവേദനയും ആ കോമളമുഖത്തെ മ്ലാനമാക്കിയിരിക്കുന്നു. പീററർ അത്ഭുതപ്പെട്ടു; എന്തായിരിക്കും ഇതിനു കാരണം! അവന്റെ പ്രിയപ്പെട്ട മാലാഖ ദുഃഖിക്കുന്നു. അതവനു സഹിച്ചില്ല. കാരണമറിയുവാൻ അവൻ വെമ്പൽപൂണ്ടു. എന്റെ പ്രിയപ്പെട്ട മാലാഖാ, എന്താണ് നീ ദുഃഖിതനായിരിക്കുന്നതു്. ആരാണ് നിനക്കു മനോവേദനയ്ക്കു കാരണമായതു്. അവനോടു പ്രതികാരം ചെയ്യുവാൻ എന്റെ കൈകൾ തരിക്കുന്നു. അങ്ങു പറഞ്ഞാലും! ആരാണ് അങ്ങെ ദുഃഖിപ്പിക്കുന്നതു്? മാലാഖായ്ക്കു പീററിനോടനുകമ്പ തോന്നി. അവന്റെ അജ്ഞതയെ മാററുന്നതിനും അവൻ ചെയ്ത കുററത്തിന്റെ ഗൗരവത്തെ അവനെ മനസ്സിലാക്കുന്നതിനും മാലാഖാ അവനോടു പറഞ്ഞു:- പീററർ, എന്റെ ദുഃഖത്തിൽ നിനക്കത്ഭുതവും അനുകമ്പയും തോന്നുന്നു. എനിക്കു ദുഃഖകാരണമായ ആളോടു പകവീട്ടുന്നതിനുപോലും നീ സന്നദ്ധനാകുന്നു. ശരി. എന്നാൽ നീ തന്നെയാണ് എന്റെ സങ്കടത്തിനു കാരണക്കാരൻ. പീററർ:- അയ്യോ, ഞാനോ? ഞാനെന്തുചെയ്തു? മാലാഖ തുടർന്നു:- ഞാൻ നിന്റെ കാവൽമാലാഖായാണല്ലോ. എനിക്കു ഒരു ദൗത്യമേ ലോകത്തിൽ നിർവ്വഹിക്കാനുള്ളു; നിന്റെ ഓരോ പ്രവൃത്തികളും ദൈവത്തിനിഷ്ടമുള്ളതാക്കിത്തീക്കുന്നതിനു നിന്നെ സഹായിക്കുക. അതുകൊണ്ടു ഞാനാണ് നിന്റെ ഉള്ളിൽ സദാ നല്ല വിചാരങ്ങൾ തോന്നിപ്പിക്കുന്നതു; നന്മചെയ്യുവാൻ നിന്നെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതു്. എന്റെ നിർദ്ദേശങ്ങളെ അവഗണിച്ചു നീ പ്രവത്തിക്കുമ്പോൾ, ദൈവത്തിനിഷ്ടമില്ലാത്ത പ്രവൃത്തികൾ ചെയ്യുമ്പോൾ എന്റെ ദൗത്യം നിന്നിൽ പരാജയപ്പെടുന്നു. ഇതെനിക്കു സങ്കടകാരണമല്ലേ? അതിൽ ഞാൻ ദുഃഖിക്കുന്നതു ന്യായമല്ലേ? നിന്റെ സൽകൃത്യങ്ങളുടെ വില നീ മനസ്സിലാക്കുന്നില്ല. നിന്റെ ഓരോ സൽകൃത്യവും സ്വർഗ്ഗത്തിൽ ജീവന്റെ പുസ്തകത്തിൽ ഞാൻ രേഖപ്പെടുത്തുമ്പോൾ സ്വർഗ്ഗം മുഴുവനും ആനന്ദിക്കുകയാണ്. കാരണം അതിൽ ദൈവപുത്രന്റെ രക്ഷണീയകൃത്യം സഫലമാകുന്നു. വീണ്ടെടുപ്പിന്റെ ഫലം നിന്നിൽ നിറവേറുകയും ചെയ്യുന്നു. നേരെമറിച്ച് നീ ദൈവേഷ്ടത്തെ നിന്നെ അനുസ്മരിക്കുന്ന എന്റെ സ്വരത്തെ അവഗണിച്ച് നിന്റെ സ്വന്ത ഇഷ്ടത്തെയോ സുഖത്തെയോ പിശാചിന്റെ തന്ത്രങ്ങളേയൊ അനുഗമിക്കുമ്പോൾ ഞാൻ തോൽവിയടയുന്നു. നിന്നെ സംബന്ധിച്ചിടത്തോളം എന്റെ ദൗത്യം പരാജയപ്പെടുന്നു. ദിവ്യഈശോയുടെ തിരുരക്തത്തിന്റെ ഫലത്തെ നീ നിഷ്പ്രയോജനപ്രദമാക്കുന്നു. ഇതിൽ ഏററവുമധികം ദുഃഖിക്കേണ്ടവൻ നീ തന്നെയാണ്. പക്ഷെ നീയതു മനസ്സിലാക്കുന്നില്ല. ഞാനോ, അതു മനസ്സിലാക്കുന്നു. അതുകൊണ്ട് എന്റെ ഹൃദയം ദുഃഖപൂർണ്ണമായിരിക്കുന്നു. ഇപ്പോൾ എന്റെ ദുഃഖകാരണം നിനക്കു മനസ്സിലായോ?

മാലാഖായുടെ ഈ ഉദ്ദേശവാക്കുകൾ ആ നല്ല സുഹൃത്തു നമ്മെ ഓരോരുത്തരേയും അഭിസംബോധനം ചെയ്തു ദിവസത്തിൽ എത്രപ്രാവശ്യം പറയുന്നുണ്ടാകാം! ആരറിഞ്ഞു? നമ്മുടെ ഓരോ ചെറിയ ചെറിയ തെററുകളിലും കുററങ്ങളിലും അതതിന്റെ ഗൗരവത്തിനനുസരിച്ച് ഈ രംഗം ആവത്തിക്കപ്പെടുകയാണ്. ഒരു വാക്ക്, ഒരു നോക്ക്, ഒരു പ്രവൃത്തി, ഒരു മടി, ഒരരിശം, ഒരഹംഭാവം, ഒരു കളിയാക്കൽ ഇങ്ങനെ ഓരോ കാര്യത്തിലും നമ്മുടെ മാലാഖാ ആ രംഗം സസൂക്ഷ്മം പരിശോധിക്കുകയും നമ്മുടെ വിജയാപജയങ്ങളിൽ ആനന്ദിക്കുകയോ ദുഃഖിക്കുകയോ ചെയ്യുകയും ചെയ്യുന്നു. ഇതൊരു ഭാവനയല്ല; ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് കുഞ്ഞനുജന്മാരും കുഞ്ഞനിയത്തികളും അവരുടെ ഓരോ പ്രവൃത്തികളിലും ഇതിൽ ശ്രദ്ധ പതിക്കുന്നതിനു സൂക്ഷിക്കുമോ. നമ്മുടെ നല്ല കാവൽമാലാഖായുടെ സാന്നിദ്ധ്യത്തെ എപ്പോഴും ഓർമ്മയിൽവച്ചു ജീവിക്കുവാൻ നീങ്ങൾ ശ്രദ്ധിക്കുക.

വല്യേട്ടൻ

## 135–ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—വിനോദവീഥി.

## പ്രശ്നം നമ്പർ 136

(ടി. വി. മാത്യു തുമ്പയിൽ
Reg. No. 41)

പ്രപഞ്ചത്തിൽ സകല ചരാചരങ്ങൾക്കും ചൈതന്യം നൽകുന്നതു ഞാനാണ്. എന്റെ ആഗമനത്തിൽ പ്രകൃതി ആനന്ദിക്കുന്നു. എന്റെ അഭാവത്തിൽ അതു ശോകമൂകമാകുന്നു. എന്റെ പേരിനു മൂന്നക്ഷരമേയുള്ളു. ഒന്നാമത്തെ അക്ഷരം സൂക്ഷ്മതയിലുണ്ട്, വൈപുല്യത്തിലില്ല. രണ്ടാമത്തെ അക്ഷരം ഭാര്യയിലുണ്ട്, ഭത്താവിലില്ല. മൂന്നാമത്തെ അക്ഷരം പൊൻപാത്രത്തിലുണ്ട്, വെള്ളിക്കയിലിലില്ല എന്റെ പേരുപറയാമോ?

(ഉത്തരം അടുത്തതിൽ)

## മിഷൻ ഞായർ

(ഡി ദേവസ്യ കപ്പലുമാക്കൽ
Reg. No. 211)

ഒക്ടോബർ 20! മിഷൻ ഞായർ! ഹാ! എത്ര മധുരസമ്പൂർണ്ണമായ നാമം. ആ നാമം ശ്രവിക്കുന്ന മാത്രയിൽ നാം അറിയാതെതന്നെ നമ്മുടെ കരളിന് ഒരു കുളിർമ അനുഭവപ്പെടുന്നു.

ഇന്നു നാം ആചരിക്കുന്ന മിഷൻ ഞായറാഴ്ച എന്തിനുവേണ്ടിയുള്ളതാണ്? ഇന്നു നാം എന്താണ് സ്മരിക്കുന്നതു്? കാൽവരിമലയിൽ വച്ച് ക്രൂശിതനായ ആ ദിവ്യകുഞ്ഞാടിന്റെ വാക്കുകളെ അക്ഷരംപ്രതി നിറവേററുന്നതിനായി സ്വദേശത്തേയും ബന്ധുമിത്രാദികളേയും പരിത്യജിച്ച് വേണ്ടിവന്നാൽ സ്വന്തം ജീവൻകൂടിയും ഈ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി വെടിയുവാൻ തയാറായി ഇവിടെ വന്ന ക്രിസ്തുവിന്റെ പ്രിയശിഷ്യനെയാണ് ഇന്നു നാം ഒന്നാമതായി സ്മരിക്കുന്നതു്. ക്രിസ്തുനാഥൻ തന്റെ പ്രിയശിഷ്യന്മാരോട് "നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുകയും അവരെ ബാവായുടേയും പുത്രന്റേയും റൂഹാദക്കുദശായുടേയും നാമത്തിൽ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുവിൻ" എന്നരുളിച്ചെയ്തു. അതനുസരിച്ച് തന്റെ പ്രിയശിഷ്യരിൽ ഒരാളായ സെൻറ് തോമസ് നമ്മുടെ കേരളക്കരയിൽ വന്നു് ക്രിസ്തുനാഥന്റെ പാവനമായ ഉപദേശത്തെ പ്രസംഗിച്ച് നമ്മുടെ പൂർവ്വികന്മാരെ ക്രിസ്തീയസഭയെ ആശ്ലേഷിക്കുന്നതിന് പഠിപ്പിച്ചു ഈ സുന്ദരമായ സംഗതിയാണ് മിഷൻ ഞായറാഴ്ച നാം സ്മരിക്കുന്നതു്, ഒന്നാമതായി.

ക്രിസ്തുനാഥൻ തന്റെ പ്രിയശിഷ്യരോടായി അരുളിച്ചെയ്ത ആജ്ഞ ശിഷ്യന്മാരുടെ കാലംകൊണ്ട് തീർന്നുപോയി എന്നു നാം തെററിദ്ധരിക്കരുതു്. ശിഷ്യന്മാരുടെ കാലാനന്തരം ആ ഉത്തരവാദിത്വപ്പെട്ട ജോലി, അജ്ഞാനികളെ മാനസാന്തരപ്പെടുത്തുക എന്ന ആ ചുമതല, നമ്മിലേക്ക് കൈമാറപ്പെട്ടിരിക്കുകയാണ്. പക്ഷെ ഇതു മനസ്സിലാക്കാതെ നാം അലസരായി കഴിയുന്നു എന്നുള്ളതു് എത്ര പരിതാപകരമാണ്. ഇതിനു പരിഹാരമുണ്ടാകണം. ഇതാണ് വേദപ്രചാരഞായറാഴ്ചയിലെ രണ്ടാമത്തെ ചിന്താവിഷയം.

മിഷൻവേലചെയ്യുന്നതിനു് കഴിവും മിഴിവും പ്രാപ്തിയും പ്രാഗത്ഭ്യവുമുള്ള യുവതിയുവാക്കന്മാർ നമ്മുടെ നാട്ടിൽ അനേകായിരം ഉണ്ടെന്നുവരികിലും അവരെല്ലാവരും തന്നെ അലസമനോഭാവത്തോടുകൂടി അവരുടെ കത്തവ്യം എന്തെന്നു മനസ്സിലാക്കാതെ മൂകരായിരിക്കുന്നുവെന്നതു് ദയനീയമായ ഒരു സ്ഥിതിയല്ലേ? ഈ പരമാത്ഥം സങ്കടത്തോടുകൂടി പറയാതിരിക്കുവാൻ നിർവാഹമില്ല.

ഓരോ കത്തോലിക്കനും മിഷൻ പ്രവൃത്തനം ചെയ്യുവാൻ കടപ്പെട്ടവനാണ്. എന്നാൽ എല്ലാവക്കും സ്വദേശം വിട്ട് അന്യനാടുകളിൽ പോയി മിഷൻ പ്രവത്തനം ചെയ്യുവാൻ സാധിക്കുകയില്ല. എങ്കിലും സ്വന്തം വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ മാനസാന്തരവേല ചെയ്യുവാൻ ആക്കാണു സാധിക്കാത്തതു്. മിഷൻ പ്രവത്തനത്തെ—മാനസാന്തരവേലയെ—നമുക്ക് എപ്രകാരം സഹായിക്കാം? പ്രാത്ഥന, പ്രവത്തനം, ദാനം എന്നിവയാണല്ലോ വേദപ്രചാരത്തെ സഹായിക്കുവാനുള്ള പ്രധാനമാർഗ്ഗങ്ങൾ. പ്രവത്തനം ചെയ്യുവാൻ എല്ലാവക്കും സാദ്ധ്യമല്ലെങ്കിലും പ്രാത്ഥന, ദാനം എന്നിവ ആക്കാണ് ചെയ്യുവാൻ സാധിക്കാത്തതു്?

## വിനോദവീഥി

ഭാര്യ:- ഞാനെപ്പോഴും എന്റെ വാക്കുകളെ നല്ലവണ്ണം തൂക്കിയേ എന്തും പറയാറുള്ളു. വായിൽ വന്നതെല്ലാം പറയുന്ന സ്വഭാവം എനിക്കില്ല

ഭത്താവ്:- അതുതന്നെയാണ് ഞാനും പറയുന്നതു്. തൂക്കം കുറഞ്ഞ ഒരു വാക്കെങ്കിലും നിന്നിൽ നിന്നു കേൾക്കാൻ സാധിക്കാത്തതാണ് എന്റെ കഷ്ടകാലം.

x x x

ഡോക്ടർ:- നിങ്ങളുടെ ഭത്താവിനു നിങ്ങൾ കടുപ്പംകൂടിയ പാനീയങ്ങൾ കൊടുക്കരുതു്. അദ്ദേഹത്തിന്റെ രോഗം അതുകൊണ്ടു കോപിക്കും. കാപ്പി കൊടുക്കുന്നതിലും ഇക്കാര്യം ശ്രദ്ധിക്കണം.

സ്ത്രീ:- എന്റെ യജമാനനേ, അദ്ദേഹത്തിനു കടുപ്പംകൂടിയ കാപ്പിയേ വേണ്ടു അല്പം കടുപ്പം കുറഞ്ഞുപോയാൽ അപ്പോഴേ കോപിച്ചുകഴിയും.

x x x

പിതാവ്:- ജോസ്, നീ എപ്പോഴും ക്ലാസിലെ അവസാനസ്ഥാനത്തിരിക്കുന്നതാണല്ലൊ ഞാൻ കാണുന്നതു്. നിനക്കു നാണമില്ലേ, എന്നും ഈ കിടപ്പുകിടക്കാൻ, മണ്ടനായിട്ട്?

ജോസ:- അപ്പച്ചാ, അതിൽ വ്യത്യാസമൊന്നുമില്ല. എല്ലാ അററത്തുള്ളവരേയും ഒരുപോലെയല്ലേ സാർ പഠിപ്പിക്കുന്നതു? പിന്നെന്താ?

x x x

ഭാര്യ:- നിങ്ങളെ കല്യാണം കഴിച്ചപ്പോൾ ഞാനൊരു വിഡ്ഢിത്തമാണു ചെയ്തതു്.

ഭത്താ:- നീയൊരു വിഡ്ഢിയാണെന്നറിഞ്ഞിരുന്നെങ്കിൽ ഞാനിതിനു തയാറാകുമായിരുന്നോ?

x x x




"നിങ്ങൾ ഇന്നലെ എവിടെയായിരുന്നു ശങ്കരപ്പിള്ളേ! ഛെ്ഛ, നിങ്ങൾ മറോതെങ്കിലും പുള്ള പറഞ്ഞാൽ മതിയായിരുന്നല്ലോ. ഞാൻ അവധി അനുവദിച്ചുതരുമായിരുന്നല്ലൊ!"

x x x




"ഇന്നു തീർച്ചയായും മഴ പെയ്യില്ല വാസു, ഞാൻ പന്തയം കെട്ടാം."

"ഇന്നു തീർച്ചയായും മഴ പെയ്യും ചേട്ടാ, പത്തുരൂപ പന്തയം."

"എന്നാൽ നിന്റെ ആ കുട ഒന്നിങ്ങുതാ. എന്റേതു വണ്ടിയിൽവച്ചു മറന്നുപോയി."

## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

| Reg. No. | |
|---|---|
| 211 | ദേവസ്യാ ഡി. കപ്പലുമാക്കൽ, ചേന്നാട് |
| 212 | കെ. എസ്. തോമസ് കരിന്തുംമൂട്, കുറുമ്പനാടം |
| 213 | കെ. ജെ. തോമസ് കുന്നക്കോട്ട്, തുടങ്ങനാട് |
| 214 | പി. ടി. ജേക്കബ്ബ് പുളിക്കൽ, വല്ലാച്ചിറ |
| 215 | സി. തോമസ് ചക്കനാട്ട്, കാട്ടിക്കുന്നു, പൂത്തോട്ട |

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-1